T-62
P59

ചിദാനുഭവ നാടകം.



T62
P59

വില ചക്രം ൧.

Pray for the Donor.
8. 10. 36.
XVIII - 48
210

†

J. M. J.

പീഡാനുഭവ നാടകം.

HOUSE OF STUDIES T.O.C.D. MANGALORE

'Jnto us a son is given'

(നമുക്ക് ഒരു കുമാരൻ നൽകപ്പെട്ടിരിക്കുന്നു)

എന്ന ഒരു, ഇംഗ്ലീഷ് കൃതിയുടെ

സ്വതന്ത്ര തർജ്ജമ.

DHARMARAM COLLEGE LIBRARY, BANGALORE. 3906
DEFINITORY T. O. C. D. No. 4848 LIBRARY. CANCELLED
T.62
P59

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1935.

Imprimatur.

† JAMES KALACHERRY,
Bp. of Changanacherry.

Changanacherry,
2 — 3 — 1935.

DEFINITORY No. LIBRARY.

പ്രസ്താവന.

"Unto us a Son is given" എന്ന അഭിധാനത്തിൽ ഇംഗ്ലീഷിൽ എഴുതപ്പെട്ടിട്ടുള്ള ഒരു പീഡാനുഭവ നാടകത്തിന്റെ പരിഭാഷയാണു് ഈ ചെറുകൃതി. മദ്ധ്യശതകങ്ങളിൽ യൂറോപ്പിലെ പല രാജ്യങ്ങളിലും വിശിഷ്യ ഇംഗ്ലണ്ടിലും 'Miracle plays' എന്നും 'Mystery plays' എന്നും അറിയപ്പെടുന്ന മതപരനാടകങ്ങൾ പരക്കെ അഭിനയിക്കപ്പെട്ടിരുന്നു. പല ആഴ്ചവട്ടങ്ങൾ ദീർഘിച്ചിരുന്ന ഈ അഭിനയങ്ങൾ വൈദികരുടെ മേൽ നോട്ടത്തിലും വ്യവസായസംഘങ്ങളുടെ പരിശ്രമത്താലും അത്രെ നടത്തപ്പെട്ടിരുന്നതു്. മതതത്വങ്ങളും വേദപുസ്തകത്തിലെ സംഭവങ്ങളും ആബാലവൃദ്ധം ജനങ്ങൾ ഗ്രഹിച്ചു ആസ്വദിക്കുന്നതിനു ഒരു മാർഗ്ഗമായിട്ടാണു ഇവ ഏർപ്പെടുത്തപ്പെട്ടിരുന്നതെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്. അക്കാലത്തു ജനങ്ങളുടെ ഇടയിൽ അക്ഷരാഭ്യാസം കുറവായിരുന്നുവെന്നും അച്ചടിവിദ്യ കണ്ടുപിടിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നും കൂടെ നാം സ്മരിക്കുമ്പോൾ മതപാഠനം നൽകുന്നതിനു സഭക്കുണ്ടായിരുന്ന ഉൽക്കണ്ഠ വ്യക്തമാകും.

എന്നാൽ ൧൫-ാം ശതാബ്ദത്തിൽ ഉണ്ടായ വിപുലങ്ങളായ നവീന കണ്ടുപിടിത്തങ്ങൾ, പുരാതന ഗ്രേക്കരുടെയും റോമ്മാക്കാരുടെയും നാഗരീകത, സാഹിത്യങ്ങളുടെ പുനരുദ്ധാരണം, വ്യവസ്ഥാപിതമതത്തെ പാടെ ഇളക്കുന്ന നവീന മതപ്രബോധനങ്ങൾ, മുതലായവ ജനതാമദ്ധ്യേ സർവ്വവ്യാപകമായ ഒരു പരിവർത്തനം തന്നെ ഉളവാക്കി. ഇക്കൂട്ടത്തിൽ മതാത്മകനാടകങ്ങൾ പാടെ ബഹിഷ്കൃതങ്ങളാകയും തൽസ്ഥാനത്തു ഭൗതി

ക വിഷയങ്ങളെ ആസ്പദമാക്കി വിശേഷ സാഹിത്യഗുണങ്ങളാൽ അലംകൃതങ്ങളായ നാടകങ്ങൾ സ്ഥാപിതങ്ങളാകയുംചെയ്തു.

മദ്ധ്യശതാബ്ദങ്ങളിൽ നടപ്പിലിരുന്ന മതാത്മക നാടകങ്ങളിൽ ഒന്നാണ് ഇന്നു ലോകപ്രസിദ്ധമായ 'ഓബർ അമർഗോയിലെ' കഷ്ടാനുഭവനാടകം. ഈ അഭിനയത്തിന്റെ കീർത്തിക്കുള്ള കാരണം സാഹിത്യപരമായ അതിന്റെ വിശേഷ ഗുണങ്ങളാണെന്നു തോന്നുന്നില്ല. പ്രത്യുത ലോകചരിത്രത്തിൽ കേന്ദ്രസ്ഥാനം വഹിക്കുന്ന ഏററം വലിയ സംഭവത്തെ അപ്പടി പ്രദർശിപ്പിക്കുന്നതിനുള്ള ശ്രമവും നടീനടന്മാരിൽ കളിയാടുന്ന അതിശ്രേഷ്ഠമായ മതബോധവും അഭിനയിക്കുന്ന ഉത്തമ പാത്രങ്ങൾക്കു അനുയോജ്യമായി ജീവിക്കണമെന്നുള്ള അവരുടെ ആദർശ മാഹാത്മ്യവുമാണു ഈ നാടകത്തിന്റെ വിജയരഹസ്യം. മതബോധത്തിൽ ഉത്ഭവിച്ചു, മതതീക്ഷ്ണതയാൽ പരിപോഷിക്കപ്പെട്ടു സർവോപരി മതബോധത്തെ മുൻനിർത്തി അഭിനയിക്കപ്പെടുന്ന ആ വിശിഷ്ട നാടകാഭിനയത്തിന്റെ മാഹാത്മ്യം അജയ്യമായിതന്നെ ഇരിക്കുന്നു.

ഉത്തമ ക്രിസ്ത്യാനികൾ അതിപൂജ്യമായി കരുതുന്ന അവരുടെ മതത്തിലെ ഏററം പാവനമായ വിഷയങ്ങളിൽ ഒന്നാണ് ക്രിസ്തുവിന്റെ കഷ്ടാനുഭവം. ഭക്തിസംവർദ്ധനത്തിനല്ലാതെ സാഹിത്യ ഗുണരസത്തിനായി ഇത്തരം ഉന്നത വിഷയങ്ങൾ ഉപയോഗിക്കപ്പെടുന്നതു ഉത്തമ ക്രിസ്ത്യാനികൾക്കു മർമ്മഭേദകമായിരിക്കും. തങ്ങളുടെ മതബോധത്തിന് ഹാനിവരുത്താതിരിക്കുന്നതിനുവേണ്ടി ആദ്യക്രിസ്ത്യാനികൾ ചില മതതത്വങ്ങളെ അന്യമതസ്ഥരിൽനിന്നു ഗോപനം ചെയ്തിരുന്നതിനെ സ്മരിക്ക. സാഹിത്യഗുണങ്ങളെല്ലാം പ്രദർശിപ്പിക്കുന്നതിനു പററിയ വിഷയങ്ങൾ വേദപുസ്തകത്തിലും സഭാചരിത്രത്തിലും ധാരാളമുണ്ട്. വിശ്വാസത്തിനൊ സന്മാർഗ്ഗത്തിനൊ ഹാനികരമല്ലാത്ത

വിധത്തിൽ സാധാരണമതവിഷയങ്ങളെ ആസ്പദമാക്കി ആരെങ്കിലും നാടകങ്ങൾ രചിക്കുന്നതിൽ ആർക്കും വിരോധമുണ്ടാകയില്ല. എന്നാൽ അതിപാവനമായ വിഷയങ്ങളെ എടുത്തു സാഹിത്യമെന്നപേരിൽ പന്താടുന്നതും അതിൽ സഹകരിക്കുന്നതും വിശാലഹൃദയത്വമെന്ന ഭാവത്തിൽ ഈദൃശശ്രമത്തെ അഭിനന്ദിക്കുന്നതും 'അന്ധകാരശക്തിയുടെ വൈഭവ'മെന്നേ പറവാനുള്ളു.

ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളുടെ പ്രദർശനം അതിമംഗലമായ ആരാധന, സ്നേഹം, സഹതാപം, മനസ്താപം ആദിയായ ഹൃദയവികാരങ്ങളെ നടന്മാരിലും കാണികളിലും ഉല്ലാദിപ്പിക്കുന്നതിനു ഉപയുക്തമായെങ്കിൽ മാത്രമെ യഥാർത്ഥ ക്രിസ്ത്യാനികൾ അതിനെ ശ്ലാഘിക്കയുള്ളു.

എത്രയും പരിമിതമായ സ്ഥിതിയിലെങ്കിലും ഈ ഉദ്ദേശം സാധിക്കുമെന്ന പ്രതീക്ഷയോടുകൂടെ ആണു ഈ ചെറുപുസ്തകം ഭാഷാന്തരം ചെയ്യുന്നതിനു ഞാൻ ഉദ്യമിച്ചതു്. എൻെറ ഈ ശ്രമത്തിൽ എന്നെ പലരും വളരെ സഹായിച്ചിട്ടുണ്ടു്. അവരോടു എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ദൈവപുത്രനായ ക്രിസ്തുവിൻെറ ഭാഗം ഈ നാടകത്തിൽ വിട്ടുകളഞ്ഞിരിക്കുന്നതും തൻെറ പ മാതാവു് യാതൊന്നും സംസാരിക്കുന്നതായി കാണിക്കാത്തതും അവരോടുള്ള ബഹുമാനം മൂലവും അതിപൂജ്യമായ അവരുടെ ഭാഗം അഭിനയിക്കുന്നതു വളരെ പ്രയാസമുള്ള സംഗതിയായി കരുതുകയാലും ആണ് എന്നു ന്യായമായി വിചാരിക്കാം.

മനുഷ്യകുല പരിത്രാണകൃത്യമായ മിശിഹായുടെ കുരിശുമരണത്തിൻെറ ൧൯-ാം ശതാബ്ദപൂർത്തിയുടെ അതിവിനീത സ്മാരകമായി ഈ ഭക്തനാടകവിവർത്തനത്തെ ലോകരക്ഷകൻെറ തൃപ്പാദങ്ങളിൽ സാദരം സമർപ്പിക്കുന്നു.

ഭാഷാന്തരത്തിലുള്ള അനവധി ന്യൂനതകളെ വായനക്കാർ ക്ഷമിപ്പാറാകണമെന്നും സഹൃദയന്മാർ തിരുത്തിത്തരുവാറാകണമെന്നും സവിനയം അപേക്ഷിക്കുന്നു.

"ഈശോ മ്ശിഹായെ! നിന്നെ ഞങ്ങൾ ആരാധിച്ചു വണങ്ങി നിനക്കുസ്തോത്രം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നിൻെറ വിശുദ്ധ കുരിശാലെ ലോകത്തെ നീ വീണ്ടുകൊണ്ടു."

26, February, 1935.
Feast of the Passion of Jesus.
Alwaye.

പരിഭാഷകൻ.

HOUSE OF STUDIES, T.O.C.D. MANGALORE

മുഖവുര.

സമാധാനം നമ്മിൽ എല്ലാവരിലും നിവസിക്കട്ടെ! മിശിഹായെ നാഥനായി അംഗീകരിക്കയും താൻ എങ്ങിനെ തന്റെ ജീവിതവും മരണവും മൂലം പാപപാശങ്ങളിൽനിന്നു മനുഷ്യവർഗ്ഗത്തെ പരിത്രാണനം ചെയ്തുവെന്നു ദർശിക്കയും ചെയ്യുന്ന വിശ്വാസ്തഹൃദയങ്ങളിൽ താൻ ജനിപ്പിക്കുന്ന ആ സമാധാനം തന്നെ. നമ്മുടെ ആദിമാതാപിതാക്കൾ നിർമ്മിച്ച ആ ചങ്ങലകൾ ഇതാ! സ്നേഹത്തിന്റെ ശക്തിയുള്ള ഭുജത്താൽ തകർക്കപ്പെട്ടു കിടക്കുന്നു. ഹാ! തന്റെ തിരുമുഖം എങ്ങിനെ ഒരു ദീപംപോലെ വിളങ്ങി ശോഭിക്കുന്നു! തന്റെ സ്നേഹം അഗ്നിപോലെ ജ്വലിക്കുന്നതിനെ കണ്ടാലും! തലമുറതോറും തന്റെ സുവിശേഷം ശംഖുവിളിപോലെ ധ്വനിക്കുന്നതിനെ ശ്രവിപ്പിൻ. എന്നാൽ ഉയരങ്ങളിൽനിന്നുള്ള പ്രഭാത സൂര്യനെ നോക്കി നോക്കി കണ്ണുവേദനയെടുത്തിരുന്ന കാളരാത്രിയുടെ ഒരു കാലമുണ്ടായിരുന്നു. എങ്കിലും മനുഷ്യഹൃദയങ്ങൾ അധൈര്യപ്പെട്ടു് നശിക്കാതിരിപ്പാൻ വേണ്ടി പ്രവാചകന്മാരുടെ എരിയുന്ന ചുണ്ടുകൾ വഴി ദൈവം തന്റെ ഏകജാതന്റെ നിശ്ചയമുള്ള ആഗമനത്തെ മുന്നറിയിച്ചിരുന്നു. പാപത്തെക്കുറിച്ചു മരണമടഞ്ഞ ആബേൽ തുടങ്ങിയുള്ള തന്റെ സാദൃശ്യങ്ങൾ രക്തപൂർണ്ണമായ തന്റെ പരമബലിയെ മുൻകൂട്ടി വിളിച്ചറിയിച്ചിരുന്നു. എങ്ങിനെ എന്നാൽ ആബേലിന്റെ രക്തം ചിന്തലും ഹാവായുടെ കണ്ണുനീർ പ്രവാഹവും മുതൽ "പിതാവെ! മാപ്പുനൽകുക" എന്ന അഭയശബ്ദം ഗൊൽഗൊത്താ മലമേൽ കാണപ്പെട്ട അന്ധകാരത്തെ ഭഞ്ജിച്ചു കേൾക്കപ്പെടുകയും നമുക്കായി പറുദീസായുടെ വാ

തിലുകൾ വീണ്ടും തുറക്കപ്പെടുകയും ചെയ്യുവരെ മിശിഹായുടെ കരിശു ലോകചരിത്രത്തിൽ നിഴലിക്കുന്നതിനു ദൈവം ചിത്തമായി. തങ്ങളുടെ അനുഭവത്തിലുള്ള സംഗതികളെക്കുറിച്ചു തന്നെ മനുഷ്യർ ചിലപ്പോൾ സ്വപ്നത്തിൽ ആഗ്രഹിക്കയും ദീർഘശ്വാസം വിടുകയും ചെയ്യാറുണ്ട്. ഇപ്രകാരം തന്നെ നാമും ഈ വിനീത അഭിനയത്തിൽ മ്ശിഹായുടെ വരവിനെ ഉൽക്കണ്ഠാപൂർവ്വം എതിർ പാർത്തിരിക്കുന്നതായാൽ, അടയാളങ്ങളും സാദൃശ്യങ്ങളും മാറി പിതാവു മരണത്തിനു ഏല്പിച്ച പുത്രൻെറ ക്രൂശിക്കപ്പെട്ട പ്രതിമ നമ്മുടെ കണ്ണുകൾക്കു കടശി ദൃശ്യമാകും.

കഥാപാത്രങ്ങൾ.

മിഖായേൽ (അതിദൂതൻ), ആദം, അവ്വാ, കായ്യൻ, ആബേൽ, നിക്കദേമ്മോസു, എസ്തേർ, വെറോനിക്കാ, മറിയം മഗ്ദലേനാ, അറിമത്തായക്കാരൻ യൗസേപ്പ്. പത്രോസു, മാതാവു, മറിയം, (അവളുടെ സഹോദരി)ക്ലെയൊപ്പാമറിയം, ശിഷ്യനായ യോഹന്നാൻ, ശതാധിപനായ ലൊങ്കിനോസ്, പീലാത്തോസു, ഒരു മൂപ്പൻ, ഒരു ആചാര്യൻ, ഹേറോദേസ്, പ്രൊക്കുലാ (പീലാത്തോസിൻെറ ഭാര്യ.), റോമൻപടയാളികൾ, യൂദപ്രമാണികൾ, ഒരു കുട്ടി, ഒരു ദൂതൻ.

XVIII - 48
2110

നമുക്കു് ഒരു കുമാരൻ നൽകപ്പെട്ടിരിക്കുന്നു.

ഒരു പീഡാനുഭവനാടകം.

ഒന്നാം അങ്കം.

രംഗം ൧.

ദൎശനം.

(മൂന്നു പ്രാവശ്യം ചേങ്ങലകൊട്ടുന്നു. തിരശ്ശീലമാറി കാഴ്ച ദൃശ്യമാകുന്നു. വനപ്രദേശം— ഇടത്തുവശത്തെ കോണിൽ നല്ല വെളിച്ചത്തു മിഖായേൽ തിളങ്ങുന്ന വാളുപിടിച്ചു നില്ക്കുന്നു. നിഴലുള്ള വലത്തു ഭാഗത്തു ആദവും അവ്വായും ഭയന്നു ഓടുന്നു.)

തിരശ്ശീല.

(വനം— ക്ഷീണിച്ചു നിരാശയിൽ ആണ്ടു അവ്വാ വലത്തുഭാഗത്തു നില്ക്കുന്നു. നടുഭാഗത്തായി ആദം ദയതുകി അവളെ നോക്കുന്നു.)

അവ്വാ— സഹിക്കവയ്യാ. ആദം! സഹിക്കവയ്യാ. നമുക്കു അല്പനേരം ഒന്നു ആശ്വസിക്കാം. ഒന്നു വിശ്രമിച്ചശേഷം എല്ലാം മറന്നുകളയാം. എന്റെ പാപത്തിന്റെ ഭാരംകൊണ്ടു എന്റെ തോളുകൾ ഒടിയുന്നു. ഒരു ചങ്ങലപോലെ അവ എന്റെ കാലടികളെ തടയുന്നു. (അവൾ നിൎത്തിട്ടു അയാളുടെ നേരെ നോക്കുന്നു.) എന്റെ ആദമെ! നിനക്കു സഹായവും ആശ്വാസവും ആകുന്നതിനു പകരം നിന്റെ ശാപത്തിനും നാശത്തിനും വേണ്ടി ദൈവം നിന്നിൽ നിന്നു എന്നെ മനഞ്ഞതെന്തിനു?

ആദം— ഛേ! അപ്രകാരം പറയരുതു്. പാപം ചെയ്തതു് ഞാൻ തന്നെ. അതിന്റെ ഫലങ്ങളും എനിക്കു്.

അവ്വാ— പറുദീസായുടെ മഹിമകൾ ഒരു വിധം പ്രതിബിംബിക്കുന്ന ഒരു നന്ദാവനം നമുക്കു ഇവിടെ ഉണ്ടാക്കാം— അസ്തമാനസൂൎയ്യൻെറ കിരണങ്ങൾ മങ്ങിപ്പോയാലും. പറുദീസാ നമ്മുടെ പിമ്പിൽ കിടക്കുന്നു. പക്ഷെ നമുക്കിപ്പോൾ ജീവനുണ്ടു്. ഇനിയും ജീവിക്കുമെന്നു ശരണവുമുണ്ടു്. (അവൾ ആദത്തിൻെറ നേരെ തിരിഞ്ഞു മന്ദഹസിക്കുന്നു) ഇനിയും നമുക്കു ആയുസ്സു ശേഷിച്ചിട്ടുണ്ടു്. എല്ലാം വിസ്മരിച്ചുകളയുക.

ആദം— ഈ സമയത്താണു് അദ്ദേഹം എന്നോടുകൂടെ തോട്ടത്തിൽവെച്ചു ഉലാത്തിയിരുന്നതു്.

അവ്വാ—(അയാളിൽ നിന്നു അകന്നുമാറിക്കൊണ്ടു)ഹാ!

ആദം— അവ്വായെ! നമുക്കു ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കയില്ല. നൈൎമ്മല്യത്തിൻെറ ഓൎമ്മയിലല്ലാതെ പാപത്തിൽനിന്നു രക്ഷയില്ല. എല്ലാ സംഗതികളും നവീകരിക്കപ്പെട്ടുമെന്നുള്ള ആശയാൽ നാം ധൈൎയ്യപ്പെടണം .... ദൈവമായ കൎത്താവു സൎപ്പത്തോടു 'നിൻെറയും സ്ത്രീയുടെയും അവളുടെ സന്തതിയുടെയും നിൻെറ സന്തതിയുടെയും മദ്ധ്യേ ഞാൻ ശത്രുതവെക്കും' എന്നു അരുളിയതിൻെറ അൎത്ഥമെന്തായിരിക്കാം. സാത്താൻെറമേലും നീ വഞ്ചിതയായി വീണ തിന്മമേലും നമുക്കു ഇപ്പോൾ അജ്ഞാതമായ ഒരു വിധത്തിൽ നീ ജയം പ്രാപിക്കും. ദൈവം നമ്മേയും നമ്മുടെ സന്തതികളേയും പാപത്തിൻെറ കഷ്ടപ്പെട്ടു അടിമത്തത്തിൽനിന്നു നിശ്ചയമായും സ്വതന്ത്രരാക്കും. ഇതായിരിക്കണം അതിൻെറ അൎത്ഥം. ഈ ഉറപ്പുള്ള ശരണത്തിൽ നമുക്കു ആശ്വസിക്കാം.

(അവർ കുറെനേരം വിശ്രമിക്കുന്നു. പ്രകാശം ക്രമശഃ മങ്ങുന്നു. ഈ രംഗത്തിൻെറ അവസാനംവരെ നേരിയ ശ്രുതി വായിക്കുന്നു.)

അവ്വാ— (ഭയന്നു ഞെട്ടി എഴുന്നേല്ക്കുന്നു.) അതു എന്തായിരുന്നു? ആദമേ! എഴുന്നേല്ക്കു, എൻെറ ഹൃദയം ഭയവിഹ്വലമായി തീൎന്നിരിക്കുന്നു.

No. LIBRARY.

ആദം— എന്താണ്? നിനക്ക എന്തു സംഭവിച്ചു?

അവ്വാ— എനിക്ക ഒരു സ്വപ്നം ഉണ്ടായി; അതിൽ ഞാൻ സകലവും കണ്ടു.

ആദം— അതു ഒരു സ്വപ്നം മാത്രമാണ... കിടന്ന ആശ്വസിക്കു.

അവ്വാ— പക്ഷെ അതു ഒരു ദർശനം കൂടെയുമാണ്. പകലിൻെറ പ്രകാശം ബോധത്തിൽനിന്ന ഉപായേന പല വാസ്തവസ്ഥിതികളെയും മറയ്ക്കുന്നു.— ആദം! ഞാൻ എല്ലാം കണ്ടു. കറുത്തു ഇരുണ്ടതെങ്കിലും തെളിവായ കാഴ്ച.

ആദം— നീ കണ്ടതെന്താണ?

അവ്വാ — ഞാൻ പാപത്തെകണ്ടു— പാപത്തെയും അതിൻെറ സകല അനിഷ്ടഫലങ്ങളെയും— ഭൂമിയുടെ അന്തർഭാഗത്തിൽ നിന്ന കറുത്ത ഭയങ്കര കോലങ്ങൾ പുറപ്പെടുന്നതായി ഞാൻ കണ്ടു— ദുഷ്ടത പതിനായിരം രൂപങ്ങൾ ധരിച്ചു, മനുഷ്യരുടെ ഇടയിൽ പ്രവേശിച്ചു— പെരുകി—വർദ്ധിക്കുന്നതിനെ— ഞാൻ—കണ്ടു— അയ്യോ കഷ്ടം! ഇത്ര നീചസന്തതിയുടെ അമ്മയാകുന്നതിന ഞാൻ നിർമ്മിക്കപ്പെട്ടല്ലോ— (നിർത്തീട്ടു താഴ്ന്നസ്വരത്തിൽ പറയുന്നു) ഓ! ആദമേ! മനുഷ്യരുടെ ഇടയിൽ ഏററം ഭംഗിയും നിർമ്മലതയുമുള്ള കുഞ്ഞുങ്ങൾപോലും ആ ഭയങ്കര രൂപങ്ങളുടെ ശ്വാസമേററ ക്ഷണത്തിൽ വാടിപ്രാകൃതമാകുന്നതിനെ ഞാൻ കണ്ടു.

ആദം— ഇതിൽ നിന്ന ആരും രക്ഷപെട്ടില്ലേ?

അവ്വാ— ഉവ്വ്— ഒരാൾമാത്രം— ദൈവത്തിൻെറ കരങ്ങൾ എന്നെ സൃഷ്ടിച്ചപ്പോൾ എനിക്കുണ്ടായിരുന്ന ഭംഗിയും നൈർമ്മല്യവും ലഭിച്ചിട്ടുള്ള എന്നെപ്പോലെ ഒരു സ്ത്രീമാത്രം— അവളുടെ പക്കലും ആ സർപ്പം—സാത്താൻ— സമീപിച്ചു. എന്നാൽ തോട്ടത്തിൽ വെച്ചു എൻെറ പക്കൽ വന്നതുപോലെ അല്ല. ദൈവമായ കർത്താവു അരുളിച്ചെയ്തപ്രകാരം അതിൻെറ ഉദരത്തിന്മേൽ ഇഴഞ്ഞുകൊണ്ടത്രെ— അവൻ അവളുടെ പക്കൽ അടുത്തു അവൻെറ

വിഷംകലൎന്ന തല ഉയൎത്തി– എന്നാൽ ആ സ്ത്രീ– എന്റെ മകൾ– രണ്ടാമത്തെ അവ്വാ– അശേഷം ഭയപ്പെടാതെ ദൈവം അവൾക്കു നൽകിയ ധൈൎയ്യത്തോടെ കാലുപൊക്കി അവന്റെ തലയെ ചവിട്ടി ചതച്ചു പൊടിയിൽതാഴ്ത്തി.(അല്പംനിൎത്തിയിട്ടു്)അവളുടെ കയ്യിൽ അവൾ ഒരു കുഞ്ഞിനെയും പിടിച്ചിരുന്നു.

ആദം (ഇടയ്ക്കു പറയുന്നു.) ആ രണ്ടാമത്തെ ആദം– നിശ്ചയമായും ദൈവവാഗ്ദാനത്തിന്റെ ഉപകരണങ്ങളേയും മനുഷ്യപരിത്രാണത്തിന്റെ മാൎഗ്ഗങ്ങളെയുമത്രെ നീ നിന്റെ സ്വപ്നത്തിൽ കണ്ടതു്. അവ്വായെ! എന്റെ പ്രേമപത്നി! സമാധാനമായിരിക്കൂ. രണ്ടാമത്തെ അവ്വായേയും ദൈവം നിശ്ചയിച്ചിരിക്കുന്ന കാലത്തു അവളിൽനിന്നു പിറന്നു സകലത്തേയും നവീകരിക്കുവാനിരിക്കുന്ന രണ്ടാമത്തെ ആദത്തേയും ഭാവിജനങ്ങൾ കാണുകയും അറിയുകയുംചെയ്യും നിശ്ചയം. (സംഗീതം അവസാനിക്കുന്നു. പ്രകാശം വൎദ്ധിക്കുന്നു.) ഇതാ! സൂൎയ്യൻ ഉദിച്ചുപൊങ്ങിയിരിക്കുന്നു. അനുദിന വേലക്കുള്ള ദൈവത്തിന്റെ വിളിയാണിതു്.

തിരശ്ശീല.

രണ്ടാം രംഗം.

(വനംതന്നെ– അവ്വാ ഭക്ഷണം പാകം ചെയ്യുന്നു– ആദം ഇടത്തുനിന്നു പ്രവേശിക്കുന്നു– താഴെ വരുന്ന സംഭാഷണവേളയിലും അവ്വാ അവളുടെ ജോലി തുടരുന്നു–ഇടയ്ക്കിടെ നിൎത്തുന്നുമുണ്ടു്– ആദം സ്റ്റേയിജിൽക്കൂടെ നടക്കുന്നു.)

അവ്വാ— ആദം! നിങ്ങൾ വളരെ ക്ഷീണിച്ചിരിക്കുന്നു. വല്ലതും വന്നു കഴിച്ചു ശക്തിപ്രാപിച്ചാലും.

ആദം— എനിക്കു ക്ഷീണമുണ്ടു്. എന്നാൽഎന്റെ ക്ഷീണംതന്നെ എനിക്കു വിശ്രമവും സമാധാനവും നൽ

കുന്നു. എന്റെ നെററിയിലെ വിയപ്പ് എന്റെ ആത്മാവിന്ന തൈലമാകുന്നു. കർത്താവായ ദൈവം എനിക്കു നൽകിയ പ്രായശ്ചിത്തം നന്നേ ലഘുവാണെന്നുതോന്നുന്നു. അതു നിർവ്വഹിക്കുന്നതിൽതന്നെ എനിക്കു സന്തോഷംപോലും തോന്നുന്നു- (നിർത്തീട്ടു) പക്ഷെ ചിലപ്പോഴൊക്കെ എനിക്കു ആശങ്കകളും തോന്നാറുണ്ട്.

അവ്വാ—എന്തു! ആശങ്കയൊ? എന്താണിനിഭയപ്പെടാനുള്ളതു്? ജ്വലിക്കുന്ന വാളുപിടിച്ചു മിഖായേൽ പറുദീസായിൽനിന്നു ആട്ടിഓടിച്ച ഭയങ്കരദിവസം കഴിഞ്ഞുപോയല്ലൊ. എന്റെ വേദനകൾ- നിങ്ങളുടെ വേലകൾ- ഇവയെല്ലാം നാം അനുഭവിച്ചുകണ്ടു. നമ്മുടെ വീഴ്ചകളെ പരിഹരിക്കുന്നതിനായി നാം അവയെ സന്തോഷപൂർവ്വം സഹിക്കുന്നുമുണ്ടല്ലൊ.

ആദം—ശരിതന്നെ- പക്ഷെ ദുഃഖവും സങ്കടവുമായിരിക്കണമല്ലൊ നമ്മുടെ നിത്യ അനുഭവം.

അവ്വാ—പക്ഷെ കർത്താവായ ദൈവം തന്റെ ഓങ്ങിയ കയ്യ് പിൻവലിച്ചായിരിക്കും.

ആദം—ശിക്ഷയിൽനിന്നു ശരിതന്നെ- എന്നാൽ ലോകത്തിൽ പാപം പ്രവേശിച്ചിട്ടുണ്ടല്ലൊ- അതു വാതില്ക്കൽ കിടപ്പുണ്ട്. നമ്മുടെ മൌഢ്യത്തിന്റെ നാശകരവിത്തുകൾ- നിന്റെ സ്വപ്നം ഓക്കുന്നില്ലേ?

അവ്വാ— (സാരം വെക്കാതെ) ഓ- അതൊരു സ്വപ്നമല്ലേ ആയിരുന്നൊള്ളു, വ്യസനാക്രാന്തമായ ഹൃദയത്തെ ബാധിക്കാറുള്ള ഒരു കിനാവ്. നമ്മുടെ വലിയ അനുസരണക്കേടിനുശേഷം കർത്താവിന്നു വിധേയരായി ജീവിക്കുന്നതിന്നു നാം എപ്പോഴും ശ്രമിച്ചിട്ടുണ്ടല്ലൊ, പാപം വേറെ പാപത്തെ വർദ്ധിപ്പിച്ചുകൊണ്ടു പോകണമെന്നു എന്താവശ്യമാണുള്ളതു്?

ആദം— നമ്മിൽ അല്ല നമ്മുടെ മക്കളിൽ.

അവ്വാ – (വിറച്ചുകൊണ്ടു) ഇല്ലില്ലാ. അങ്ങിനെ വരികയില്ല. നമ്മുടെപുത്രന്മാർ നമുക്കു ഒരു അനുഗ്രഹമാണ്.

ദൈവം നമ്മോടു ക്ഷമിച്ചുവെന്നും നമ്മെ അത്യധികം സ്നേഹിക്കുന്നുവെന്നുമുള്ളതിൻെറ അടയാളം. അവരെ കീഴ്പ്പെടുത്തുന്നതിനു സാധിച്ചെന്നുവരുമൊ? അതിൻെറ ആകഷണങ്ങളേയും വഞ്ചനകളേയുംപററി അവരുടെ ചെറുപ്പംമുതൽ നാം അവരെ പറഞ്ഞു ഗ്രഹിപ്പിച്ചിട്ടുണ്ടല്ലോ.

ആദം— അവ്വായെ! ആ മാലിന്യം നമ്മുടെ കുഞ്ഞുങ്ങളിലും പ്രവേശിച്ചിട്ടുണ്ടല്ലോ. തിന്മ ഇപ്പോൾ പുല്ലിൽക്കൂടെ ഇഴഞ്ഞുനടക്കുകയല്ല; അതു ഹൃദയത്തിൽ വളയമിട്ടിരിക്കയാണു ചെയ്യുന്നതു്.......(അല്പം നിത്തീട്ടു–) നമ്മുടെ മൂത്ത പുത്രനായ കായേൻെറ സമ്പ്രദായങ്ങളെക്കുറിച്ചു കുറെനാളായിട്ടു നിനക്കു എന്തുതോന്നുന്നു.

അവ്വാ– കായേനൊ– ഇന്നു കാലത്തുതന്നെ അവൻെറ സഹോദരനായ ആബേലുമായി കൈകോത്തുപിടിച്ചു വയലിലേക്കു പോകുന്നതിനെ കണ്ടപ്പോൾ എൻെറ മാതൃഹൃദയം സന്തോഷത്താൽ നിറഞ്ഞുപോയി.

ആദം— നിൻെറ മാതൃഹൃദയത്തിനു വഞ്ചിക്കുന്ന കണ്ണാണുള്ളതു്.

അവ്വാ— വഞ്ചിക്കുന്ന കണ്ണോ–നിങ്ങൾ പറയുന്നതിൽ എന്തോ ദുരത്ഥമുണ്ടു്.

ആദം— ഹൃദയം പേടിക്കുന്നതിനെ കണ്ണു കാണുകയില്ല. (അയാൾ അല്പം ശങ്കിക്കുന്നു– അവളുടെ നേരെ തിരിഞ്ഞു) വാസ്തവത്തിൽ നീ ഒന്നും കണ്ടില്ലെ? അതൊ നമ്മുടെ മദ്ധ്യേ ഉണ്ടായ സാന്നിദ്ധ്യത്തെ മൌഢ്യമായി നീ മറയ്ക്കുകയാണൊ ചെയ്യുന്നതു്.

അവ്വാ– ആദമെ! സവ്വപരിശുദ്ധനായിരിക്കുന്നവൻെറ നാമത്തിൽ നീ പറയുന്നതിൻെറ അത്ഥമെന്താണു്? ആ സാന്നിദ്ധ്യമെന്താണു?

ആദം— നമ്മുടെ പാപത്തിൻെറ കൈപ്പുനിറഞ്ഞ ഫലമായ മരണംതന്നെ.

അവ്വാ— (സാവധാനത്തിൽ) ജ്ഞാനത്തിൻെറ വൃ

ക്ഷത്തിൽനിന്നു നീ കനിപറിച്ചുതിന്നുന്ന ദിവസത്തിൽ നിശ്ചയമായും നീ മരിക്കുമെന്നു ദൈവം നിന്നോടു പ്രവചിച്ചതു ഞാൻ ഓർമ്മിക്കുന്നു.

(ശരണപൂർവ്വം) പക്ഷെ മരണം ഇനിയും വളരെ അകലെ അല്ലേ? അതിനിടയ്ക്കു നമുക്കു ജീവനുണ്ട്. നമ്മുടെ മക്കളിൽ ജീവന്റെ വാഗ്ദാനവുമുണ്ട്.

ആദം— (തനിയെ) നമ്മുടെ മക്കളിൽ ജീവന്റെ വാഗ്ദാനം– അവ്വായെ! ആബേലിനോടും അവൻ കാഴ്ചയണക്കുന്ന ആദ്യഫലങ്ങളായ ആടുകളോടും ദൈവം പ്രസാദം കാണിക്കുന്നുവെന്നും എന്നാൽ കായേനോടും അവൻ സമർപ്പിക്കുന്ന ഭൂമിയിലെ വിളവുകളോടും ദൈവത്തിന്നിഷ്ടമില്ലെന്നും നീ അറിയുന്നില്ലെ.

അവ്വാ— കൊള്ളാം അങ്ങിനെ ആണെങ്കിൽ കായേനും ആബേലിനെപ്പോലെ നല്ല ബലികൾ സമർപ്പിക്കട്ടെ.

ആദം— ബലിയെ അല്ല കർത്താവു മതിക്കുന്നതു–സമർപ്പിക്കുന്നവന്റെ ഹൃദയത്തെ അത്രെ– ആബേൽ ഔദാര്യപൂർവ്വം സ്നേഹപൂരിതനായി കർത്താവിനു ബലിസമർപ്പിക്കുന്നു. കായേൻ ആവട്ടെ മനസ്സില്ലാമനസ്സോടെ കുറെ കാഴ്ചകൾ സമർപ്പിക്കുന്നു. കായേൻ അവന്റെ സഹോദരന്റെ നേരെ അസൂയാലുവും കോപിഷ്ടനുമായിരിക്കുന്നതും അവന്റെ മുഖം വാടിയിരിക്കുന്നതും നീ സൂക്ഷിച്ചിട്ടില്ലെ.

അവ്വാ— ഇല്ലാ അങ്ങിനെ ഒന്നുമില്ല. നിങ്ങളുടെ കണ്ണു നിങ്ങളെ വഞ്ചിക്കുന്നു. കായേനെക്കാൾ ആബേലിനെ ആണു നിങ്ങൾക്കിഷ്ടം. കായേൻ അവന്റെ സഹോദരന്റെ നേരെ സ്നേഹം പ്രദർശിപ്പിക്കയും അവനെ സംരക്ഷിക്കയും ചെയ്യുന്നതായിട്ടാണ് ഞാൻ കാണുന്നതു്. വലിയ വർഷകാലത്തു ഒരു ദിവസം ആബേൽ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ചെന്നായ്ക്കൾ അവനെ ആക്രമിച്ചതിനെ നിങ്ങൾ ഓർമ്മിക്കുന്നില്ലേ! അന്നു തന്റെ സഹോദരന്റെ ദയനീയ നിലവിളികേട്ടു കായേൻ ഓടിച്ചെന്നു അവന്റെ ബലമുള്ള കൈകൾകൊണ്ടു കാട്ടുമൃഗത്തിന്റെ

വായ് കീറി അതിനെ ശ്വാസംമുട്ടിച്ചു കൊന്നതും നിങ്ങൾ ഓൎക്കുന്നില്ലേ? അല്ലയൊ ആദമെ! അന്നു രാത്രി കായ്യൻ തൻെറ ശക്തിയുള്ള തോളിന്മേലേറി ആബേലിനെ ജീവനോട്ടം ഉത്സാഹത്തോടും കൊണ്ടുവന്ന സംഗതി സന്തോഷപൂൎവ്വം സ്മരിച്ചാലും.

ആദം— അവ്വായെ! ആ ദിവസം നീ എന്നെ ഓൎമ്മിപ്പിച്ചതു വളരെ നന്നായി; അതിനായി നിന്നോടു എനിക്കു വളരെ കൃതജ്ഞതയുണ്ട്. അതിൻെറ സന്തോഷത്തിൽ എൻെറ ആശങ്കകളെല്ലാം ഞാൻ ബഹിഷ്കരിക്കുന്നു. പക്ഷെ ഇന്നു അവർ വേലവിട്ടു വരുന്നതിനു വളരെ താമസിക്കുന്നല്ലൊ— ഞാൻ പോയി അത്താഴത്തിനു അവരെ കൂട്ടി വരാം. (പോകുന്നു)

അവ്വാ— (തനിച്ചു ആത്മഗതം) ആദം സൂചിപ്പിക്കാറുള്ള ഈ ആശങ്കകളെന്തായിരിക്കാം. നിശ്ചയമായും ഇനി ഒരു തിന്മയും ഉണ്ടാകാനില്ല— എന്നാലും എൻെറ ആ സ്വപ്നമുണ്ടല്ലൊ. പാപവും അന്ധകാരവും ഭയവും മരണവുംനിറഞ്ഞ ആ സ്വപ്നം— ഓ അതിൻെറ ഓൎമ്മയെല്ലാം പോകട്ടെ (അവൾ സ്റ്റേയിജ്കടന്നു പുറത്തുക്കു നോക്കുന്നു) സൂൎയ്യാസ്തമനം എത്ര തേജോമയം! അല്ലാ— ആകാശം കോപസംപൂൎണ്ണമായി കാണപ്പെടുന്നല്ലൊ. സൂൎയ്യൻതന്നെ വല്ലാതെ ചുവന്നിരിക്കുന്നു. ആകാശത്തിലും ഭൂമിയിലുമെല്ലാം രക്തമയംതന്നെ. എല്ലാഭാഗത്തും രക്തം ചിന്തിച്ചിതറുന്ന ഒരു പൊട്ടിയ രക്തക്കുടംപോലെ സൂൎയ്യൻ കാണപ്പെടുന്നു—എന്തു്, ഭൂമിതന്നെ വായ് തുറന്നു രക്തം കുടിക്കുന്നുവോ? വൃക്ഷങ്ങളിൽനിന്നുപോലും രക്തം വാൎന്നൊഴുകുന്നു. (ഭയാക്രാന്തയായി) എൻെറ കൈകളിൽനിന്നും മുഖത്തുനിന്നും വിയൎപ്പിനുപകരം രക്തം—രക്തം പൊടിച്ചു ഒഴുകുന്നു. ഓ ആബേലേ! ആബേലേ! എൻെറ ഓമനക്കുഞ്ഞേ! എന്തുകൊണ്ടു നീ ഇത്ര താമസിക്കുന്നു? എൻെറ ആബേലേ! നീ വേഗം വന്നു നിൻെറ മുഖകമലത്തിലെ മനോഹരപുഞ്ചിരികൊണ്ട് എൻെറ ആശങ്കക

ളെ ദൂരീകരിക്കുക. (അവൾ ആലസ്യപ്പെട്ടു നിലത്തുവീഴുന്നു. പ്രകാശം മങ്ങുന്നു— രംഗസ്ഥലത്തു നിന്നു കുറെ ദൂരെയായി ഒരു സ്വരംകേൾക്കുന്നു. അവ്വാ ശബ്ദംകേട്ടുണന്നു കൈകുത്തിഇരുന്നുകൊണ്ടു ചെവികൊടുത്തു ശ്രദ്ധിക്കുന്നു.)

സ്വരം— കായേനെ! കായേനെ!

കായേൻ— അതെ! കത്താവെ! ഞാൻ കേൾക്കുന്നു.

സ്വരം— കായേൻ! നിൻെറ സഹോദരനായ ആബേൽ എവിടെ.

കായേൻ— എനിക്കു അറിവില്ല. ഞാൻ എൻെറ സഹോദരൻെറ സൂക്ഷിപ്പുകാരനാണോ.

സ്വരം— നീ പ്രവത്തിച്ചതു എന്താണു! നിൻെറ സഹോദരൻെറ രക്തം നിലത്തുനിന്നു എൻെറ പക്കൽ നിലവിളിക്കുന്നു. നിൻെറ സഹോദരൻെറ രക്തം വായ് തുറന്നു കുടിച്ച ഭൂമിമേൽ ഇപ്പോൾതുടങ്ങി നീ ശപിക്കപ്പെട്ടവനായിരിക്കും. (അവ്വാ മോഹാലസ്യപ്പെടുന്നു) നീ ഭൂമിമേൽ പരദേശിയായി അലഞ്ഞുനടക്കും.

കായേൻ— എൻെറ ശിക്ഷ എൻെറ സഹനശക്തിയെ കവിയുന്നതാകുന്നു. ഇതാ ഇന്നേദിവസം നീ എന്നെ ഭൂമുഖത്തുനിന്നു ബഹിഷ്ക്കരിക്കുന്നു. നിൻെറ മുമ്പാകെ കാണപ്പെടുന്നതിനു എനിക്കു ഇനി അനുവാദമില്ല. ഞാൻ ഭൂമിമേൽ അലഞ്ഞുനടക്കുന്ന ഒരു പരദേശിയായിരിക്കും. എന്നെ കാണുന്നവരൊക്കെയും എന്നെ കൊല്ലും.

സ്വരം— ഇല്ല, അങ്ങിനെ സംഭവിക്കയില്ല. കായേനെ കൊല്ലുന്നവൻ ഏഴിരട്ടി ശിക്ഷിക്കപ്പെടും. (കുറെ നേരത്തേക്കു മൌനം—വലത്തുഭാഗത്തുകൂടെ കായേൻ ഒളിച്ചുപാഞ്ഞു പ്രവേശിക്കുന്നു. അവൻ അവ്വായെ നോക്കുന്നു. അവൾ ഉണരുന്നു. അവർ ദീർഘനേരം പരസ്പരം നോക്കുന്നു. പിന്നീടു അവൾ എഴുന്നേററു കായേൻെറ പക്കൽ സമീപിച്ചു അവനെ തൊടുന്നു)

അവ്വാ— (ഒരു പതിഞ്ഞ സ്വരത്തിൽ) നീ നനഞ്ഞിരിക്കുന്നല്ലോ.

കായ്യേൻ— മൂടൽമഞ്ഞു ശക്തിയായിരുന്നു.

അവ്വാ— (അവളുടെ കയ്യേൽ നോക്കിക്കൊണ്ടു്) നിൻെറ ദേഹത്തു് എന്തോ മലിനതയുണ്ടു്. ഇതു രക്തമാണല്ലൊ.

കായ്യേൻ— നീ തോട്ടത്തിൽ വെച്ചു ചെയ്ത പാപത്തിൻെറ മാലിന്യമാണതു്.

അവ്വാ— (പ്രലപിച്ചും കായ്യേനെ നോക്കിക്കൊണ്ടും) നിൻെറ നെററിമേൽ ഒരു അടയാളമുണ്ടല്ലൊ അതിൻെറ അത്ഥമെന്താണു്?

കായ്യേൻ— അതു ഒരു കൊലപാതകൻെറ അടയാളമാകുന്നു. നിൻെറ ആദ്യജാതനായ കായ്യേൻെറതന്നെ. നിൻെറ അനുസരണക്കേടുമൂലം അവകാശമായി ലഭിച്ച അടയാളം. (കായ്യേൻ ഇടത്തുവശത്തുകൂടെ ഒഴിഞ്ഞുപോകുന്നു.)

അവ്വാ— (അവനെ നോക്കി ആത്മഗതം) എൻെറ അനുസരണക്കേടുമൂലം– ഉണ്ടായ അടയാളം! എൻെറ മാംസത്തിൽനിന്നുള്ള മാംസം– എൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥി– എൻെറ പാപത്തിൽനിന്നുള്ള പാപം– (കുറെ നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആബേലിൻെറ പ്രേതം വഹിച്ചുകൊണ്ടു് ആദം വലത്തുവശത്തു പ്രവേശിക്കയും ആ പ്രേതത്തെ പതുക്കെ നിലത്തുവെക്കുകയും ചെയ്യുന്നു. അവരിരുവരും ദീർഘനേരം അതിനെനോക്കുന്നു.)

അവ്വാ— അവൻ അശേഷം അനങ്ങുന്നില്ല– (മേലും കീഴും നാനാദിക്കിലും പരിഭ്രമിച്ചു നോക്കുന്നു– പിന്നീടു ആത്മഗതം) അവൻ അനങ്ങാതെകിടക്കുന്നതെന്തു്? (അവൾ പതുക്കെ ആബേലിൻെറ പ്രേതത്തെ സമീപിച്ചു കവിളത്തിലും നെററിയിലും കൈവെച്ചു നോക്കുന്നു) അവൻ നന്നേ തണുത്തിരിക്കുന്നു. (അവൾ ആബേലിൻെറ കൈകൾ പിടിച്ചു ആട്ടുന്നു എന്നിട്ടു പറയുന്നു) അവൻെറ ചങ്കിലെ ചൂടുള്ള രക്തത്തിൻെറ പാച്ചിൽ, മഞ്ഞുപോലെ തണുത്ത ശ്വാസംകൊണ്ടു ഉറയുന്നതിന്നിടയാക്കിയതു് മര

ണം എന്നുപറയുന്ന അതായിരിക്കുമോ? ചങ്കിൻെറ ഇടി കളെ തണുത്ത വിരലുകൾകൊണ്ടു തൊട്ടു നിവൃത്തിയതും ഒരുപക്ഷെ ആ മരണംതന്നെയോ? (അവൾ സ്വസ്ഥത ടെനേരെ തിരിഞ്ഞു് ഒരു മുട്ടുകുത്തിനിന്നുകൊണ്ടു് ആബേ ലിൻെറ പ്രേതംവലിച്ചു അവളുടെ മടിയിൽ കിടത്തുന്നു.)

സ്വരം— നമ്മുടെ ദുഷ്ക്രിയകൾ നിമിത്തം അയാൾ മുറിവേററു. നമ്മുടെ പാപങ്ങളെക്കുറിച്ചു അയാൾ നുറു ങ്ങപ്പെട്ടു. നമ്മുടെ എല്ലാവരുടേയും ദുഷ്ടതയെ ദൈവം അയാളുടെമേൽ ചുമത്തി. ജീവിക്കുന്നവരുടെ ദേശത്തു നിന്നു അയാൾ ഛേദിക്കപ്പെട്ടിരിക്കുന്നു. തൻെറ ജന ത്തിൻെറ ദുഷ്കൃമ്മങ്ങൾ മൂലം കത്താവു അയാളെ ശിക്ഷി ച്ചു. എന്നാൽ അയാൾ യാതൊരു തിന്മയും ചെയ്തിട്ടില്ല. അയാൾ യാതൊരു തെററും സംസാരിച്ചിട്ടുമില്ല.

തിരശ്ശീല.

പ്രദശ്നം.

(അവ്വാ ആബേലിൻെറ ശരീരം അവളുടെ മടിയിൽ കിടത്തിയിരിക്കുന്നു.)

അവ്വാ— ഈ വഴിയിൽക്കൂടെ കടന്നുപോകുന്നവരെ! ഇതൊന്നും നിങ്ങളെ സ്പശിക്കുന്ന സംഗതി അല്ലയൊ? എ ൻെറ ദുഃഖംപോലെ വല്ല ദുഃഖവുമുണ്ടോയെന്നു നിങ്ങൾ ഒന്നുനോക്കി സൂക്ഷിപ്പിൻ. എന്നെ ആശ്വസിപ്പിക്കുന്ന തിനു ആരുമില്ല. . . എൻെറ ദീഘശ്വാസങ്ങൾ വളരെ! എൻെറ ഹൃദയം ക്ഷീണിച്ചിരിക്കുന്നു.

തിരശ്ശീല.

രണ്ടാം അങ്കം.

രംഗം ൧.

(സമയം: ആദ്യത്തെ ഓശാനഞായറാഴ്ചയുടെ പ്രഭാതം. സ്ഥലം: നിക്കൊദേമ്മോസിൻെറ ഓർശ്ലത്തിലുള്ള ഭവനം- ഇരുനിലമേട-താഴെയുള്ള തെരുവീഥിയിലേക്ക ദശനമുള്ള ഒരു ക്രാതി മുറിയുടെ പിൻഭാഗത്തുണ്ട്. പിൻഭാഗത്തുള്ള കർട്ടൻ ആകാശനിറം. ഇടത്തും വലത്തും പ്രവേശനദ്വാരങ്ങൾ, കുറെ സ്റ്റൂളുകൾ, നല്ലനിറമുള്ള വിരികളാൽ മൂടപ്പെട്ട ഒരു ചാരുകട്ടിൽ. മുറി ആകപ്പാടെ വളരെ കേമമായി അലംകൃതമായിരിക്കുന്നു. വെറോനിക്കാ, ഏകദേശം 18 വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി, വലത്തുവശത്തെ കോണിൽ ക്രാതിമേൽ ചാരി ഇടത്തുവശത്തു കൂടെ പുറത്തേക്ക നോക്കിക്കൊണ്ടു നില്ക്കുന്നു. അവളുടെ അമ്മയായ എസ്തേർ ഇടത്തുവശത്തെ കോണിലിരുന്നു വിശേഷ തുന്നൽപണി ചെയ്യുന്നു.)

വെറോനിക്കാ— നഗരം ഇത്ര നിശ്ശബ്ദമായിരിക്കുന്നതു ആശ്ചയ്യംതന്നെ. തെരുവുകളിൽ ആരുംതന്നെയില്ല. പെസ്സഹാകാലത്തു ഇവിടെയെല്ലാം ആളുകളെക്കൊണ്ടു നിറയുന്നതാണല്ലൊ.

എസ്തേർ— ജനങ്ങൾ വേറെവല്ലസ്ഥലത്തുമായിരിക്കാം. നൂതനത്വം അന്വേഷിച്ചു നടക്കുന്നതാണല്ലൊ ജനാവലിയുടെ സ്വഭാവം. വല്ല ആകർഷണീയ സംഗതിയും അവരെ വേറെ സ്ഥലത്തേക്ക വലിച്ചിരിക്കാം.

വെറോനിക്കാ— ഒരുപക്ഷെ ഈശോ ആയിരിക്കാം അവരുടെ ആകർഷണ വിഷയം— പെസഹാ ഘോഷിക്കുന്നതിനായി അദ്ദേഹം നിശ്ചയമായും ഓർശ്ലത്തുവരും.

എസ്തേർ— ശരിതന്നെ. അങ്ങിനെ ആകുവാൻ വളരെ എളുപ്പമുണ്ട്. കുറേനാളായി അദ്ദേഹത്തിൻെറ

ക്രാതി=കിളിവാതിൽ.

സ്ഥിതിഗതികൾ അത്ര നിശ്ചിതങ്ങളല്ല. ഗ്ലീലായിൽനിന്നുള്ള തീൎത്ഥയാത്രക്കാർപോലും അദ്ദേഹം എവിടെ ആണെന്നു അന്വേഷിച്ചു നടക്കുന്നു.

വെറോനിക്കാ— (താഴെവന്നു അവളുടെ അമ്മയുടെ പക്കൽ മുട്ടുകുത്തിനിന്നുകൊണ്ടു) അമ്മെ! നമുക്കു വേഗത്തിൽ അദ്ദേഹത്തെ കാണുന്നതിനും അദ്ദേഹത്തിൻെറ സംസാരം കേൾക്കുന്നതിനും ഇടവരുന്നതിനു ദൈവത്തെ പ്രാൎത്ഥിക്കണമെ! ആ സ്മരണതന്നെ എനിക്കു ആനന്ദപ്രദമാണ്. അദ്ദേഹത്തെ അറിയുന്ന ആൎക്കാണു അദ്ദേഹം ദീർഘദൎശികളാൽ പ്രവചിക്കപ്പെട്ട മിശിഹാ അല്ലെന്നു സംശയിപ്പാൻ കഴിയുന്നതു്? (അവളുടെ കണ്ണു തിളങ്ങുന്നു. അവളുടെ മുഖത്തു ഒരു സ്വൎഗ്ഗീയ നോട്ടം കളിയാടുന്നു.) അദ്ദേഹം എത്രയും പരിശുദ്ധനാണ്; എന്നാൽ നിഷ്കൃഷ്ടസ്വഭാവിയുമാണ്— മനുഷ്യരെ ആർദ്രമായി സ്നേഹിക്കുന്നു— എന്നാൽ ആകാശപിതാവിൻെറ ചിന്തയിൽ നിമഗ്നനുമാണ്— എത്രയൊ മാനുഷികമായ ശാന്തത— എത്ര ദൈവികമായ മഹിമ—

എസ്തേർ— അതേ വെറോനിക്കാ, അദ്ദേഹത്തോടുള്ള സ്നേഹബന്ധം നമ്മുടെ ജീവിതത്തിലെ ഏററവും വലിയ ഭാഗ്യമാകുന്നു.

വെറോനിക്കാ— അതു നമുക്കു ജീവൻതന്നെയാണ്. അമ്മേ? അദ്ദേഹമില്ലെങ്കിൽ, എല്ലാം അന്ധകാരം— അദ്ദേഹം ഭൂമുഖത്തെ നവീകരിച്ചിരിക്കുന്നു. പാപം അദ്ദേഹത്തിൻെറ മുമ്പിൽനിന്നു ഓടി ഒളിക്കുന്നു. (നിൎത്തീട്ടു്) അദ്ദേഹത്തിനു എന്തെങ്കിലും സംഭവിക്കയാണെങ്കിൽ, അദ്ദേഹത്തിൻെറ ശത്രുക്കൾ അദ്ദേഹത്തെ കൊല്ലുകയാണെങ്കിൽ, നാമുംകൂടെ— അമ്മയും പിതാവും, അദ്ദേഹത്തിൻെറ സ്നേഹിതന്മാരെല്ലാവരും— അദ്ദേഹത്തോടുകൂടെ മരിക്കുന്നതിനു ഇടയാകണമെന്നു ഞാൻ പ്രാൎത്ഥിക്കുന്നു. (അവൾ ചുററുംനോക്കിവിറയ്ക്കുന്നു)ഈ നിശ്ചലസ്ഥിതികൾ ശുഭമായി തോന്നുന്നില്ല. എനിക്കു വളരെഭയമുണ്ടു്?—

എസ്തേർ— (അവളെ തലോടിക്കൊണ്ടു) ഇല്ല മക്കളെ! ഭയപ്പെട്ടവാൻ ഒന്നുമില്ല. ശത്രുക്കൾ അദ്ദേഹത്തെ ഉപദ്രവിക്കുന്നതിന്നു തുനിയുകയില്ല. ജനങ്ങൾ അദ്ദേഹത്തിൻെറ വശത്തല്ലെ! പക്ഷെ, എന്താണു ഒരു ശബ്ദം കേൾക്കുന്നതു്?

(ഇടത്തുവശത്തു് കുറെ അകലെയായി പാട്ടിൻെറ ശബ്ദം കേൾക്കുന്നു. വെറോനിക്കാ ക്രാതിയുടെ വലത്തുഭാഗത്തു ചെന്നു ഇടത്തു വശത്തു പുറത്തേക്കു നോക്കുന്നു. പാട്ടു അടുത്തടുത്തുവരുന്നു.)

അവരു പാടുന്നതെന്താണു്?

വെറോനിക്കാ—"ദാവീദിൻെറ പുത്രനു ഓശാനാ.... കർത്താവിൻെറ നാമത്തിൽ വരുന്ന ഇസ്രായേലിൻെറ രാജാവു അനുഗ്രഹിതനാകുന്നു" ഇങ്ങിനെയാണു അവർ പാടുന്നതു. ജനങ്ങൾ വരുന്നതു് വഴി തിങ്ങിയാണു്. (മനഃക്ഷോഭം കൊണ്ടു അവളുടെ സ്വരം ഉയരുന്നു.) അവർ കുരുത്തോലയും വൃക്ഷക്കൊമ്പുകളും കൈയിൽ പിടിച്ചിട്ടുണ്ടു്. അവരിൽ ചിലർ മേൽ വസ്ത്രങ്ങൾ ഉരിഞ്ഞു തെരുവീഥികളിൽ വിരിക്കുന്നു. അതെ—അതെ—ഈശോയെ ആണു് അവർ എതിരേററു കൊണ്ടുവരുന്നതു്—അദ്ദേഹം ഒരു കഴുതമേലേറിയിരിക്കുന്നു. (എസ്തേറും ക്രാതിക്കൽ പോയി നോക്കുന്നു. ഇതിനിടക്കു പാട്ടു ശക്തിപ്പെടുന്നു. പ്രദക്ഷിണം ക്രാതിക്കു താഴെയുള്ള തെരുവിൽക്കൂടെ പോകുന്നതായി കാണിക്കാം—കുരുത്തോല വൃക്ഷക്കൊമ്പുകൾ കമ്പുകളിന്മേൽകെട്ടിയപൂക്കൾ മുതലായവ ക്രാതിയുടെ മുകളിൽ കൂടെ കാണിക്കാം—പാട്ടിൻെറശബ്ദം നേരിയതാകുമ്പോൾ നിക്കാദേമ്മോസു വലത്തു വശത്തുകൂടെ പ്രവേശിക്കുന്നു.)

വെറോനിക്ക— (അയാളുടെ പക്കൽ ഓടിച്ചെന്നു) അപ്പാ ഉണ്ടായ സംഭവങ്ങളെല്ലാം ഞങ്ങളോടു പറയണമെ!

നിക്കാദേമ്മോസു്—മകളെ! സന്തോഷിക്ക; ജനങ്ങൾക്കു ഗുരുവിനോടുള്ള ഭക്തിവിശ്വാസങ്ങളുടെ ഒരു ഗംഭീ

ര പ്രകടനമാണു നടന്നതു.കടശിയെങ്കിലും ഓർശ്ലം അവളുടെ രക്ഷകനു സ്വാഗതം അരുളി സ്വീകരിച്ചല്ലൊ. നിത്യവാതലുകൾ ഉയർത്തപ്പെട്ടു പ്രഭയുടെ രാജാവു പ്രവേശിക്കുന്നു.

വെറോനിക്കാ—ഇതൊക്കെ എങ്ങിനെ ആരംഭിച്ചു—ഈ ഘോഷങ്ങളൊന്നും ഈശോ അനുവദിക്കാറില്ലല്ലൊ. അദ്ദേഹത്തെ വാഴിക്കുന്നതിനു ജനങ്ങൾ ശ്രമിച്ചപ്പോഴൊക്കയും ഈശൊ തടയുകയാണല്ലൊ ചെയ്തിട്ടുള്ളതു?

എസ്തേർ— അദ്ദേഹം നിശ്ചയിച്ച സമയം വന്നു. മകളെ!അദ്ദേഹത്തിൻെറ ജയാഘോഷത്തിൻെറ നാഴിക— ഇപ്പോളിതാ അദ്ദേഹം നമ്മുടെ ജാതിയുടെ നായകത്വം സ്വീകരിക്കുന്നു. ഇസ്രായേലിനു പണ്ടുണ്ടായിരുന്ന മഹിമയിൽ ഇനി അതിനെ അദ്ദേഹം പുന:സ്ഥാപിക്കും. ഹാ!നിക്കാദേമ്മോസെ! ഇനിയെങ്കിലും നിങ്ങൾ ചഞ്ചലപ്പെടാതെ പരസ്യമായി അദ്ദേഹത്തിൻെറ പാശ്വവർത്തിയായികാണപ്പെടണം.

നിക്കാദേമ്മോസ്— കൊള്ളാം എനിക്കുള്ളതെല്ലാം അദ്ദേഹത്തിൻെറതായി പരിഗണിച്ചു കൊള്ളട്ടെ. ഞാനിതുവരെ മാറി നിന്നതിനെപ്പററി ലജ്ജിക്കുന്നു.

വെറോനിക്കാ— ലോകംമുഴവനും അദ്ദേഹത്തെ വിട്ടുമാറിയാലും നമുക്കു അദ്ദേഹത്തെ അനുഗമിക്കണം. (വലത്തുവശത്തായി പുറത്തെ വാതുക്കൽ ആരോ മുട്ടുന്നു. വെറോനിക്ക ക്രാതിക്കു മീതെ നോക്കി സന്തോഷപൂർവ്വം വിളിച്ചുപറയുന്നു.)അതു മഗ്ദലനാമറിയമാണ്. ഞാൻ അവൾക്കു വാതൽ തുറന്നു കൊടുക്കാം— (വലത്തുവശത്തുകൂടെ അവൾ താഴെ ഓടിവന്നു വാതൽ തുറന്നു മഗ്ദലേനായോടുകൂടെ തിരിച്ചുവരുന്നു.)

മഗ്ദലേനാ—(സന്തോഷത്തോടും ക്ഷോഭത്തോടും) നിങ്ങൾ വർത്തമാനം അറിഞ്ഞില്ലെ. പട്ടണംമുഴവനും സന്തോഷ ഭരിതമായിരിക്കുന്നു. അദ്ദേഹത്തിൻെറ വിജയം സർവ്വത്ര വ്യാപിക്കുന്നു. കുരുടന്മാരൊ ചെകിടന്മാരൊ മുട

ന്മാരൊ എന്നെപ്പോലെയുള്ള പാപികളൊ അടങ്ങിയ ഒരു ന്യൂനപക്ഷം മാത്രമല്ല ഇപ്പോൾ അദ്ദേഹത്തെ അനുഗമിക്കുന്നതു്. ജനങ്ങളെ മുഴുവനും അടച്ചാണു അദ്ദേഹം തൻെറ രാജ്യത്തിലേക്കു പ്രവേശിപ്പിക്കുന്നതു്.

വെറോനിക്കാ—(മഗ്ദ്‌ലേനായുടെ കൈക്കുപിടിച്ചുകൊണ്ടു) മഗ്ദ്‌ലേനായെ! മറിയംമഗ്ദ്‌ലേനായെ! നിന്നെപ്പോലെ എനിക്കും സന്തോഷിപ്പാൻ പാടുണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പക്ഷേ ചില ആകുലചിന്തകൾ എൻെറ ഹൃദയത്തെ ഭാരപ്പെടുത്തുന്നു. [അവൾ നിക്കോദേമ്മോസിനോടു തിരിഞ്ഞു] അപ്പാ ഇവയൊക്കയും എങ്ങിനെ ആരംഭിച്ചുവെന്നു ഇനിയും അവിടുന്നു പറഞ്ഞില്ലല്ലൊ.

നിക്കോദേമ്മോസ്— ഈശോ ബഥനിയിൽ നിന്നു ഒരു കഴുതപ്പുറത്തുകയറി ഓറെശ്ലേത്തേക്കു വരുന്ന വർത്തമാനം പട്ടണം മുഴുവൻ പരന്നു. ഞാൻ എതിരെ ചെന്നപ്പോൾ ഒരു വലിയ ജനക്കൂട്ടം കുരുത്തോല പിടിച്ചും ഓശാനപാടിയും അദ്ദേഹത്തെ അനുഗമിക്കുന്നതായിട്ടാണു കണ്ടതു്.

വെറോനിക്കാ— ആ ക്രൂട്ടത്തിൽ പട്ടക്കാരും മൂപ്പന്മാരും ഉണ്ടായിരുന്നോ.?

നിക്കോദേമ്മോസ്— അവരുമുണ്ടായിരുന്നു മകളെ! പക്ഷേ ഇതൊന്നും അവൎക്കു രസിച്ചിട്ടില്ല. എന്നാലെന്താ? ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ ഭാഗത്തല്ലെ.

മഗ്ദ്‌ലേനാ— (വേഗത്തിൽ ചേൎന്നുകൊണ്ടു) അതെ, അതെ—അദ്ദേഹം മുഴുവൻ ജനത്തിനു വേണ്ടിയാണു്. അതുപോലെ ജനങ്ങളും അദ്ദേഹത്തിനുവേണ്ടി അത്രെ—ഞെരുക്കസങ്കടങ്ങൾ അനുഭവിക്കുന്നവരും അധഃകൃതരും ആത്മത്തിലൊ ശരീരത്തിലൊ കുറവുള്ളവരും എല്ലാവരും.

വെറോനിക്കാ— അപ്പാ ഒന്നുക്രൂടി ചോദിച്ചുകൊള്ളട്ടെ. ആ നായകന്മാർ വല്ലതും പറഞ്ഞോ.

നിക്കോദേമ്മോസ്— അദ്ദേഹം കടന്നുപോകയിൽ

അവർ ഗുരുവെ! അങ്ങേ ശിഷ്യരെ ശാസിക്ക എന്നു പറഞ്ഞിരുന്നു.

വെറോനിക്കാ— ആ!

നിക്കേദേമ്മോസ്— ഈശോ അവരോടു ഉത്തരമായി 'ഇവർ മിണ്ടാതടങ്ങുകയാണെങ്കിൽ കല്ലുകൾപോലും നിലവിളിച്ചുപറയും'എന്നരുളിച്ചെയ്തു. ഇതുകേട്ടു അവർ പിന്തിരിഞ്ഞു–പോകുന്നവഴിക്കു 'നമ്മുടെ ശ്രമം ഒന്നും ഫലിക്കുന്നില്ല; ലോകം മുഴുവനും അവനെ പിഞ്ചെല്ലുന്നു' എന്നു പറഞ്ഞിരുന്നു.

മഗ്ദലേനാ— ലോകം മുഴുവനും അദ്ദേഹത്തെ പിഞ്ചെല്ലുന്നു; ഇനി പിഞ്ചെല്ലുകയുംചെയ്യും. കുരുടർക്കു കാഴ്ച നൽകിയ അദ്ദേഹം തന്റെ സ്നേഹോപദേശങ്ങളുടെ പ്രകാശം ലഭിക്കുന്നതിനു സകല മനുഷ്യരുടെയും കണ്ണുകളെ തുറക്കും നിശ്ചയം.

വെറോനിക്കാ— ഹാ മഗ്ദലേനാ! കുരുടന്മാർ കാഴ്ച സന്തോഷപൂർവ്വം സ്വീകരിച്ചുകൊള്ളും. പക്ഷേ പാറപോലെ കട്ടത്തഹൃദയങ്ങളെ മയപ്പെടുത്തി ഉരുക്കുന്നതിനു ആകാശത്തിലൊ ഭൂമിയിലൊ ഉള്ള സ്നേഹാഗ്നിമതിയാകയില്ല. ജനങ്ങളുടെ നായകന്മാരെപ്പററി എനിക്കു ആശങ്കയാണുള്ളതു്..... അതേ! എന്താ ഒരു ആരവം കേൾക്കുന്നു.

(താഴെയുള്ള തെരുവീഥിയുടെ വലത്തുവശത്തായി പലരുടെ സ്വരം കലൻകേൾക്കപ്പെടുന്നു. വെറോനിക്കാ ക്രാതിയുടെ ഇടത്തുവശത്തു ചെന്നു വലത്തുവശത്തേക്കു നോക്കുന്നു) അദ്ദേഹം ഈ വഴിക്കു വരുന്നുണ്ട്. ഈശോയും തന്റെ അനുയായികളും; ജനങ്ങൾ സന്തോഷഭരിതരായി അദ്ദേഹത്തെചുഴന്നുനില്ക്കുന്നു. പക്ഷേതന്റെ മുഖത്തു ദുഃഖഭാവമാണു കാണപ്പെടുന്നതു. തിങ്ങിനില്ക്കുന്ന പുരുഷാരത്തിന്റെ മദ്ധ്യേ അദ്ദേഹം കടന്നുവരുന്നു. (എല്ലാവരും ക്രാതിയുടെഅടുക്കൽചെന്നു വലത്തോട്ടുനോക്കുന്നു. സംഭാഷണം വേഗത്തിലും ചുരുക്കത്തിലുമാണു തുടരുന്നതു്.)

ഇതാ അദ്ദേഹം അവിടെനിന്നകലയുന്നു. ശിഷ്യനായ ഫിലിപ്പു അദ്ദേഹത്തോടു എന്തോ പറയുന്നുണ്ടു്.

എസ്തേർ— അദ്ദേഹമെന്താണു പറയുന്നതു മകളെ!

വെറോനിക്കാ— (മുന്നോട്ടു ചാഞ്ഞു വളരെ സൂക്ഷിച്ചു ചെവിപാർത്തുകൊണ്ടു) കുറെ അജ്ഞാനികൾ, ഗ്രേക്കരൊമറെറാ, ഈശോയെ കാണുന്നതിനു ആഗ്രഹിക്കുന്നുവത്രെ.

നിക്കോദേമ്മോസ്— ഗുരുവിൻെറ ഉത്തരമെന്താണെന്നു കേൾക്കാമോ?

വെറോനിക്കാ— (ശ്രദ്ധിച്ചുകൊണ്ടു കേൾക്കുന്നവ വാക്കിനു വാക്കു ഉച്ചരിക്കുന്നു) "മനുഷ്യപുത്രൻ മഹത്വപ്പെടുവാനുള്ള സമയം വന്നിരിക്കുന്നു . . . കോതമ്പുമണി നിലത്തുവീണു അഴിഞ്ഞാൽ ധാരാളം ഫലം പുറപ്പെടുവിക്കും . . . . . എൻെറ ആത്മാവു കലങ്ങിയിരിക്കുന്നു . . . . . പിതാവെ! എന്നെ ഈ നാഴികയിൽനിന്നു നീ രക്ഷിക്കണമെ . . . . . പക്ഷേ, ഈ നാഴികക്കായിട്ടാണല്ലൊ ഞാൻ ഭൂമിയിലേക്കു വന്നതു് . . . . . പിതാവെ! അങ്ങേ നാമത്തെ മഹത്വപ്പെടുത്തണമെ.

മഗ്ദലേനാ— അദ്ദേഹത്തിൻെറ ജയഘോഷത്തിൻെറ നാഴികയെപ്പററിയാണു അദ്ദേഹം പറയുന്നതു്.

വെറോനിക്കാ— അല്ലാ വേറൊരു നാഴികയെപ്പററിയാണു അദ്ദേഹം സംസാരിക്കുന്നതു്. പക്ഷെ ഇതാ വേറൊരുസ്വരം കേൾക്കുന്നു. (അവൾ വളരെ ശ്രദ്ധയോടെ ആകാശത്തിലേക്കു നോക്കുന്നു)

എസ്തേർ— അതു ഇടിമുഴക്കമാണു്.

വെറോനിക്കാ— (മുകളിലേക്കു നോക്കിക്കൊണ്ടു) അതു ആകാശത്തിൽനിന്നുള്ള ഒരു സ്വരമാണു്.

നിക്കോദേമ്മോസു— ഒരു മാലാഖാ അദ്ദേഹത്തോടു സംസാരിക്കുന്നു.

മഗ്ദലേനാ— (മുട്ടുകുത്തി കൈകൾ വിരിച്ചുയർത്തിക്കൊണ്ടു) അതു ദൈവത്തിൻെറ സ്വരമാകുന്നു. (ശ്രദ്ധി

ച്ചുകൊണ്ടു അവൾ കേൾക്കുന്നതിനെ ആവൎത്തിച്ചുപറയു ന്നു.) ഞാൻ– എന്റെ– നാമത്തെ– മഹത്വപ്പെടുത്തി. ഇ നിയും അതിനെ ഞാൻമഹത്വപ്പെടുത്തും. ഇതാണു സ്വരം.

വെറോനിക്കാ— ഈശോ വീണ്ടും സംസാരിക്കു ന്നു (ശ്രദ്ധിച്ചു അതുപോലെ ആവൎത്തിക്കുന്നു.) ഈ ലോക ത്തിന്റെ പ്രഭു ഇപ്പോൾതന്നെ ബഹിഷ്കരിക്കപ്പെടും.ഞാ നും ഭൂമിയിൽനിന്നു ഉയൎത്തപ്പെടുമ്പോൾ സകലത്തെയും എന്റെ പക്കൽ ആകൎഷിക്കും.

മഗ്ദലേനാ— (ഉത്സാഹഭരിതയായി) അതേ! കൎത്താ വെ! നീ മഹിമയിൽ ഉയരുക; എല്ലാവരും നിന്റെ പ ക്കൽ ഓടിക്കൂടും.

വെറോനിക്കാ— അദ്ദേഹം പറയുന്നതിന്റെ അ ൎത്ഥം അതാണൊ– അദ്ദേഹത്തിന്റെ സംസാരരീതി വ്യസ നവും ഉൽക്കണ്ഠയുമാണെല്ലൊ സൂചിപ്പിക്കുന്നതു. . . . ഇ താ അദ്ദേഹം അടുത്തുവരുന്നു. അദ്ദേഹം നമ്മുടെ പക്ക ലേക്കു വരികയാണൊ . . . അതെ– അതെ– അദ്ദേഹം ന മ്മുടെ നേരെ നോക്കുന്നു . . . ഓ സ്വൎഗ്ഗത്തിന്റെ സന്തോ ഷമെ! . . . ഞാൻ അദ്ദേഹത്തിനു വാതിൽ തുറന്നുകൊടു ക്കാം (അവൾ ഇടത്തുവശത്തുകൂടെ ഓടി താഴത്തുവരു ന്നു. എല്ലാവരും മേടയിൽനിന്നു താഴെ വരുന്നു. മഗ്ദലേ നാ തുറന്ന വാതില്ക്കൽ സാഷ്ടാംഗംവീഴുന്നു. മററുള്ളവരെ ല്ലാവരും ഉൽക്കണ്ഠാപൂൎവ്വം പാൎത്തുനില്ക്കുന്നു).

തിരശ്ശീല.

രംഗം ൨.

(നിക്കാദേമ്മോസിന്റെ വീട്ടിൽ അതേ മുറിതന്നെ. സമയം– ഒററിക്കൊടുത്ത രാത്രി– മുറിയിൽ വിളക്കുകൾ ക ത്തിച്ചിട്ടുണ്ടു- പെസഹാ ചന്ദ്രൻ ആകാശത്തിൽ പ്രകാശി ച്ചുനില്ക്കുന്നതായി ജനലുകളിൽക്കൂടെ കാണാം. നിക്കാ ദേമ്മോസു മുകളിൽ ഇടത്തുവശത്തുനിന്നു താഴെയുള്ള തെ രുവിലേക്കു ഉൽക്കണ്ഠാപൂൎവ്വം ക്ഷമയില്ലാതെ നോക്കുന്നു.

താമസിയാതെ അരിമത്തായക്കാരൻ യൌസേപ്പു ധൃതിയോടും പരിഭ്രമത്തോടും വലത്തുഭാഗത്തുകൂടെ പ്രവേശിക്കുന്നു.)

നിക്കാദേമ്മോസ്—യൌസേപ്പെ! നിങ്ങൾ പട്ടണത്തിൽതന്നെ ഉണ്ടായിരുന്നോ? നമ്മുടെ പിതാക്കന്മാരുടെ ദൈവത്തിനുസ്തുതി!

യൌസേപ്പു—അദൊനായിക്കു എല്ലാ സ്തുതിയും...എന്നാൽ നിക്കാദേമ്മോസെ! ഇത്ര ധൃതിയിലും പരിഭ്രമത്തിലും ആളയച്ചതു എന്തിനു, നിങ്ങളുടെ ആള വന്നപ്പോൾ ഞാൻ അങ്ങു മലയിൽ ഉലാത്തലിലായിരുന്നു.

നിക്കാദേമ്മോസ്—അവർ–ഗുരുവിനെ പിടിച്ചുബന്ധനത്തിലാക്കി!

യൌസേപ്പ്—(വിശ്വസിക്കുവാൻമടിച്ച്)അവർ–ഗുരുവിനെ–ബന്ധനത്തിലാക്കിയെന്നോ?–ആരു?

നിക്കാദേമ്മോസ്—പ്രധാന ആചാര്യന്മാരും മൂപ്പന്മാരും പ്രേരിപ്പിച്ചിട്ടു ഒരുകൂട്ടം കലഹക്കാർ; അവർ അദ്ദേഹത്തെ അന്നാസിൻെറയും കയ്യേപ്പായുടെയും മുമ്പിൽ ഹാജരാക്കി.

യൌസേപ്പ്— എന്തുദ്ദേശത്തോടുകൂടെ? അദ്ദേഹത്തിൻെറ സംഗതികളെല്ലാം ശുഭമായി തീൎന്നുകൊണ്ടിരിക്കുന്നുവെന്നാണല്ലൊ ഞാൻ കരുതിയിരുന്നതു്. അദ്ദേഹം പട്ടണത്തിൽ ആഘോഷപൂൎവ്വം പ്രവേശിച്ചിട്ടു കുറെ ദിവസങ്ങളെ ആയിട്ടുള്ളല്ലൊ. ഓർശ്ലേം പട്ടണത്തിൽ അദ്ദേഹം പ്രവേശിച്ച അവസരത്തിൽ ജനങ്ങൾ അദ്ദേഹത്തിൻെറ മുമ്പിൽ വസ്ത്രങ്ങൾ വിരിക്കയും കുരുത്തോലകൾ വഹിക്കയും പൂക്കൾ വിതറുകയും സന്തോഷഗാനങ്ങൾ പാടുകയും ചെയ്തുവല്ലൊ.

നിക്കാദേമ്മോസ്—അതെ–അതെല്ലാം ശരിയാണ്. അവർ സന്തോഷപൂർവ്വം പാടിയ ഓശാനഗീതത്തിൻെറ മാറെറാലി ഇപ്പോഴും എൻെറ ചെവിയിൽ മുഴങ്ങുന്നു. "കൎത്താവിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവ

നാകുന്നു" എന്നാണ അവർ വിളിച്ചുപറഞ്ഞിരുന്നതു് "ഇസ്രായേലിൻെറ രാജാവു്" എന്നും അവർ ആപ്പുവിളിച്ചിരുന്നു . . . . . പക്ഷെ ആ ആഘോഷം തന്നെയാണ അദ്ദേഹത്തിനു നാശഹേതുവായി പരിണമിച്ചതെന്നു പറയണം. അതു ആചാര്യന്മാരിലും സപ്രേന്മാരിലും ഒളിച്ചുകിടന്നിരുന്ന അസൂയയെ ഉജ്ജ്വലിപ്പിച്ചു.

യൌസേഫ്— അതെ, അതെ, സംഗതിഒക്കെ എനിക്കു മനസ്സിലായി·

നിക്കാദേമ്മോസ്— അവർ ഗൂഢാലോചനകൾ നടത്തുകയായിരുന്നിരിക്കണം. അദ്ദേഹം തൻെറ പന്ത്രണ്ടു ശിഷ്യരോടുകൂടെ ഈ രാത്രി പെസഹാഭക്ഷിച്ചു. അത്താഴശേഷം അദ്ദേഹം പതിനൊന്നു ശിഷ്യരോടുകൂടെ ഗദ്സേമ്മാൻതോട്ടത്തിലേക്കു പോയി. ഒരു ജനക്കൂട്ടം യൂദാസിൻെറ നേതൃത്വത്തിൽ പന്തങ്ങളോടും വാളുകളോടും കുന്തങ്ങളോടുംകൂടെ താൻ പ്രാർത്ഥിക്കപതിവായിരുന്ന ആ സ്ഥലത്തേക്കു ചെന്നു.

യൌസേപ്പ്—നയിച്ചതു യൂദാസാണൊ? ആ പന്ത്രണ്ടുപേരിൽ ഒരുവനൊ?

നിക്കാദേമ്മോസ്— അതേ, യൂദാസാണ അദ്ദേഹത്തെ ഒററിക്കൊടുത്തതു്. പട്ടക്കാരും സപ്രേന്മാരും ജനങ്ങളെക്കുറിച്ചുള്ള ഭയം നിമിത്തം ഗുരുവിനെ ബന്ധനസ്ഥനാക്കുന്നതിനു തുനിഞ്ഞിരുന്നില്ല. അതുകൊണ്ടു അദ്ദേഹത്തെ ഒററിക്കൊടുക്കുന്നതിനു യൂദാസിനു അവർ രഹസ്യമായി കൈക്കൂലികൊടുത്തു. അവനു മുപ്പതു വെള്ളിക്കാശു കൊടുത്തുവെന്നാണ പറയപ്പെടുന്നതു്.

യൌസേപ്പ്— ഇത്ര നിസ്സാരസംഖ്യക്കൊ— പക്ഷെ ആശ്ചര്യപ്പെടാനില്ല—എത്ര അല്പസംഗതിക്കുവേണ്ടി മനുഷ്യർ വലിയ അക്രമങ്ങൾ ചെയ്യുന്നു. എന്നിട്ടു കേൾക്കട്ടെ.

നിക്കാദേമ്മോസ്— അവൻ അവൎക്കു ഒരു അടയാളവും പറഞ്ഞിരുന്നു. "ഞാൻ ആരെ ചുംബിക്കുമൊ ആ ആളാണു ആ മനുഷ്യൻ. . . . . അവനെ പിടിച്ചു ബ

ന്ധിച്ചുകൊള്ളണം" എന്നായിരുന്നു അവൻ പറഞ്ഞിരുന്നത്. അവർ സ്ഥലത്തു എത്തിയപ്പോൾ അവൻ ഈശോയുടെ പക്കൽ അടുത്തുചെന്നു "എന്റെ കർത്താവും നാഥനുമായ അങ്ങേക്കു സ്വസ്തി" എന്നു പറഞ്ഞു അദ്ദേഹത്തെ ചുംബിച്ചു. അപ്പോൾ ഈശോ അവനോട് "സ്നേഹിതാ നീഎന്തുത്തോളംവന്നു. മനുഷ്യപുത്രനെ നീ മുത്തികൊണ്ടു കററിക്കൊടുക്കുന്നുവൊ?" എന്നു ചോദിച്ചു. ഉടനെസേവകർ അദ്ദേഹത്തിന്റമേൽ പാഞ്ഞുവീണു അദ്ദേഹത്തെ പിടിച്ചു ബന്ധിച്ചു. അപ്പോൾ ശിഷ്യരെല്ലാവരും അദ്ദേഹത്തെവിട്ടു ഓടിപ്പൊയ്ക്കളഞ്ഞു . . . . . .

യൌസേപ്പ്— ഈ വിവരങ്ങളെല്ലാം എങ്ങിനെ അറിഞ്ഞു.

നിക്കോദേമ്മോസ് — അദ്ദേഹത്തിന്റ കൂടെയുണ്ടായിരുന്ന യാക്കോബാണു ഇവയെല്ലാം എന്നോടു പറഞ്ഞത്.

യൌസേപ്പ്— അപ്പോൾഅവരെല്ലാം ഓടിക്കളഞ്ഞതല്ലൊ. . . ഭീരുക്കൾ.

നിക്കോദേമ്മോസ്—അതെ—ഭീരുക്കൾ പക്ഷെയൂദന്മാരേപ്പററിയുള്ള ഭയംനിമിത്തം അദ്ദേഹത്തിന്റ ശിഷ്യരായി പ്രത്യക്ഷപ്പെടുന്നതിനു തുനിയാത്തനാമും ഭീരുക്കളല്ലേ? അദ്ദേഹത്തിന്റ പഠനങ്ങൾ സ്വീകരിച്ചു നമുക്കും അദ്ദേഹത്തെ പരസ്യമായി പിഞ്ചെല്ലാമായിരുന്നു. ഇതിനു പകരം മനുഷ്യർ എന്തു പറയും എന്നു ഭയന്നു നാം ഒളിച്ചു നടന്നു. അദ്ദേഹത്തിന്റ ശിഷ്യരായിതീന്ന പത്രോസും യാക്കോബും എല്ലാം പാവപ്പെട്ട സാധാരണക്കാർ. . . അപരിഷ്കൃതർ— നാമാവട്ടെ.....

യൌസേപ്പ്— മതി നിക്കോദേമ്മോസെ! മനസ്തപിക്കുന്നതിനു നമുക്കു ജീവിതകാലം മുഴുവനുമുണ്ട്. അതു സുദീർഘവും മനസ്താപപൂർണ്ണവുമായിരിപ്പാൻ ദൈവം ഇടയാക്കട്ടെ.... പ്രവൃത്തിപരമായി ഇപ്പോൾ നമുക്കു എന്തുചെയ്വാൻ സാധിക്കും? നിങ്ങൾക്കു എന്തുതോന്നുന്നു.

നിക്കാദേമ്മോസ്— നാം സമ്പന്നന്മാരാണല്ലൊ. പൊന്നുകാണുമ്പോൾ മനുഷ്യരുടെ കൈകളിൽനിന്നു വാളും വടിയുമെല്ലാം താനേ താഴെവീഴും. ആ ജനക്കൂട്ടത്തിനു കുറെ പണം കൊടുത്താൽ അദ്ദേഹത്തെ നമുക്കു രക്ഷിക്കാം. കുറെ 'ശെക്കൽ' നാണയം കിട്ടുന്ന ഏതു വഴിക്കും ആ കൂട്ടർ തിരിഞ്ഞുകൊള്ളും.

യൌസേപ്പ്— അതു ശരിതന്നെ. പക്ഷെ ഏററം വലിയ സംഖ്യ ആയിരിക്കുമല്ലൊ അവരെ അധികം ആകൃഷ്ടിക്കുന്നത്. നമ്മൊൽ തോല്പിക്കപ്പെടാതിരിപ്പാൻ വേണ്ടി ദേവാലയഭണ്ഡാരത്തിലെ കടശി കാശുവരെ ചിലവഴിക്കുന്നതിനു ആചാര്യന്മാർ മടിക്കുമൊ.. ഇല്ല നിക്കാദേമ്മോസെ! ഇന്നു ഭൂമുഖത്തു ഒരു ശക്തിക്കു മാത്രമെ അദ്ദേഹത്തെ രക്ഷിക്കുവാൻ സാധിക്കയുള്ളു. അതു റോമ്മായാണ്. നാം പീലാത്തോസിനെക്കണ്ടു ഈ ദുഷ്പ്രവൃത്തിയിൽ റോമ്മാക്കാരനായ അദ്ദേഹം ഭാഗഭാക്കാകരുതെന്നു പ്രാത്ഥിക്കണം. റോമൻ പൌരൻ എന്നുള്ള അവൻെറ അഭിമാനത്തെ വീശിവദ്ധിപ്പിക്കണം. നമുക്കു പോകാം.

നിക്കാദേമ്മോസ്— എനിക്കുവരാൻ നിവൃത്തിയില്ല. മാതാവായ മറിയത്തേയും മററു സ്ത്രീകളേയും സംരക്ഷിക്കേണ്ട ചുമതല ഞാൻ ഏററിട്ടുണ്ട്— അവരെല്ലാവരും ഇവിടെവന്നു ചേരുന്നതിനായി ഞാൻ ആളയിച്ചിട്ടുണ്ട്. ആകയാൽ യൌസേപ്പേ! താങ്കൾ തനിയെ പോകണം. വിവരമൊക്കയും വേഗത്തിൽ ഞങ്ങളെ അറിയിക്കണമെ. സമയം ഒട്ടും കളയണ്ടാ— പോവുക. ദൈവം നിങ്ങളുടെ ഉദ്യമം ശുഭമാക്കട്ടെ. ദുഷ്ടശക്തിക്കു എതിരായി, മോശയെപ്പോലെ കൈകളുയത്തി ഞാൻ പ്രാത്ഥിച്ചുകൊള്ളാം.

(യൌസേപ്പു ഇടത്തുവശത്തുകൂടെ പുറത്തേക്കു പോകുന്നു. നിക്കാദേമ്മോസു മുട്ടുകുത്തി കൈകളുയത്തിപ്പിടിച്ചു പ്രാത്ഥിക്കുന്നു. താമസിയാതെതന്നെ മറിയം മഗ്ദലേനായുതിയിൽ വലത്തുവശത്തുകൂടെ പ്രവേശിക്കുന്നു.)

മഗ്ദലേനാ— (താഴ്ന്ന സ്വരത്തിൽ പറയാൻ തുട

ങ്ങീട്ടു മനോവികാരങ്ങൾനിമിത്തം സ്വരം ഉയരുന്നു.) ആ അങ്ങു ഇവിടെയുണ്ടോ? മാതാവായ മറിയവും അവളുടെ സഹോദരി ക്ലെയൊപ്പാ മറിയവും അങ്ങു ആവശ്യപ്പെട്ടപ്രകാരം ഇങ്ങോട്ടു വരുന്നു. രാത്രി ഭയങ്കരംതന്നെ. ഇരുട്ടിനെക്കാൾ ഇരുണ്ട വികൃതരൂപങ്ങൾ ഓരോ ദുരുദ്ദേശ്യങ്ങളെപ്പററി കുശുകുശുത്തുകൊണ്ടു ആകാശത്തിൽ പറന്നുനടക്കുന്നു. അദ്ദേഹത്തിനു എതിരായി ലോകവും കൂട്ടുകൂടിയിട്ടുണ്ടു്. (അവൾ ചെവി പൊത്തുനില്ക്കുന്നു.) ഇതാ എന്തോ ഒരു സ്വരം കേൾക്കുന്നു. അങ്ങു ഒന്നും കേൾക്കുന്നില്ലയൊ?

നിക്കോദേമ്മോസ്— (അല്പംകഴിഞ്ഞിട്ടു) എന്റെയും നിന്റെയും ചങ്കിന്റെ ഇടികളല്ലാതെ ഞാനൊന്നും കേൾക്കുന്നില്ല.

മഗ്ദലേനാ— അകലെയായി നിലവിളിയും അട്ടഹാസവും എല്ലാം കേൾക്കുന്നുണ്ടു— (നിന്നിട്ടു) അകലെ . . .വളരെ അകലെ ആയിട്ടാണു— (അവൾ മുകളിലേക്കു നോക്കുന്നു— എന്നിട്ടു തുടരുന്നു.) ഇതിന്റെ ഒരു മാറെറാലി ആകാശത്തിലും കേൾക്കപ്പെടുന്നതുപോലെ എനിക്കു തോന്നുന്നു. സ്വർഗ്ഗീയസൈന്യങ്ങൾ ഇളകിവശായൊ—ദൈവത്തിന്റെ സിംഹാസനം തന്നെയും ഞെട്ടുങ്ങിവിറയ്ക്കുന്നുവൊ?

നിക്കോദേമ്മോസ്— മഗ്ദലേനായെ! നിന്റെ ദുഃഖാധിക്യം നിന്നെ ഭ്രാന്തു പിടിപ്പിച്ചിരിക്കുന്നു.

മഗ്ദലേനാ— ഇല്ലില്ലാ— നരകീയശക്തികൾ നമുക്കു ചുററും പോരാടി നമ്മോടു സമീപിക്കുന്നു— ഈ ഭയങ്കര രാത്രിയിൽ സ്വർഗ്ഗംതന്നെയും ഭയന്നുഞെട്ടുങ്ങുന്നു. മാലാഖാമാർ ഭൂമിയിലേക്കു നോക്കുകയിൽ കാണുന്നവയെ ദർശിച്ചു ഭയപ്പെട്ടു വിറയ്ക്കുന്നു— നക്ഷത്രങ്ങൾപോലും ഇളകിഞെട്ടുങ്ങുന്നു— ഓ— അവർ എന്റെ കർത്താവായ നാഥനോടു എന്തൊക്കെയാണൊ പ്രവർത്തിക്കുന്നതു?

(എന്തോ ഭയങ്കര കാഴ്ച കാണാതിരിപ്പാൻ എന്നപോലെ അവൾ കണ്ണുപൊത്തി മുട്ടിന്മേൽ നില്ക്കുന്നു— വ

ലത്തുവശത്തുക്കൂടെ പത്രോസു പ്രവേശിക്കുന്നു. അയാൾ ഭയംകൊണ്ടും മനോവ്യഥകൊണ്ടും നിറഞ്ഞിരിക്കുന്നു.)

നിക്കോദേമ്മോസ്—(ആശ്ചര്യപ്പെട്ടുകൊണ്ടു) പത്രോസേ! ഇതു ശെമ്ഓൻ പത്രോസാണല്ലൊ—

മഗ്ദലേനാ— (എണ്ണിറവുകൊണ്ടു) പത്രോസേ! എന്തുവർത്തമാനമാണുള്ളതു്. സംഭവങ്ങളെല്ലാം ഞങ്ങളോടു പറയുക.

പത്രോസ്— (ഇടറിയസ്വരത്തിൽ) ആ കാഴ്ചകണ്ടു നില്പാൻ എനിക്കു സാധിച്ചില്ല— ഞാൻ അതിൽനിന്നു ഓടിഒളിക്കട്ടെ— ഞാൻ വല്ലയിടത്തും ഒളിക്കട്ടെ—(ഭയാക്രാന്തനായി ചുററും നോക്കിക്കൊണ്ടു) അവർ അദ്ദേഹത്തിൻെറ കന്നത്തടിക്കുന്നതും—മുഖത്തു് ഇടിക്കുന്നതും— ഞാൻ കണ്ടു— പിന്നെയും . . . . . പിന്നെയും അവർ അങ്ങേ പ്രഹരിക്കുന്നതും മുഖത്തു തുപ്പുന്നതും ഞാൻ കണ്ടു.

മഗ്ദലേനാ— (പരിഭ്രമചിത്തയായി) അവർ— അദ്ദേഹത്തെ അടിച്ചെന്നോ— ഓ ഇസ്രായേലിൻെറ ദൈവമെ! ഇതിൻെറ ഒക്കെ ശബ്ദം നിൻെറ സിംഹാസനത്തെ ഇളക്കിയതു ഒട്ടും വിസ്മയനീയമല്ല. അവയുടെ മാറെറാലികൊണ്ടു ആകാശം നിറഞ്ഞതിലും ഒട്ടും ആശ്ചര്യപ്പെടാനില്ല. അവർ അദ്ദേഹത്തിൻെറ മുഖത്തു തുപ്പിയോ.... സ്വർഗ്ഗത്തിൻെറ മഹിമയും— ഭൂലോകത്തിൻെറ പ്രകാശവും— ആയ തിരുമുഖത്തു— അവർ തുപ്പി അല്ലേ?.... (യാചനാരൂപത്തിൽ) ഓ പത്രോസെ!—പത്രോസെ! നിങ്ങൾ അദ്ദേഹത്തെ വിട്ടു പോന്നതു എന്താണു? അദ്ദേഹം നിങ്ങളെ പാറയെന്നും, ഉറപ്പുള്ള അസ്ഥിവാരമെന്നും വിളിച്ചില്ലയൊ— നരകവാതിലുകളെപ്പോലും നിങ്ങൾക്കു ഭയപ്പെടാനില്ലല്ലൊ.

പത്രോസു— (സാവധാനത്തിൽ) നരകവാതിലുകൾ— ഓ! ഞാനിപ്പോൾ ഓർക്കുന്നു. നരകവാതിലുകൾ എനിക്കു വിരോധമായി പ്രബലപ്പെടുകയില്ല.... എന്നിട്ടും ഒരു സ്ത്രീയുടെ ചിരിയും, പരിഹാസവും എന്നെ ഭീരുവാക്കി— ഞാ

ൻ അദ്ദേഹത്തെ അപലപിക്കയും— അറിയുകയില്ലെന്നു ആണയിട്ട് നിഷേധിക്കയും ശപിക്കയുംകൂടെ ചെയ്യു.

മഗ്ദലേനാ– (വിശ്വസിക്കാൻ മടിച്ചിട്ട്) നിങ്ങൾ അദ്ദേഹത്തെ അപലപിച്ചുവൊ– അതും ഒരു സ്ത്രീയുടെ വാക്കുകേട്ടു.... ഓ ഇസ്രായേലിന്റെ ദൈവമെ! പുരുഷന്മാർ ഇപ്രകരം ബലഹീനരാകുവാൻ കാരണമെന്തു? സ്ത്രീകളുടെ ഈവിധം അഹങ്കാരമെവിടെനിന്നു– ഇടയൻ അടിക്കപ്പെടുകയും ആടുകൾ ചിതറുകയും ചെയ്യുന്നു... പത്രോസെ! നിക്കാദേമ്മോസെ! നിങ്ങൾ പുരുഷന്മാരെപ്പോലെ പ്രവൎത്തിക്കാത്തതെന്തു? പേടിച്ചു വിറച്ചു വിറങ്ങലിച്ചു നിങ്ങൾ ഇവിടെ ഒളിച്ചിരിക്കുന്നതെന്തുകൊണ്ടു? പ്രാൎത്ഥനയൊക്കെ സ്ത്രീകൾക്കു വിട്ടിട്ടു നിങ്ങൾ വാളുമെടുത്തു അദ്ദേഹത്തെ രക്ഷിപ്പിൻ. (അവർ ലജ്ജാപൂൎവ്വം അവളുടെ നേരെ നോക്കുന്നു. അവൾ മതിമറന്നു തുടരുന്നു.) ഓ എന്റെ രക്തം തിളച്ചു എന്നോടു എതൃക്കുന്നു. കഷ്ടം!... മാന്യരെ നിങ്ങൾ എന്നോടു ക്ഷമിക്കണമെ. അവർ കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിന്റെ നേരെയുള്ള സഹതാപം എന്നെ വിഭ്രമിപ്പിക്കുന്നു.

പത്രോസ്– (വിനയപൂൎവ്വം) മറിയംമഗ്ദലേനായെ! അല്പം മുമ്പു ഞാൻ ഗത്സേമ്മാൻതോട്ടത്തിൽ അദ്ദേഹത്തിന്റെകൂടെ ആയിരുന്നു. അവർ അദ്ദേഹത്തെ പിടിക്കുവാൻ അടുത്തപ്പോൾ ഞാൻ വാളൂരി മേല്പട്ടക്കാരന്റെ ഭൃത്യനെ വെട്ടി അവന്റെ വലതുചെവി ഛേദിച്ചുകളഞ്ഞു. അപ്പോൾ കൎത്താവായ ഈശോ അവന്റെ ചെവിയെ തൊട്ടു അവനെ സുഖപ്പെടുത്തി. അതിന്റെ ശേഷം അദ്ദേഹം എന്റെനേരെ തിരിഞ്ഞു എന്നെ ശാസിച്ചുപറഞ്ഞു "നിന്റെ വാൾ ഉറയിലിടുക, എന്തുകൊണ്ടെന്നാൽ വാളെടുക്കുന്നവനൊക്കയുംവാളാൽനശിക്കും. എനിക്കു എന്റെ പിതാവിനോടു പ്രാൎത്ഥിക്കാൻ കഴിയുകയില്ലയൊ– ഞാൻ പ്രാർത്ഥിച്ചാൽ അദ്ദേഹം ഉടനെ

ദിവ്യവൃന്ദം മാലാഖാമാരെ അയച്ചുതരികയില്ലെന്നു നീ വിചാരിക്കുന്നോ".

മഗ്ദലേനാ— (തല താഴ്ത്തിനില്ക്കുന്നു. എന്നിട്ടു പറയുന്നു.) ഞാനും ഈ ശാസനയ്ക്കു അർഹയായിതീർന്നിരിക്കുന്നു— അദ്ദേഹത്തിനു നമ്മേക്കൊണ്ടു എന്താവശ്യമാണുള്ളതു്. അങ്ങുന്നു തന്നെയല്ലെ തന്റെമേൽ പർവ്വതസമാനം സങ്കടങ്ങളെ വരിക്കുന്നതു്? ഇവയുടെ ഭയങ്കരഭാരത്തിൻ കീഴ അദ്ദേഹം ഞെരുങ്ങി പ്രാണൻവിടുന്നതുവരെ വെറും സാക്ഷികളായിരിപ്പാനെ നമുക്കു നിവൃത്തിയുള്ളു.

പത്രോസ്— എന്റെ ഒടിഞ്ഞുനുറുങ്ങിയ ധൈര്യവും ശേഖരിച്ചുകൊണ്ടു അദ്ദേഹത്തിന്റെ പക്കലേക്കു വീണ്ടും ഞാൻ പോകും— എന്റെ ശക്തിയിൽ ഞാൻ ആശ്രയിച്ചതു അബദ്ധമായിപ്പോയി എന്നു ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. അദ്ദേഹത്തെ ക്രൂടാതെ എന്റെ ശക്തി മെഴുകുപോലെയാണ്. "സത്യമായിട്ടു ഞാൻ നിന്നോടുപറയുന്നു: ഈ രാത്രി കോഴികൂകുന്നതിനുമുമ്പു നീ എന്നെ മൂന്നു പ്രാവശ്യം അപലപിക്കും" എന്നു അദ്ദേഹം എന്നോടു മുൻകൂട്ടി പറഞ്ഞിരുന്നു. പ്രഭാതത്തിൽ കോഴികൂകുന്നതിനെ കേട്ടപ്പോൾ എന്റെ വാസ്തവസ്ഥിതി എനിക്കു മനസ്സിലായി. ആ സമയം അദ്ദേഹം എന്റെ നേരെ തിരിഞ്ഞു എന്റെ കണ്ണുകളിലേക്കു തന്നെനോക്കി— ഓ! എത്ര സ്നേഹവും എത്ര ദയയുമാണു ആ വീക്ഷണത്തിൽ പരിലസിച്ചിരുന്നതു— ശാസനയുടെ യാതൊരു ഭാവവുമില്ലായിരുന്നു. ആ ക്ഷണത്തിൽ എന്റെ ആത്മാവു മനസ്താപപൂർണ്ണമായിതീർന്നു— പാപമോചനം നൽകി അദ്ദേഹം എന്റെ ആത്മാവിനെ പുനർജ്ജീവിപ്പിച്ചു.

(മറിയംമഗ്ദലേനായോടു) മറിയം മഗ്ദലേനായെ! നിനക്കു ഇവയൊക്കയും മനസ്സിലാകും.

മഗ്ദലേനാ— ശെമയോൻ പത്രോസേ! എന്റെ ആത്മാവു പാപങ്ങൾമൂലം രക്തവർണ്ണമായിരുന്നു. അദ്ദേഹം അതിനെ മഞ്ഞുപോലെ വെളുപ്പിച്ചു— ഞാൻ അഹങ്കാര

ത്താലും നിങ്ങൾ ബലഹീനതയാലും അദ്ദേഹത്തെ ഉപദ്ര വിച്ചു. എളിമവഴിയായി അദ്ദേഹം എന്നെ ശുദ്ധീകരിച്ചു– നിങ്ങൾക്കു ശക്തി നൽകി നിങ്ങളെ അദ്ദേഹം ഉദ്ധരിക്കും.

(പരിശുദ്ധ ക. മറിയം, ക്ലെയൊപ്പാമറിയം, എ സ്ഥേർ, വെറോനിക്കാ എന്നിവർ വലത്തുവശത്തുകൂടെ പ്ര വേശിക്കുന്നതിനെ അവർ കാണുന്നു.) ഓ! ഇതാ മാതാ വായ മറിയം.

നിക്കോദേമ്മോസ്— (പരിശുദ്ധ മറിയത്തിൻെറ വസ്ത്രാഗ്രം മുട്ടുകുത്തി ചുംബിക്കുന്നതിനു അവളെ സമീപി ക്കയിൽ) നാഥെ! സുരക്ഷിതമായി അങ്ങെ ഇവിടെ കാക്കു ന്നതിനുവേണ്ടിയാണു ഇങ്ങോട്ടു അങ്ങെ ക്ഷണിച്ചതു്. അ ങ്ങെ പുത്രൻ അന്നാസിൻെറയും കയ്യാപ്പായുടെയും അധീ നത്തിലാണു്. എന്നാൽ റോമ്മാക്കാരനായ പീലാത്തോ സ്സ് ഗവർണ്ണർ എന്ന നിലയിൽ പ്രവേശിച്ചു അദ്ദേഹ ത്തെ വിട്ടുവിക്കുമെന്നാണു ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. പീലാത്തോസിൻെറ സമ്മതംകൂടാതെ അദ്ദേഹത്തിനു യാ തൊന്നും സംഭവിക്കയില്ല. അറിമത്തായക്കാരൻ യൌസേ പ്പു പീലാത്തോസിൻെറ പക്കൽ മാദ്ധ്യസ്ഥം പറയുന്നതി നായി പോയിട്ടുണ്ടു്. എല്ലാം ശുഭമായി പര്യവസാനിക്കു മെന്നു നമുക്കു ആശിക്കാം. (പരിശുദ്ധമറിയം വിനയപൂ ൎവ്വം തലകുനിച്ചു അവളുടെ മനോവഴക്കത്തെ പ്രദൎശിപ്പി ക്കുന്നു. മററുള്ളവർ വലിയ വണക്കത്തോടെ ചുററുംനി ല്ക്കുന്നു. ഈ കാഴ്ച കുറേനേരം നീണ്ടുനില്ക്കുന്നു.)

തിരശ്ശീല.

മൂന്നാം അങ്കം.

രംഗം ൧.

(പീലാത്തോസിന്റെ ന്യായാസനമണ്ഡപത്തിൻ മുമ്പാകെയുള്ള മുററം. പിൻഭാഗത്തു മണ്ഡപത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ആർച്ച് വാതിൽ കാണപ്പെടുന്നു. ഈ വാതില്ക്കൽ ഒരു തിരശീല ഇടുന്നതുകൂടാതെ മുൻവശത്തു നടയും കെട്ടിയിരുന്നാൽ നല്ലതു്. പീലാത്തോസും, ലൊക്കീനോസും ഈ പ്രവേശനത്തിൽകൂടി വരികയും പോവുകയും ചെയ്യുന്നു. മുററത്തിന്റെ ഇടത്തുവശത്തുകൂടെയാണു പടിവാതില്ക്കലേക്കുള്ളവഴി കിടക്കുന്നതു്. ആചാൎയ്യന്മാരും ഹേറോദേസും ഈ വഴി പ്രവേശിക്കുന്നു. മുററത്തിന്റെ വലത്തുവശത്തുകൂടെ പീലാത്തോസിന്റെ അരമനയിലേക്കുള്ള വഴി കിടക്കുന്നു. പ്രൊക്കുളം മാത്രമെ ഈ വഴിക്കു പ്രവേശിക്കുന്നൊള്ളു. പടിവാതിലാകട്ടെ അരമനയാകട്ടെ കാഴ്ചയിൽപെടുന്നില്ല.

നാലു റോമൻപടയാളികൾ വാതിലിന്റെ ഇരുവശത്തും ഈരണ്ടു പേരായി കാവൽ കാക്കുന്നു. അറിമത്തായക്കാരൻ യൌസേപ്പു ഇടത്തുവശത്തുകൂടെ പ്രവേശിക്കുന്നു.)

യൌസേപ്പ്— (ഏററം അടുത്ത പടയാളിയോടു) ഗവർണരായ പീലാത്തോസിനെ കണ്ടു സംസാരിക്കുന്നതിനു ആഗ്രഹിക്കുന്നു.

പടയാളി— താൻ ആരാണു്?

യൌസേപ്പ്— എന്റെ പേരു യൌസേപ്പ് എന്നാണു്. ഞാൻ ആലോചനാസംഘത്തിലെ ഒരു അംഗവും അറിമത്തായ സ്വദേശിയും ആകുന്നു.

പടയാളി— ഞാൻപോയി ശതാധിപനായ ലൊക്കിനൈക്കണ്ടു കാൎയ്യം പറയാം. (അയാൾ മണ്ഡപത്തിൽ

പ്രവേശിച്ച താമസിയാതെ ലൊങ്കീനോസിനോട്ട കൂടെ തിരികെ വരുന്നു.)

ലൊങ്കീനോസ്- നിങ്ങൾക്കു പീലാത്തോസിനെ കാണണം അല്ലേ? എന്താണു കാൎയ്യം.

യൌസേപ്പ്- നസ്രായക്കാരൻ ഈശോയെപററി എനിക്കു അദ്ദേഹത്തോട്ട ചിലതൊക്കെയും ബോധിപ്പിക്കാനുണ്ട്.

ലൊങ്കീനോസ്- ഇസ്രായേൽക്കാരുടെയും അവരുടെ നായകന്മാരുടെയും പ്രവൃത്തികൾക്കും അഭിപ്രായങ്ങൾക്കും താൻ അനുകൂലിയോ പ്രതികൂലിയോ.

യൌസേപ്പ് — ഞാൻ വലിയപ്രതികൂലിയാണ്. പീലാത്തോസിനെകണ്ടു അദ്ദേഹത്തെ വിട്ടവിക്കുന്നതിനാണു ഞാൻ ശ്രമിക്കുന്നത്. ഈശോ നിരപരാധിയാണ്. യാതൊരുത്തക്കും യാതൊരു ഉപദ്രവവും ചെയ്തിട്ടില്ല. മറിച്ച എല്ലാവക്കും അദ്ദേഹം നന്മചെയ്തുകൊണ്ടുവന്നിരുന്നു.

ലൊങ്കീനോസ് — നിങ്ങളുടെ ശ്രമം വ്യൎത്ഥമാണെന്നാണു എനിക്കു തോന്നുന്നത്. "ഇയ്യാളിൽ യാതൊരു കുററവും കാണുന്നില്ല" എന്നു പറഞ്ഞു പീലാത്തോസു സന്തോഷപൂൎവ്വം അയാളെ വിട്ടയക്കുമായിരുന്നു. പക്ഷെ യൂദന്മാർ ഇതിനു അശേഷം സമ്മതിക്കുന്നില്ല- അദ്ദേഹത്തെ കൊല്ലണമെന്നു അവർ ശഠിച്ചുകൊണ്ടിരിക്കുന്നു. ഈശോ ഹെറോദേസിൻെറ അധികാരത്തിൽപെട്ട ആളാണെന്നു കേൾക്കയാൽ പീലാത്തോസ് ഈശോയെ അയാളുടെ പക്കൽ അയച്ചു. എന്നാൽ അയാളും അയാളുടെ സേവകരും അദ്ദേഹത്തെ ആക്ഷേപിക്കയും പരിഹസിക്കയും ചെയ്തശേഷം വീണ്ടും പീലാത്തോസിൻെറ പക്കലേക്കു അയച്ചിരിക്കയാണ്.

യൌസേപ്പ്- ഈശോ ഇപ്പോൾ എവിടെയാണ്?

ലൊങ്കീനോസ്- അയാളിതാ ആ മണ്ഡപത്തിനകത്തുണ്ട്- ന്യായാസനത്തിൻെറ മുമ്പാകെ നിൽക്കുന്നു. യൂദന്മാരുടെ പതിവിൻപ്രകാരം അവൎക്കു ഈശോയെ വിട്ട

കിട്ടണമോ അതോ ബറാബാസിനെ വേണമോ എന്നു ഇപ്പോൾ തന്നെ ചോദിക്കുന്നതു താൻ കേട്ടില്ലേ. അവർ ബറാബാസിനെ വേണമെന്നു അട്ടഹസിച്ചു പറഞ്ഞുകഴിഞ്ഞു.

യൌസേപ്പ്— നീതിയേയും റോമ്മായുടെ സൽക്കീൎത്തിയേയും പാലിക്കുന്നതിനായി പീലാത്തോസു ഈശോയെ വിട്ടുവിക്കാതെ ഇരിക്കുമോ?

ലൊങ്കീനോസ്— ഈശോ മരിക്കുന്നെങ്കിൽ അതിന്റെ കുററവാളികൾ അയാളുടെ സജാതീയരും സ്നേഹിതരും ചാൎച്ചക്കാരുമായിരിക്കുമല്ലോ— അവരുടെ മനോഭാവം ഞാൻ മനസ്സിലാക്കുന്നെങ്കിൽ അദ്ദേഹം അവരുടെ കൈകളിൽനിന്നു രക്ഷപെടാതിരിക്കുന്നതിനുവേണ്ടി ഉടനെ വീണ്ടും അവർ പരിശ്രമിക്കും.

യൌസേപ്പ്— തക്ക അവസരം കഴിയുന്നതിനുമുമ്പു പീലാത്തോസിനെ ഒന്നു കണ്ടാൽകൊള്ളാമായിരുന്നു.

ലൊങ്കീനോസ്— (കുറെനേരം അയാളെ സൂക്ഷിച്ചു നോക്കി നിൽക്കുന്നു.) നിങ്ങൾ കുറെ ധൈൎയ്യവാനാണല്ലോ. നിങ്ങളുടെ ജാതിക്കാരെ സൂക്ഷിച്ചുകൊള്ളണം അല്ലെങ്കിൽ അവർ താങ്കളെയും കൊന്നുകളയും. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ വിട്ടുഓടിക്കളഞ്ഞതു വളരെ ബുദ്ധിപൂൎവ്വമാണ്. (ഒരു കാവൽ പടയാളിയോടു) ഇവിടെവെച്ചു പീലാത്തോസിനെ കാണുന്നതിനു ലൊങ്കീനോസു ആഗ്രഹിക്കുന്നുവെന്നു അദ്ദേഹത്തോടു ചെന്നു പറയൂ.

(പടയാളി വാതില്ക്കൽക്കൂടി മണ്ഡപത്തിലേക്കുപോകുന്നു. ദൂരെആയി ബഹളം കേൾക്കുന്നു. താമസിയാതെ ഇടത്തുവശത്തുകൂടെ ഒരു റോമൻപടയാളി പ്രവേശിക്കുന്നു)

പടയാളി— (ലൊങ്കീനോസിനു സലാംചെയ്തുകൊണ്ടു) യജമാനനെ! പടിവാതില്ക്കൽ വലിയ ബഹളമാണു നടക്കുന്നതു്. അവർ വലിയ സ്വരത്തിൽ അട്ടഹസിക്കയും

ക്രൂവുകയും കല്ലുകൾകൊണ്ടും ആയുധങ്ങൾകൊണ്ടും ഭയപ്പെടുത്തുകയുംചെയ്യുന്നു.

ലൊങ്കിനോസ്— ഞാൻ പറഞ്ഞില്ലെ! ചോരയുടെ മണമേററ ചെന്നായ്ക്കളെപ്പോലെ അവർ കോപവെറി പൂണ്ടിരിക്കയാണ്. അദ്ദേഹത്തെ ഇപ്പോൾ അവരുടെ കയ്യിൽ കിട്ടാമെങ്കിൽ അവർ അവയവങ്ങളോരോന്നും വലിച്ചു ചീന്തിക്കളയും. ആചാര്യന്മാരും മൂപ്പന്മാരും പണിനല്ലവണ്ണം ഇണക്കീട്ടുണ്ട്. ഈ ഈശോ മരിച്ചതുപോലെ കണക്കാക്കിക്കൊള്ളാം. (പീലാത്തോസു വാതിക്കൽക്കൂടെ പ്രവേശിക്കുന്നു. ദൂരെയുള്ള ബഹളം നടന്നുകൊണ്ടിരിക്കുന്നു. അല്പനേരം പീലാത്തോസു സമാധാനപൂർവ്വം നോക്കിനില്ക്കുന്നു)

പീലാത്തോസ്— ലൊങ്കിനോസെ! (ലൊങ്കിനോസു സലാംചെയ്യുന്നു.) ലൊങ്കിനോസെ! പടിവാതില്ക്കൽ വലിയ ബഹളം, അവിടെ കാവൽക്കാരെ വർദ്ധിപ്പിച്ചു ജനങ്ങളെ തടഞ്ഞു നിവൃത്തണം.

ലൊങ്കിനോസ്— ഉത്തരവു, ഈ കാവൽകാരൻ അവിടത്തെ ബഹളത്തെപ്പററി ഇവിടെ വന്നു അറിയിക്കയായിരുന്നു. (കാവൽക്കാരൻെറനേരെ തിരിഞ്ഞു) അത്രയുംകൂടെ കാവൽക്കാരെ വിളിച്ചു നിത്തികൊള്ളണം. ആരെയും അകത്തു വിടരുത്.

(കാവൽക്കാരൻ സലാംചെയ്തു ഇടത്തുവശത്തുകൂടെ പോകുന്നു. അറിമത്തായക്കാരൻ യൌസേപ്പു അവസരം നോക്കി അവിടെതന്നെ നില്ക്കുന്നു.)

പീലാത്തോസ്— ലൊങ്കീനോസെ! റോമാസാമ്രാജ്യം ഇവിടെ ഈ പലസ്തീനായിൽ ഭരിക്കുന്നതു ഒരു പ്രത്യേകജനത്തെത്തന്നെയാണ്. അനുദിനം അവളുടെ ജോലി വിഷമകരമായിത്തീരുന്നു.

ലൊങ്കിനോസ്— ദേവന്മാർ അവൾക്കു വിധിച്ചജോലി അല്ലേ അതു്?

പീലാത്തോസ്— അതെ-അതെ അവളുടെവിധി ലോ

കത്തെ പരിഷ്കരിക്കുന്നതിനും ഭരിക്കുന്നതിനുമുള്ളവിധി-ലൊങ്കീനോസേ ഡാന്യൂബ് നദീതീരത്തിലുള്ള കാട്ടാള ജാതിയെ ഇണക്കുന്നതാണ് കലഹപ്രിയന്മാരായ ഈ യൂദജനത്തെ ഭരിക്കുന്നതിലുമെളുപ്പം നിശ്ചയം. ഇവരുടെ പെരുന്നാളുകൾ അടുത്തു വരുമ്പോൾ മതഭ്രാന്താൽ ഇവരുടെ രക്തം തിളക്കുക പതിവാണ്. ഇവരുടെ പാരമ്പര്യവും, മുറകളും ദീർഘദർശനങ്ങളും പ്രസംഗങ്ങളുമെല്ലാം ലഹരിപിടിപ്പിക്കുന്ന വീഞ്ഞുപോലെ അവരുടെ തലച്ചോറിൽ തട്ടും. നമ്മോടു അവക്ക് വെറുപ്പാണ്. എന്നതന്നെയല്ല, ലൊങ്കീനോസെ! അവർ നമ്മെ നിന്ദിക്കുകതന്നെ ചെയ്യുന്നു. പുറമെ കാണിക്കുന്നില്ലെന്നേയുള്ളൂ.

(അല്പം താമസിച്ചിട്ടു) അല്ലാ നിങ്ങൾ എന്നെ ഇങ്ങോട്ടു വിളിച്ചതു എന്തിനാണ്.

ലൊങ്കീനോസ്- (യൌസേപ്പിനോടു മുമ്പോട്ടു വരുന്നതിനു അടയാളം കാണിച്ചുകൊണ്ടു) ഇതാ ഇയാൾ ആലോചനാസംഘത്തിൽപെട്ട ഒരു യൂദപ്രമാണിയാണ്. അങ്ങേക്കുണ്ടു അയാൾക്കു എന്തോ പറവാനുണ്ടത്രെ. ഇയാളുടെപേരു ജോസഫ് എന്നാണ്. അരിമത്തായാണ് അയാളുടെ സ്വദേശം.

പീലാത്തോസ്- (യൌസേപ്പിൻെറനേരെ ശ്രദ്ധാപൂർവ്വം നോക്കീട്ടു) ആ! ഇപ്പോൾ ഞാൻ നിങ്ങളെ ഓർമ്മിക്കുന്നു. മേല്പട്ടക്കാരനിൽനിന്നു നിങ്ങൾക്കു വല്ല ദൂതുമുണ്ടോ?

യൌസേപ്പ്— ഇല്ലാ പീലാത്തോസേ! യാതൊന്നുമില്ല- ന്യായാസനമണ്ഡപത്തിൽ നിങ്ങളുടെ ഒരു തടവുകാരനായിരിക്കുന്ന ഈശോ എന്ന മനുഷ്യനെപ്പററി നിങ്ങളോടു ഒരുകാര്യംഅപേക്ഷിപ്പാനുണ്ടു്. (യാചനാഭാവത്തിൽ) അല്ലയോ പീലാത്തോസേ! പൊന്നെജമാനനെ! അദ്ദേഹം നീതിമാനും നിരപരാധിയുമാകുന്നു. ഈ നരകീയ ചെന്നായ്ക്കളിൽനിന്നു അദ്ദേഹത്തെ രക്ഷിക്കുന്നതിനു ദയയുണ്ടാകണമെ.

പീലാത്തോസ്-കൊള്ളാം,കൊള്ളാം.യൂദൻെറ ഒരു

പുതിയ സൂത്രം കണ്ടില്ലേ. അതും ഒരു പ്രമാണിയുടെ വായിൽനിന്നു വരുന്നതു്..... എടോ ഇതുതന്നെയാണു എൻെറ ആഗ്രഹമെന്നു നിങ്ങൾക്കു മനസ്സിലായില്ലേ. ഇസ്രായേലിലെ ആചാര്യന്മാരും മൂപ്പന്മാരും എന്നല്ലാ പ്രധാനാചാര്യൻതന്നെയുമാണു് അദ്ദേഹത്തെ നശിപ്പിക്കണമെന്നു ശപഥം ചെയ്തിരിക്കുന്നതു്.

യൌസേപ്പ്— അതു ശരിയാണു്. എന്നാൽ പീലാത്തോസെ! അങ്ങു അവരുടെ ഇഷ്ടത്തിനു സമ്മതിച്ചുകൊടുക്കരുതേ. (പറയാൻ മടിക്കുന്നു) പീലാത്തോസേ! ഞാൻ നിങ്ങളോടു മുന്നറിയിക്കുന്നു, സർവ്വവ്വണക്കബെഹുമാനങ്ങളോടുകൂടെ മുൻകൂട്ടിപറയുന്നു, നിങ്ങൾ ഈ മനുഷ്യനെ ശിക്ഷക്കു വിധിക്കുമെങ്കിൽ, നിങ്ങളുടെ നാമം എല്ലാക്കാലത്തേക്കും ചരിത്രത്തിൽ ശപിക്കപ്പെട്ടതായി ഗണിക്കപ്പെടും.

പീലാത്തോസ്— (അയാളുടെ നേരെ കോപഭാവത്തോടെ നോക്കുന്നു.) എൻെറ നാമം എല്ലാകാലത്തേക്കും ചരിത്രത്തിൽ ശപിക്കപ്പെട്ടതായി ഗണിക്കപ്പെടുമെന്നൊ— ഇവ വളരെ കഠിന വാക്കുകളാണു്.

യൌസേപ്പ്— എൻെറ മനോവികാരങ്ങൾ അത്ര ശക്തിയുള്ളവയാണു്. ഈ മനുഷ്യൻ ഇപ്രകാരം മരിക്കുന്നപക്ഷം അതു സ്വർഗ്ഗത്തിനെതിരായ ഒരു പ്രത്യക്ഷ പാതകമായിരിക്കും. അദ്ദേഹം ഇസ്രായേലിൻെറ ദീർഘദർശികളിൽ ഏററം വലിയവനാകുന്നു (അകലെയായി ബഹളം കേൾക്കുന്നു.)

പീലാത്തോസ്— അതെ— ഇയ്യാൾ നിങ്ങളുടെ പ്രവാചകന്മാരിൽ ഒരുവനാണെങ്കിൽ അതു വിശ്വസിക്കുന്നതിനു എനിക്കു യാതൊരു പ്രയാസവുമില്ല. എന്തെന്നാൽ ദീർഘദർശികളിൽ ആരും ഇത്ര വെറുക്കപ്പെട്ടിട്ടില്ല. അവരെയെല്ലാവരെയും കല്ലെറിഞ്ഞുകൊന്ന ആ ജാതി ഇയാളെ വിട്ടേയ്ക്കുമോ (ലൊങ്കിനോസിനോടു്) ശതാധിപാ— പടിവാതില്ക്കലുള്ള ബഹളം ഞാൻ ഭയപ്പെടുന്നു— നി

ങ്ങൾ തന്നെ പോയി എന്തൊക്കെയാണെന്ന അന്വേഷി ച്ചുവരിക. (ലൊങ്കീനോസു സലാം ചെയ്തു ഇടത്തുവശത്തു ക്രൂടെ പുറത്തുപോകുന്നു.)

യൌസേപ്പ്— പീലാത്തോസേ! അദ്ദേഹത്തെ രക്ഷി ക്കുക. തൻമൂലം അങ്ങു എൻെറ ജാതിക്കാരെ അവരുടെ അജ്ഞതയിൽ നിന്നും ദുഷ്ടതയിൽ നിന്നും രക്ഷിക്കും— യൂ ദന്മാരെ അവരിൽ നിന്ന അങ്ങു രക്ഷിച്ചാലും.

പീലാത്തോസ്— ഞാൻ എന്താ ഒരു യൂദനാണോ? യൂദനും യൂദനും തമ്മിൽ തൂക്കിനോക്കേണ്ട കടമ എനിക്കു ണ്ടോ? നിയമത്തിനു വിരോധമായി അയാൾ തെററുചെ യ്തിട്ടില്ലെങ്കിൽ ഞാൻ അയ്യാളെ ശിക്ഷിക്കയില്ല. (ലൊങ്കീ നോസു തിരിച്ചുവന്നു.)

ലൊങ്കീനോസ്— യജമാനനെ! ബഹളം വല്ലാതെ വർദ്ധിക്കുന്നു. ജനക്കൂട്ടം പടിവാതിൽ പൊളിച്ചുകയറുമെ ന്ന ഭാവമാണു കാണുന്നത്. ആപൽക്കരമായ അവരുടെ കാട്ടാളസ്വഭാവം പുറത്തു കാണപ്പെടുന്നുണ്ട്. രക്തംചൊ രിച്ചിൽ ഉണ്ടായേക്കും. (ദൂരത്തു ബഹളം വർദ്ധിക്കുന്നു.)

പീലാത്തോസ്— (കോപിച്ചുകൊണ്ടു) ഇത്ര മൂഢീയ വൈരത്തോടു എന്താണു ചെയ്യാൻ സാധിക്കുന്നതു (യൌ സേപ്പിനോടു) പോയി താൻ തന്നെ തൻെറ ജനത്തോടു ന്യായവാദം ചെയ്തുകൊള്ളൂ. (മനഃചാഞ്ചല്യത്തോടെ അ ല്പനേരം മൌനമായിരിക്കുന്നു) അതു വേണ്ടാ......,.. ലൊങ്കീനോസെ! അവരിൽ പ്രധാനികളായ ചില പട്ട ക്കാരെയും മൂപ്പന്മാരെയും കണ്ടു ഞാൻ നേരിട്ടു സംസാരി ക്കാമെന്നു അറിയിക്കുക.

(ലൊങ്കീനോസു സലാംചെയ്തു പുറത്തുപോകുന്നു— താമസിയാതെ കുറേ ആചാര്യന്മാരും പ്രമാണികളും പ്ര വേശിക്കുന്നു. ഇടത്തുവശത്തെ അററത്തു രണ്ടുമൂന്നുപേർ കാണത്തക്കവണ്ണം നിൽക്കുന്നു. മററുള്ളവർ അവരുടെ പിറകിലും പാർശ്വങ്ങളിലുമായി നിൽക്കുന്നു.)

മൂപ്പൻ– പീലാത്തോസേ! ഞങ്ങൾക്ക അങ്ങയോടും ചിലതൊക്കെ പറവാനുണ്ട്.

പീലാത്തോസ്– പറഞ്ഞുകൊള്ളണം കേൾക്കട്ടെ.

മൂപ്പൻ–ജനങ്ങളുടെ ഇടയിൽ കുഴപ്പവും ഭിന്നതയും ഉണ്ടാക്കുന്ന ദൈവദൂഷണക്കാരനായ ഈശോയെപററിയാണ ഞങ്ങൾക്ക പറവാനുള്ളത്.

ആചാൎയ്യൻ–അതുതന്നെയല്ല പീലാത്തോസെ! റോമ്മായിക്കും റോമ്മായുടെ ചക്രവൎത്തിക്കും എതിരായി കലഹവും!

പീലാത്തോസ്– ദേവന്മാരാണെ–ഞാൻ ഇനി എന്താണ നിങ്ങൾക്കായി ചെയ്യാനുള്ളത്? ബറാബാസിനെ നിങ്ങൾക്ക ഞാൻ വിട്ടുതന്നു. ഈശോയെ അതിഭയങ്കരമായി ഞാൻ അടിപ്പിച്ചു. പക്ഷെ വാസ്തവത്തിൽ അയാൾ നിരപരാധിയാണ്.

ആചാൎയ്യൻ– ഹും–അവൻ റോമ്മായുടെ ശത്രുവാണ്.

പീലാത്തോസ്– റോമ്മായുടെ ശത്രുവൊ? ഹ! കൊള്ളാം. ഈ പ്രാസംഗികനു റോമ്മാസാമ്റാജ്യത്തോട എന്താണ ചെയ്യാൻ സാധിക്കുക!

മൂപ്പൻ– ഇയ്യാൾ ഞങ്ങളുടെ ജാതിയെ ക്ഷോഭിപ്പിച്ചു കേസറിനു കപ്പംകൊടുക്കരുതെന്നു പറഞ്ഞതായി ഞങ്ങൾക്കറിയാം. (സ്വരം ഉയരുന്നു.) മിശിഹാരാജാവു അയ്യാളാണെന്നു പ്രഖ്യാപനവും ചെയ്തിട്ടുണ്ട്.

പീലാത്തോസ്–(കുറെനേരം മൌനമായിരുന്നശേഷം) ഞാൻ ഇയ്യാളിൽ യാതൊരു കുററവും കാണുന്നില്ല.

മൂപ്പൻ– ഇവൻ യൂദയാരാജ്യം മുഴുവനും പ്രസംഗിച്ചു നടന്നു ജനങ്ങളെ ക്ഷോഭിപ്പിച്ചിരിക്കുന്നു.

പീലാത്തോസ്– ജനങ്ങളെ വഞ്ചിക്കുന്ന കുററംചുമത്തി ഇവനെ നിങ്ങൾ എൻെറ പക്കൽ കൊണ്ടുവന്നു. ഞാൻ നിങ്ങളുടെ മുമ്പാകെവെച്ചു അവനെ വിസ്തരിച്ചു. പക്ഷെ അവനിൽ യാതൊരു കുററവും ഞാൻ കാണുന്നി

ല്ല. അവനെ ഹേറോദേസിൻെറ പക്കലും ഞാൻ അയച്ചു. അദ്ദേഹവും മരണത്തിനു യോഗ്യമായ യാതൊരു കുററവും അവനിൽ കണ്ടില്ല. ഞാൻ അവനെ അടിപ്പിച്ചു. ഇനി അവനെ വിട്ടുകളയും.

ആചാര്യൻ. (ഭയപ്പെടുത്തുന്ന ഭാവത്തിൽ) നീ ഇവനെ വിട്ടയച്ചാൽ..... നീ കേസറിൻെറ സ്നേഹിതനല്ല. ഇതുകേട്ടോ പീലാത്തോസെ! നീ കേസറിൻെറ... സ്നേഹിതനല്ല.

പീലാത്തോസ് (അയാളുടെ നേരെ കശ്നമയി നോക്കുന്നു) പിന്നെ എന്താണു ഞാൻ നിങ്ങളുടെ രാജാവിനെ കുരിശിൽ തറയ്ക്കണമോ?

മൂപ്പൻ— ഞങ്ങളുടെ രാജാവു കേസറാണ്. കേസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല.

എല്ലാവരും— (പലപ്രാവശ്യം ഉച്ചസ്വരത്തിൽ പറയുന്നു.) കേസറല്ലാതെ ഞങ്ങൾക്കു രാജാവില്ല. കേസറാണു ഞങ്ങളുടെ രാജാവ്.

പീലാത്തോസ്— (എതിരർത്ഥമുള്ള ചിരിയോടെ) ഓ! യൂദായിലെ രാജഭക്തിയുള്ള ഹൃദയങ്ങൾ– കേസർ ചക്രവർത്തിയുടെ കീർത്തനങ്ങളെ പാടുന്നു.

വിശ്വസ്ത ജനങ്ങൾ— (അകലെ അട്ടഹാസ നിലവിളികൾ)

ആചാര്യൻ— പുറത്തെ പടിവാതില്ക്കൽ ജനങ്ങളുടെ നിലവിളി കേട്ടോ പീലാത്തോസേ? അവനെ കുരിശിൽ തറയ്ക്കണമെന്നാണ്.

ഒരു സ്വരം— ഓ പീലാത്തോസെ? അവനെ കുരിശിൽ തറക്കുക.

[നിലവിളികേട്ടു പീലാത്തോസിൻെറ മുഖത്തു വെറപ്പും ബലഹീനതയും പ്രത്യക്ഷപ്പെടുന്നു.]

ഒരു സ്വരം— പീലാത്തോസെ! ജനഹിതത്തെ ശ്രവിക്കുക.

ഒരു സ്വരം— നിന്നെക്കാൾ അധികമായി അവ

ന്റെ സ്വന്തജനമായ ഞങ്ങൾ അവനെ അറിയുന്നു. പീലാത്തോസെ— അവനെ കുരിശിൽ തറക്കുക. [ബഹളവും അവനെ കുരിശിൽ തറക്കുക എന്ന സ്വരവും സർവ്വത്ര കേൾക്കപ്പെടുന്നു.] പീലാത്തോസ് കോപത്തോടെ അവരുടെ നേരെ തിരിഞ്ഞു നിശബ്ദമായിരിക്കുന്നതിനു അടയാളം കാണിക്കുന്നു.]

പീലാത്തോസ്— [ലൊങ്കീനോസിനോടു] തൂകൽ കടലാസു കൊണ്ടുവരാൻ പറയൂ. [ലൊങ്കീനോസു പിൻഭാഗത്തുള്ള വാതലിൽക്കൂടെ പ്രവേശിച്ചു ഒരു കുട്ടിയെക്കൊണ്ടു കടലാസും മററും എടുപ്പിച്ചുവരുന്നു. ഇതിനിടക്കു മൂപ്പന്മാരും മററും ക്ഷോഭിച്ചു സംസാരിക്കയും ദേഷ്യഭാവങ്ങൾ കാണിക്കയും ചെയ്യുന്നു. റോമൻ പടയാളികൾ ഇവയൊക്കയും അലക്ഷ്യഭാവത്തിൽ നോക്കിയിരുന്നു. പീലാത്തോസു എഴുതുവാൻ തുടങ്ങിയപ്പോൾ എല്ലാം മൌനമായി.]

പീലാത്തോസ് (എഴുതിയ ചുരുൾ ലൊങ്കീനോസിനെ ഏല്പിച്ചിട്ടു) ഇതാ വിധിതീർപ്പ്. അവനെ കാൽവറിമലയിൽ കൊണ്ടുപോയി കുരിശിൽ തറക്കുക. (അങ്ങുമിങ്ങും സന്തോഷസ്വരങ്ങൾ പതുക്കെ കേട്ടുതുടങ്ങി. പീലാത്തോസ് അതിനെ അമർത്തി വീണ്ടും എഴുതുന്നു.)

പീലാത്തോസ്— കുരിശിൻെറ മേൽഭാഗത്തു പതിക്കാനുള്ള തലവാചകമിതാ. (വീണ്ടും സന്തോഷസ്വരങ്ങൾ കേൾക്കപ്പെടുന്നു.)

ഒരുസ്വരം. പീലാത്തോസ് മഹാനാകുന്നു. ഹുറൈ!

ഒരുസ്വരം. കേസർ മഹാനാകുന്നു. ഹുറൈ.

ഒരുസ്വരം. ഗംഭീരാശയനായ റോമ്മാക്കാരൻ ഹുറൈ. ഹുറൈ.

(പീലാത്തോസ്, മൌനമായിരിക്കുന്നതിനു അടയാളം കാണിക്കുന്നു.)

പീലാത്തോസ്- ചെന്നായ്ക്കളെ ഇനി നിങ്ങളുടെ നിഷ്ഠൂര നഖങ്ങൾ ആ നിഷ്കളങ്കശരീരത്തിൽ കടത്തികൊ

ളളുവിൻ. (ലൊങ്കീനോസിനോട്, ഈ നിഷ്ഠുരപാതക ത്തിൽ എനിക്ക പങ്കുണ്ടാകാതിരിപ്പാൻവേണ്ടി കൈകൾ കഴകുന്നതിന കുറെ വെള്ളം കൊണ്ടുവരുവാൻപറയൂ.)

(ഒരുബാലൻ ഒരുതട്ടത്തിൽവെള്ളംകൊണ്ടുവരുന്നു.)

പീലാത്തോസ്– (പാത്രത്തിൽ കൈഇട്ടു കുറെ വെ ള്ളം തെറിപ്പിച്ച ശേഷം കൈ കഴകുന്നു.) ഈ മനുഷ്യ ന്റെ രക്തത്തിൽ എനിക്ക പങ്കില്ല.

പല സ്വരം— അയാളുടെ രക്തം ഞങ്ങളുടെമേൽ വീഴട്ടെ. അയാളുടെ രക്തം ഞങ്ങളുടെമേൽ വീഴട്ടെ. ഞ ങ്ങളുടെ സന്തതികളുടെമേലും വീഴട്ടെ. (ഇടത്തുവശത്തു വലിയ ബഹളത്തോടുകൂടിയ യാത്ര)

(ലൊങ്കീനോസു വാതില്ക്കൽ കൂടെ മണ്ഡപത്തിലേ ക്ക പ്രവേശിക്കുന്നു. രംഗത്തു പീലാത്തോസും അറിമത്താ യക്കാരൻ യൌസേപ്പും നാലു റോമൻ പടയാളികളും മാ ത്രം ശേഷിക്കുന്നു.)

പീലാത്തോസ്– (കുറെനേരം മൌനമായിരുന്നശേ ഷം യൌസേപ്പിനോടു) യൌസേപ്പേ! അവർ പറയുന്ന തു നിങ്ങൾ കേട്ടില്ലെ? പീലാത്തോസു വലിയ മഹാനാ ണെന്നു . . . . പീലാത്തോസു മഹാനാകുന്നു. ഗംഭീരാശയ നായ റോമ്മാക്കാരൻ . . . . അവരുടെ ഹൃദയത്തിൽ അ വർ എന്നെ നിന്ദിക്കുന്നു . . . . അജ്ഞാനിയായ പീലാ ത്തോസ് . . . . പീലാത്തോസ്, ആ റോമൻ നായ് . . . . ഇന്നലെ ഉൽക്കർഷം പ്രാപിച്ച ഒരു ജാതിയിൽ പെട്ട വൻ . . . . വിസ്മയംതന്നെ . . . . പക്ഷേ എന്നെ നിന്ദി ക്കുവാൻ അവൎക്ക തക്ക ന്യായമില്ല! ചക്രവൎത്തിയുടെ പ്ര തിനിധി ക്ഷോഭിച്ച ജനക്കൂട്ടത്തിന്റെ മുമ്പാകെ കൊട്ട ങ്കാററടിക്കുമ്പോൾ ഞാങ്കണപോലെ തലകുനിഞ്ഞുകൊ ടുത്തില്ലയൊ? ഇതു ശക്തിയാണൊ ബലഹീനതയാണൊ ആൎക്കറിയാം . . . . ആ ചെന്നായ്ക്കളുടെ കയ്യിൽ അവ രുടെ മുരളുന്ന ചുണ്ടുകളും ഇളിക്കുന്ന പല്ലുകളും കണ്ടു ഭയന്നു ഞാൻ ആ കുഞ്ഞാടിനെ ഏല്പിച്ചുകൊടുത്തില്ലെ?

അവനെ അവർ കടിച്ചുകീറി വിഴുങ്ങിക്കളയും പക്ഷെ എനിക്കു വിഷമം ഒഴിഞ്ഞുകിട്ടി.... ആദ്യംമുതൽ എനിക്കു അവനോടു പ്രീതിയാണു തോന്നിയതു്. എന്തു വിനയം—എത്ര ശാന്തത—അവൻെറ മുഖത്തിൽ!...അയാളുടെ മനഃശക്തി വിസ്മയനീയംതന്നെ.... പക്ഷെ എങ്ങിനെ ആയാലും അവനെ നിഗ്രഹിച്ചല്ലാതെ ഈ യൂദപ്പരിഷ അടങ്ങുമായിരുന്നില്ല. ആ ശ്രേഷ്ഠ നെററിത്തടത്തിൽ "ദുഃഖപര്യവസായ നാടകം" എന്നു മുദ്രിതമായിരുന്നു. (യൌസേപ്പു വ്യസനപൂർവ്വം തലതാഴ്ത്തി ദൈവപിത്തത്തെ ആരാധിച്ചു നിന്നിരുന്നു.)

പീലാത്തോസു (യൌസേപ്പിനെ നോക്കി) സ്നേഹിതാ നമുക്കു നിവൃത്തി ഉണ്ടായിരുന്നില്ല. താനും ഞാനും അവൎക്കെതിരായി അശക്തരായിരുന്നു.

യൌസേപ്പ് .... അല്ല അവൎക്കെതിരായിട്ടല്ല, അയാൾക്കെതിരായിട്ട്.

പീലാത്തോസ്— "അയാൾക്കു എതിരായിട്ടു എന്നു നിങ്ങൾ പറയുന്നതു എന്തുകൊണ്ട്.

യൌസേപ്പ്— ഇപ്പോൾ എനിക്കു കാൎയ്യമെല്ലാം മനസ്സിലാകുന്നു, അദ്ദേഹം സ്വമേധയായിട്ടത്രെ മരണത്തെ കൈവരിക്കുന്നതു്. അദ്ദേഹം ഒരുമിച്ചു ബലിവസ്തുവും അൎപ്പിക്കുന്ന പുരോഹിതൻമായി തീരുന്നു.

പീലാത്തോസു— നിങ്ങൾ പറയുന്നതു എനിക്കു മനസ്സിലാകാത്ത എന്തോ രഹസ്യമാണ്. അയാൾ നിയമലംഘനം ചെയ്തതുകൊണ്ടല്ലെ ശിക്ഷിക്കപ്പെട്ടതു?..... നിങ്ങൾ ഇനി എന്താണു ചെയ്യാൻ പോകുന്നതു? നിങ്ങൾ അയാളുടെ പിൻഗാമികളിൽ ഒരുവനല്ലായിരുന്നോ?

യൌസേപ്പ്— ഞാൻ രഹസ്യത്തിൽ അയാളുടെ ഒരു ശിഷ്യനായിരുന്നു.... ഇപ്പോഴാവട്ടെ സന്ദൎഭം കഴിഞ്ഞിരിക്കുന്നു. യൂദന്മാരുടെയും അന്ധകാരശക്തികളുടെയും നാഴികയായിപ്പോയി.... പീലാത്തോസേ! ഇനി ഞാൻ

പോകട്ടെ. അദ്ദേഹത്തിൻെറ അമ്മയെ വല്ലപ്രകാരവും ആശ്വസിപ്പിക്കാമൊ എന്നു നോക്കട്ടെ.

പീലാത്തോസ്— അയാളുടെ അമ്മയോ? എന്തൊരു വിസ്മയം! ഞാൻ ആ കാൎയ്യം തീരെ മറന്നുപോയി. അവളുടെ സ്ഥിതി എന്താണ്.

യൌസേപ്പ്— അവൾ ദാവീദുരാജാവിൻെറ കുമാരിയും ദൈവത്തിൻെറ മണവാട്ടിയും മനുഷ്യൻെറ മാതാവുമാകുന്നു.

പീലാത്തോസ്— നിങ്ങൾ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

യൌസേപ്പ്— ശരിതന്നെ— പീലാത്തോസെ, ഈ സംഗതികൾ വലിയവരിൽനിന്നു മറഞ്ഞിരിക്കും; ചെറിയവൎക്കു വെളിപ്പെടുത്തപ്പെടുകയും ചെയ്യും. ഇപ്രകാരമാണ് സത്യം അരുളിച്ചെയ്തിരിക്കുന്നതു്.

പീലാത്തോസ്— സത്യം! സത്യം! സത്യം! (സ്റ്റേയിജിൻെറ പിൻഭാഗത്തേക്കുമാറുന്നു) യൌസേപ്പേ! എന്താണ് സത്യം (കുറെക്കൂടെ നടന്നിട്ടു) സത്യമെന്താണ്? (വാതിൽക്കൽ നിന്നിട്ടു വീണ്ടും യൌസേപ്പിനോടു) സത്യമറിവാൻ— കഷ്ടം! ആൎക്കു സാധിക്കും?

(യൌസേപ്പു പീലാത്തോസിൻെറ നേരെ വിനയപൂൎവ്വം തലകുനിഞ്ഞു പോകുന്നു. പീലാത്തോസു അവിടെ നിന്നു അയാളുടെ പിറകെ സൂക്ഷിച്ചുനോക്കുന്നു. താമസിയാതെ ഒരു കാവൽ സേവകൻ പ്രവേശിക്കുന്നു.)

സേവകൻ— (സലാം ചെയ്തുകൊണ്ടു) യജമാനനെ! ഒരു യൂദപ്രമാണിയും ഒരു ആചാൎയ്യനും അങ്ങേ കാണുന്നതിനു വന്നു നില്ക്കുന്നു.

പീലാത്തോസ്—അവനോടു വരാൻ പറയൂ. (പ്രമാണിയും ആചാൎയ്യനും ഇടത്തുവശത്തുകൂടെപ്രവേശിക്കുന്നു.)

യൂദപ്രമാണി— യജമാനനെ! പീലാത്തോസെ! ഒരു കാൎയ്യം പറഞ്ഞുകൊള്ളട്ടെ.

പീലാത്തോസ്— എന്താണ് കാൎയ്യം പറയൂ.

യൂദപ്രമാണി– "യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ" എന്നാണ് ആ മനുഷ്യൻെറ കുരിശിൻ തലവാചകം എഴുതിയിരിക്കുന്നതു് ഇങ്ങിനെ അല്ല വേണ്ടതു്. ഇതു തെററിദ്ധാരണക്കു ഇടയാകും.

പീലാത്തോസ്– (അനിഷ്ടഭാവത്തിൽ) പിന്നെ എങ്ങിനെയാണു വേണ്ടതു്.

ആചാര്യൻ– "യൂദന്മാരുടെ രാജാവെന്നു അവൻ സ്വയം പറഞ്ഞു" എന്നു വേണം എഴുതുവാൻ.

പീലാത്തോസ്– (കോപത്തോടെ) ഞാൻ എഴുതിയതു എഴുതിയതുതന്നെ. മാററുകയില്ല.

പ്രമാണി– (ശക്തിയായി പ്രതിഷേധിച്ചുകൊണ്ടു) പക്ഷെ പീലാത്തോസെ നല്ലപോലെ ആലോചിക്കണം.

പീലാത്തോസു– (ഖണ്ഡിതമായി) എഴുതിയതു അങ്ങിനെതന്നെ എന്നു ഞാൻ പറഞ്ഞില്ലേ.

(അവർ പ്രതിഷേധിച്ചുകൊണ്ടും ഗോഷ്ഠി കാണിച്ചുകൊണ്ടും പോകുന്നു. പീലാത്തോസു അല്പനേരം നോക്കിനില്ക്കുന്നു.)

തിരശ്ശീല.

രംഗം ൨.

(രണ്ടാം അങ്കം ൧–ാംരംഗത്തിലെ 'സീൻ' തന്നെ. പൂൎണ്ണസൂൎയ്യപ്രകാശം തിരശ്ശീല ഉയരുമ്പോൾ സ്റ്റെയിജിലുള്ളവർ നിശ്ചലരായി നില്ക്കുന്നു. സംഭാഷണങ്ങൾ വികാരസംപൂൎണ്ണങ്ങളായിരിക്കും. എന്നാൽ താഴ്ന്ന സ്വരത്തിലായിരിക്കും. പിൻഭാഗത്തു ഇടത്തുവശത്തായി പ. ക. മറിയം കൈകൂപ്പി, തലകുനിഞ്ഞു ക്രൂശിയുടെ വലത്തുവശത്തോട്ടു തിരിഞ്ഞു മുട്ടുകുത്തിനില്ക്കുന്നു. സദസ്യൎക്കു മുഴുവനായി കാണത്തക്കവിധത്തിലായിരിക്കണം അവളുടെനില. അവളുടെ പ്രവൎത്തനങ്ങളാണു ഈ രംഗം മുഴുവ

നം ഏററം പ്രാധാന്യം ഉള്ളവ. മഗ്ദലേനാ, പിൻഭാഗത്തു മദ്ധ്യത്തിലായി പരിശുദ്ധമറിയത്തെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടു മുട്ടുകുത്തി നിൽക്കുന്നു. പാർശ്വമായി അവളുടെ മുഖഭാവം ദൃശ്യമായിരിക്കണം. ക്ലെയൊപ്പാമറിയം, നിക്കോദേമ്മോസിൻെറ ഭാര്യ എസ്തേർ, അയാളുടെ മകൾ വെറോനിക്കാ എന്നിവരും പരിശുദ്ധ മറിയത്തെ നോക്കിക്കൊണ്ടു ആ മുറിയിൽതന്നെ മുട്ടുകുത്തി നിൽക്കുന്നു. കുറെനേരത്തേക്കു ഈ കാഴ്ച ഇപ്രകാരം ദീർഘിക്കുന്നു. പിന്നീടു ഏററം നേരിയ സംഗീതം ആരംഭിക്കുന്നു. കുറെനേരം കഴിയുമ്പോൾ എസ്തേർ എഴുന്നേററു ക. മറിയത്തിൻെറ അടുക്കൽ ചെന്നു അവളുടെ ഉരത്തിന്മേൽ തൊടുന്നു. ക. മറിയം അശേഷം ഇളകുന്നില്ല. എസ്തേർ മററുള്ളവരുടെ നേരെ നോക്കുന്നു. ഭയംകൊണ്ടു കൈ ഉയർത്തുന്നു. പിന്നീടു മുട്ടുകുത്തുന്നു. നിക്കോദേമ്മോസു വലത്തുവശത്തുകൂടെ പ്രവേശിക്കുന്നു. ദുഃഖസംപൂർണ്ണമായ ഈ കാഴ്ച കണ്ടു എന്തുചെയ്യണമെന്നറിയാതെ അയാളും കുറേനേരം നോക്കിനിൽക്കുന്നു. കുറെനേരം കഴിയുമ്പോൾ വെറോനിക്കാ എഴുന്നേററു അവളുടെ പിതാവിനെ സമീപിക്കുന്നു.)

വെറോനിക്കാ—(ഭയന്നസ്വരത്തിൽ) അപ്പാ അവളിൽ അല്പംപോലും ചലനമില്ല. ഒരു വാക്കു ഉച്ചരിച്ചിട്ടുമില്ല. അവളെ ഉണർത്താൻ ഞങ്ങൾ ശ്രമിച്ചിട്ടു ഒട്ടും സാധിക്കുന്നില്ല. നാമിവിടെ ഉണ്ടെന്നുതന്നെ അവൾ അറിയുന്നില്ല. അവളെ സഹായിക്കുന്നതിനു ഒരുവിധത്തിലും ഞങ്ങൾക്കു കഴിയുന്നില്ല. . . . ഓ! പിതാവെ! എന്തുചെയ്യേണ്ടു.

നിക്കോദേമ്മോസു— ദുഃഖാബ്ധിയിൽ മുഴുകിയിരിക്കുന്നതിനു അവളെ അനുവദിക്കുന്നതിനെ നമുക്കു നിവൃത്തിയുള്ളു.

വെറോനിക്കാ— ദിവ്യ ഗുരുവിനെപ്പററി വല്ല അറിവുമുണ്ടോ?

നിക്കേദേമ്മോസ്— പല വർത്തമാനങ്ങളും നഗരത്തിൽ പരന്നിട്ടുണ്ട്. മകളെ അവസാനം വന്നുപോയി. യാതൊരു ശരണവുമില്ല എന്നാണു എനിക്കു തോന്നുന്നത്. (പരിശുദ്ധകന്യക ഒഴിച്ചുമററുള്ളവരെല്ലാം അയാളുടെ നേരെ നോക്കുന്നു. അവർ പ്രലപിച്ചു കരയുന്നു. മഗ്ദലേനാ എഴുന്നേററു നിക്കേദേമ്മോസിൻെറ പക്കൽ ചെല്ലുന്നു.)

മഗ്ദലേനാ—അവസാനമൊ? ഈശോയുടെ അവസാനമൊ? ജീവൻെറ ഉറവയായ അദ്ദേഹത്തിൻെറ അവസാനമൊ? അതു വരികയില്ല. ഒരിക്കലുമില്ല. അദ്ദേഹത്തിൻെറ മോക്ഷപിതാവു അദ്ദേഹത്തെ സംരക്ഷിക്കും. ശത്രുക്കളുടെ കയ്യിൽനിന്നു മാലാഖാമാർ അദ്ദേഹത്തെ വിടുവിക്കും. നിശ്ചയം. (അവൾ പിന്തിരിഞ്ഞു മുൻസ്ഥാനത്തു മുട്ടുകുത്തുന്നു. തത്സമയം പുറത്തെ വാതിൽക്കൽ ആരോ മുട്ടുന്നു. പ. മറിയം ഒഴിച്ചു എല്ലാവരും ഞെട്ടുന്നു. വെറോനിക്കാ സ്വരം കേൾക്കാതെ വാതിൽക്കൽ ഓടിച്ചെന്നു പുറത്തേക്കു നോക്കീട്ടു താഴ്ന്ന സ്വരത്തിൽ പറയുന്നു.)

വെറോനിക്കാ— അതു പത്രോസാണ്. ശെമയോൻ പത്രോസു—ശിഷ്യനായ യോഹന്നാനും.

നിക്കേദേമ്മോസു— വേഗം ചെന്നു അവക്കു വാതിൽ തുറന്നുകൊടുക്കുക.

(വെറോനിക്കാ, വലത്തുവശത്തുകൂടെ വേഗത്തിൽ പോയിട്ടു, പത്രോസിനോടും യോഹന്നാനോടുംകൂടെ തിരികെവരുന്നു. അവർ പരിഭ്രമത്തോടും വിസ്മയത്തോടും ചുററും നോക്കുകയിൽ പരിശുദ്ധ മറിയത്തെ കണ്ടു മുട്ടുകുത്തുന്നു. പത്രോസു നെഞ്ചത്തു അടിക്കുന്നു. കാഴ്ച ഈ സ്ഥിതിയിൽ കുറെനേരം നിൽക്കുന്നു. നേരിയ സംഗീതം വായിക്കുന്നു. താമസിയാതെ)

എസ്തേർ—(പത്രോസിനോടും യോഹന്നാനോടും) അമ്മ ഈ സ്ഥിതിയിലായിട്ടു പല മണിക്കൂറുകളായി.

അവൾ ദുഃഖത്താൽതന്നെ മരിച്ചുപോകുമെന്നാണു തോന്നുന്നതു്.

(പുറത്തെ വാതിൽക്കൽ ആരോ വീണ്ടും മുട്ടുന്നു. വെറോനിക്കാ വാതിൽക്കലേക്കു ഓടുന്നു. പുറത്തേക്കു നോക്കീട്ടു താഴ്ന്ന സ്വരത്തിൽ പറയുന്നു.)

വെറോനിക്കാ— അതു അരിമത്തായക്കാരൻ യൌസേപ്പാണു്.

നിക്കേദേമ്മോസ്— ഓടിച്ചെന്നു വാതിൽ തുറന്നു കൊടുക്കുക.

വെറോനിക്കാ— (ഓടിപ്പോകുന്നു. താമസിയാതെ യൌസേപ്പിനോടുകൂടെ തിരിച്ചുവരുന്നു. നിക്കേദേമ്മോസിനോടു)

അപ്പാ!— അമ്മ അനങ്ങുകയാകട്ടെ ഒരു വാക്കു ഉച്ചരിക്കയാകട്ടെ ചെയ്തില്ല എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

എസ്തേർ—(യൌസേപ്പിനോടു) അവൾ കരയുന്നുമില്ല. ഞരങ്ങുന്നുമില്ല. എല്ലാം ഉള്ളിൽ അടക്കുകയാണു ചെയ്യുന്നതു്. അവളുടെ ദുഃഖം ഒരു വസ്ത്രംപോലെ അവളെ ചുററിയിരിക്കുന്നു. പുറമെ നടക്കുന്നതൊന്നും അവൾ അറിയുന്നില്ല.

യൌസേപ്പ്—(പ. മറിയത്തെ നോക്കിക്കൊണ്ടു) അവൾ അവളുടെ പുത്രനിൽ ലയിച്ചിരിക്കയാണു്. അവളുടെ അരൂപി ഇവിടെയില്ല. അതു അയാളോടുകൂടിയാണു്. അവളും അദ്ദേഹത്തോടുചേർന്നു പാടുകൾ സഹിക്കുന്നു. അദ്ദേഹത്തെ ഏല്പിക്കുന്ന പീഡനങ്ങൾ അവളും സഹിക്കുന്നു. (എല്ലാവരും പ. മറിയത്തിൻെറ നേരെ നോക്കുന്നു.)

യൌസേപ്പ്— അദ്ദേഹത്തോടു ചെയ്യാത്ത യാതൊരു നിന്ദയുമില്ല. അദ്ദേഹം അനുഭവിക്കാത്ത പീഡയുമില്ല.... ഈ ഭയങ്കരദിവസം മുഴുവനും വീഞ്ഞുചക്കു അദ്ദേഹം തനിയെ ചവുട്ടി ... ഏകനായിട്ടുതന്നെ....

തന്റെ തിരുത്തോളിൽ അവർ കുരിശു വെച്ചപ്പോൾ ആപാദചൂഡം അദ്ദേഹം ഏകവ്രണമായിരിക്കുന്നതു ഞാൻ കണ്ടു. ഹാ! എത്ര ദയനീയം. (എല്ലാവരും പ. മറിയത്തിന്റെ നേരെ കണ്ണുപറിക്കാതെ നോക്കുന്നു.)

മഗ്ദലേനാ— കുരിശോ? കുരിശെന്നാണൊ നിങ്ങൾ പറഞ്ഞതു്. വിശ്വാസം തോന്നുന്നില്ല. അവർ അദ്ദേഹത്തെ ഒരു . . . ഒരു കുററക്കാരനെപോലെ കുരിശിൽ. . . തറയ്ക്കുമൊ?

യൌസേപ്പ്— ഇതാ ഇപ്പോൾതന്നെ അദ്ദേഹം ഈവഴി . . . രണ്ടു കള്ളന്മാരുടെ നടുവിൽ . . . കുരിശിന്മേൽ തറയ്ക്കപ്പെടുന്നതിനായി കൽവാറി മലയിലേക്കു . . . കുരിശും ചുമന്നുവരുന്നുണ്ടു്.

മഗ്ദലേനാ— (പ.മറിയത്തിന്റെ നേരെ തിരിഞ്ഞു നോക്കുന്നു.) ഹാ! കഷ്ടം! ഓ! മഹാസങ്കടം! ഇപ്പോൾ ഇതിന്റെ രഹസ്യമെല്ലാം എനിക്കു മനസ്സിലായി തുടങ്ങുന്നു. ആ കുരിശു മനുഷ്യരായ നമ്മുടെ പാപഭാരമത്രെ. ദുഃഖസംപൂൎണ്ണമായ ആ ഹൃദയത്തിൽനിന്നുഅവസാനതുള്ളിവരെയും രക്തം ചിന്തി നമ്മുടെ പാപങ്ങളെ കഴുകുന്ന ദൈവത്തിന്റെ ചെമ്മരിയാടു താൻതന്നെ. (അവളുടെ കണ്ണുകളും കരങ്ങളും ആകാശത്തേക്കു ഉയൎത്തുന്നു) സ്വൎഗ്ഗത്തിലിരിക്കുന്ന പിതാവെ! ഈ ദിവ്യരഹസ്യം വേണ്ടപോലെ മനസ്സിലാക്കുവാൻ ഞങ്ങൾക്കു കൃപചെയ്യണമെ. ഹാ! പാപം എത്ര കഠിനമായ തിന്മയാകുന്നു! ദൈവമെ! മനുഷ്യരുടെ നേരെ നിനക്കുള്ള സ്നേഹം എത്ര വലിയതു? അങ്ങെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ ഈശോ എത്രയോ സ്നേഹയോഗ്യൻ. നിന്റെ വിശുദ്ധകുരിശാൽ ലോകത്തെ രക്ഷിക്കുന്ന ഈശോയെ നിന്നെ ഞങ്ങൾ വണങ്ങി ആരാധിക്കുന്നു. (അവൾ മുട്ടിന്മേൽ വീഴുന്നു) (യോഹന്നാൻ എഴുന്നേററു യൌസേപ്പിന്റെ പക്കൽ പോകുന്നു.)

യോഹന്നാൻ— അവളെ ഉണർത്തി സംഗതികൾ അവളോടു പറയേണ്ടയോ? അദ്ദേഹം ഈ വഴിക്കു വരുന്നുണ്ടെന്നും അദ്ദേഹത്തിന്റെ അവസാനം അടുത്തുവെന്നും അവൾ അറിയേണ്ടതല്ലയോ?

യൌസേപ്പ്— അവൾ എല്ലാം അറിയുന്നുണ്ട്. തോട്ടത്തിൽവെച്ചുള്ള അദ്ദേഹത്തിന്റെ മരണവേദനയും, കൽത്തൂണിൽകെട്ടിയുള്ള ഭയങ്കരചമ്മട്ടിഅടികളും, കന്നത്തടിയും, തലയിൽ മുൾമുടി ധരിപ്പിച്ചതും, പരിഹാസരാജാവാക്കി വാഴിച്ചതും, കുരിശു ചുമത്തിയതും എല്ലാം അവൾ അറിയുന്നുണ്ട്. കൽവാരിമലയിലേക്കുള്ള യാത്രയിൽ അവൾ അദ്ദേഹത്തെ അനുഗമിക്കതന്നെ ചെയ്യുന്നു.

എസ്തേർ— യഥാസ്ഥിതിയിൽ അവൾ ഇരുന്നുകൊള്ളട്ടെ. അവളുടെ ശക്തിക്ഷയിച്ചു അവൾ മരിക്കാതിരിക്കുവാൻ ദൈവത്തോടു പ്രാർത്ഥിപ്പാൻ മാത്രമെ നമുക്കു സാധിക്കയുള്ളു.

(എല്ലാവരും പ. മറിയത്തെ നോക്കിക്കൊണ്ടു മുട്ടുകുത്തിനില്ക്കുന്നു. കുറെ കഴിഞ്ഞപ്പോൾ അവളുടെ ശരീരം വിറയ്ക്കുന്നു. അവൾ മുറിയിൽ ചുററുംനോക്കിയിട്ടു സാവധാനത്തിൽ എഴുന്നേററു വലത്തുവശത്തുള്ള വാതില്ക്കലേക്കു മൂന്നുനാലു അടിവെക്കുന്നു. യോഹന്നാൻ പതുക്കെ അവളുടെതോളിന്മേൽ തൊടുന്നു.)

യോഹന്നാൻ— നാഥെ! അവിടുന്നു അദ്ദേഹത്തിന്റെ എതിരെ പോവുകയാണൊ. (പ. മറിയം അവളുടെ തല കുനിഞ്ഞുവളരെ സാവധാനത്തിൽ വലത്തുവശത്തുകൂടെ പുറത്തേക്കുപോകുന്നു. എസ്തേറും വെറോനിക്കായും ഒഴികെയുള്ളവരെല്ലാം അനുഗമിക്കുന്നു. എസ്തേർ വലത്തുവശത്തുള്ളവാതലിനു അഭിമുഖമായിമുട്ടിന്മേൽ വീഴുന്നു. വെറോനിക്കാ വാതലിന്റെ ഇടത്തുവശത്തുചെന്നു പുറത്തേക്കു നോക്കുന്നു. വലത്തുവശത്തുള്ളആരവം വർദ്ധിച്ചുവരുന്നു. അല്പനേരത്തെ മൌനശേഷം ക്ഷോഭിച്ച സ്വരത്തിൽ അവൾ നിലവിളിച്ചു പറയുന്നു.)

വെറോനിക്കാ— ആ! കണ്ടാലും അമ്മേ കണ്ടാലും! അദ്ദേഹം ഇതാ അവിടെ ഉണ്ടു്— (ചൂണ്ടിക്കാണിക്കുന്നു) അമ്മേ ഇതാ അദ്ദേഹം അവിടെയുണ്ടു്. ജനത്തിൻെറ മദ്ധ്യേ അതാ ഈശോ! . . . . കുരിശിൻെറ ഭാരത്തിൻകീഴ് അദ്ദേഹം കുനിഞ്ഞുപോകുന്നതിനെ കണ്ടോ? നോക്കിക്കേ അമ്മേ നോക്കിക്കേ . . . .അദ്ദേഹം വേയ്ക്കുന്നു . . . . അതാ കല്ലിന്മേൽ തട്ടി കവിഴുന്നു വീഴുന്നു . . . . ഹ! . . . . അയ്യോ . . . . എൻെറ ദൈവമെ! എനിക്കു നോക്കുവാൻ പാടില്ല . . . . അയ്യോ ഇതു എങ്ങിനെ കണ്ടുനില്ക്കും? (അവൾ രംഗത്തുനിന്നു താഴെ ഇറങ്ങി മുഖം കൈകൾകൊണ്ടു മൂടി മുട്ടുകുത്തി നില്ക്കുന്നു.)

എസ്തേർ— (എഴുന്നേററു വാതിൽക്കൽ പോയി പുറത്തേക്കു നോക്കുന്നു—താമസിയാതെ) ഹാ! അദ്ദേഹത്തിൻെറ അമ്മ ഇതാ. . . . അവൾ അദ്ദേഹത്തിൻെറ പക്കലേക്കു അടുത്തു ചെല്ലുന്നു. ശതാധിപൻ ജനമദ്ധ്യേ അവൾക്കു ഒരു വഴി തെളിച്ചുകൊടുക്കുന്നു. . . . ഈശോ നില്ക്കുന്നു..,.. അദ്ദേഹം തൻെറ അമ്മയുടെനേരെ നോക്കുന്നതിനു ശ്രമിക്കുന്നു. എന്നാൽ തൻെറ കണ്ണിൽ വീഴുന്ന രക്തവും വിയപ്പുംകൊണ്ടു അവളെ കാണുന്നതിനു അദ്ദേഹത്തിനു സാധിക്കുന്നില്ല. ഓ സങ്കടം! ഹാ ദുഃഖം!

വെറോനിക്കാ — (എണീററുകൊണ്ടു) ഞാൻ ചെന്നു അദ്ദേഹത്തിൻെറ തിരുമുഖം തുടക്കട്ടെ. (അവൾ ധൃതിയിൽ പുറത്തേക്കു പോകുന്നവഴി തലയിൽ നിന്നു വെള്ളമൂടുപടം കയ്യിലെടുക്കുന്നു. ഇതിനിടയ്ക്കു സ്വരമെല്ലാം ശാന്തമാകുന്നു. അപ്പോൾ)

ഈശോ— യെറുശലേം പുത്രികളെ! എന്നെക്കുറിച്ചു നിങ്ങൾ കരയേണ്ടാ– പിന്നയൊ നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുവിൻ.

(ആരവം വീണ്ടും തുടങ്ങുന്നു. വാതിലിനുമീതെ കുരിശിൻെറ മേൽഭാഗം കാണപ്പെടുന്നു. ജനക്കൂട്ടം കടന്നുപോകയിൽ ആരവം വൎദ്ധിക്കുന്നു. വളരെ സാവധാന

ത്തിൽ അതു കേറംക്കാതെയാകുന്നു. ഇതിനിടക്കു വെറോനിക്കാ തിരികെ വരുന്നു. അവളുടെ മൂട്ടപടത്തിൽ പതിഞ്ഞിരിക്കുന്ന ഈശോയുടെ തിരുമുഖത്തിൻെറ ഛായ അവറം കുറെ നേരം നോക്കിയശേഷം അവളുടെ അമ്മയെ കാണിക്കുന്നു. ആശ്ചൎയ്യത്തോടും വണക്കത്തോടും അവറം അതിൻെറ മുമ്പാകെ മുട്ടുകുത്തുന്നു. സദസ്യരും യാദൃശ്ചികമായി പടം കാണുന്നതിനിടയാകുന്നു.)

തിരശ്ശീല.

രംഗം ൩.

[സീൻ മൂന്നാം അങ്കം ഒന്നാം രംഗംപോലെ— തിരശ്ശീല ഉയരുമ്പോറം നാലു റോമൻ പടയാളികറം വാതലിൻെറ ഇരുഭാഗത്തുമായി കാവൽ നില്ക്കുന്നു.താമസിയാതെ ഒരു ദൂതൻ ഇടത്തുവശത്തുകൂടെ പ്രവേശിക്കുന്നു.]

ദൂതൻ— (അടുത്തുനില്ക്കുന്ന കാവൽക്കാരനോടു) ഗ്ലീലായുടെ രാജാവായ ഹേറോദേസിൻെറ ഒരു ദൂതനാണു ഞാൻ. പീലാത്തോസുമായി കൂടിക്കാഴ്ച നടത്തുന്നതിനു അദ്ദേഹം ആഗ്രഹിക്കുന്നു. ഇപ്പോറം സൌകൎയ്യമുണ്ടോ എന്നു അറിയണം. [കാവൽക്കാരൻ പോയി പീലാത്തോസിനോടുകൂടെ തിരികെ വരുന്നു.]

പീലാത്തോസു— ഹേറോദേസിൻെറ ദൂതൻ താനാണൊ?

ദൂതൻ— അതെ; യജമാനനെ! അങ്ങെ സന്ദൎശിക്കുന്നതിനു അദ്ദേഹം ആഗ്രഹിക്കുന്നു.

പീലാത്തോസു— വളരെ സന്തോഷം. ഞാൻ അദ്ദേഹത്തെ കാത്തിരിക്കുന്നുവെന്നു അറിയിക്കണം. [ദൂതൻ പോകുന്നു.] ഹേറോദേസു സന്ദൎശിക്കുവാൻ വരുന്നുവത്രെ! വിചിത്രം തന്നെ. ഈ മൈത്രി ഒക്കെയും കാണിക്കുന്നതിൻെറ അൎത്ഥമെന്താണാവൊ...... ഇതു സാക്ഷാൽ മൈ

ത്രി തന്നെയൊ. [ഹേറോദേസു ഇടത്തുവശത്തു നിന്നു പ്രവേശിക്കുന്നു.]

ഹേറോദേസ്– മഹാനായ കേസർ ചക്രവത്തിയുടെ ഉപരാജാവെ! പീലാത്തോസെ? അങ്ങേക്കു സ്വസ്തി.

പീലാത്തോസു– ഗ്ലീലായുടെ രാജാവായ ഹേറോദേസു രാജാവെ! അങ്ങേക്കു സവ്വമംഗളങ്ങളും.

ഹേറോദേസ് – വിസ്താരത്തിനായി ഗ്ലീലായക്കാരൻ ഈശോയെ നമ്മുടെ പക്കൽ അയച്ചതിൽ അവിടുന്നു പ്രദശിപ്പിച്ച ബഹുമാനമയ്യാദകൾക്കു അങ്ങേക്കു നന്ദി പറയുന്നതിനായിട്ടാണു നാം ഇത്രടം വന്നത്. വാസ്തവത്തിൽ നമുക്കു വളരെ സന്തോഷമായി. വളരെനാളായി ഞാൻ അവനെക്കാണുന്നതിനാഗ്രഹിച്ചിരിക്കയായിരുന്നു. നേരംപോക്കിനായിപല ആശ്ചയ്യപ്രവൃത്തികളും കാണാമെന്നാണു നാം കരുതിയതു്. പക്ഷെ അവനൊരു ഭോഷനാണ്. ഒരു മതഭ്രാന്തൻ– ഞാൻ വളരെ സംഗതികൾ അവനോടു ചോദിച്ചു. അവനു മനസ്സിലായോ എന്തൊ? ഉത്തരമൊന്നും പറഞ്ഞില്ല.

പീലാ:– അവനോടു പിന്നെ അങ്ങു എന്തുചെയ്തു.

ഹേറോദേസു– എന്തു ചെയ്യാനാണു? ഞാൻ അവനെ ഒരു വെള്ളഅങ്കി ധരിപ്പിച്ചു. ഭോഷനു ഭോഷന്റെ വസ്ത്രമല്ലേ വേണ്ടതു? എന്റെ അരമനവാസികൾക്കു കുറെനേരത്തേക്കു അവൻ ഒരു നേരംപോക്കായിരുന്നു. ഹാ– ഹാ– ഹാ–

പീലാത്തോസു– എങ്കിലും . . . അയാൾ . . . ഒരു അസാധാരണമനുഷ്യനാണു. എന്തൊ ഒരു വിശേഷത അവനിൽ ഉണ്ടു്.

ഹേറോദേസു– അങ്ങിനെ ആണോ അവിടത്തേക്കു തോന്നുന്നതു? കൊള്ളാം . . . പക്ഷെ . . . എനിക്കു അവനെക്കൊണ്ടു യാതൊരു ഉപകാരവും ഉണ്ടായില്ല. അതുകൊണ്ടു ഞാൻ അവനെ ഇങ്ങോട്ടു തിരികെ അയച്ചു. അവന്റെ കാര്യംഎങ്ങിനെ ആയി?

പീലാത്തോസു— ഈ യൂദന്മാർ അവൻെറ മരണം കൊണ്ടല്ലാതെ തൃപ്തിപ്പെട്ടുകയില്ലെന്നായി. അവനെ കുരിശിൽ തറച്ചു കൊല്ലണമെന്നു തന്നെ അവരുടെ നിർബന്ധം. അവരുടെ ആഗ്രഹം നിറവേറി. ഈ ജനം വലിയ വിഷമക്കാരാണു. (ആകാശം ഇരുണ്ടുതുടങ്ങുന്നു)

ഹേറോദേസു— പാവം— ഭോഷൻ— അയാളെ അത്ര കഥവെക്കാനില്ലായിരുന്നു. എങ്കിലും അയാൾ ഒഴിഞ്ഞു പോയതു നന്നായി. ഇങ്ങിനെ ഉള്ളവരെ ചിലപ്പോൾ ഭയപ്പെടണം . . . കുഴപ്പമുണ്ടാക്കാൻ മതി. നാളെ അവൻെറ കാൎയ്യം എല്ലാവരും മറക്കും. . . പക്ഷെ പീലാത്തോസെ നാം തമ്മിൽ മൈത്രി ഉണ്ടാകുന്നതിനു അവൻ ഉപകരിച്ചു. ഹാ— ഹാ— ഹാ— വിസ്മയം തന്നെ. ലോകത്തിലുണ്ടാകുന്നപല വലിയ സംഭവങ്ങളും ഇങ്ങിനെ നിസ്സാരകാൎയ്യങ്ങൾ മൂലം നടക്കാറുണ്ടു്. (ചുററും നോക്കുന്നു.) ഇരുട്ടു വല്ലാതെ വൎദ്ധിക്കുന്നല്ലോ.

പീലാത്തോസു— ഇപ്പോൾ മദ്ധ്യാഹ്നസമയമാണല്ലൊ. ഇതു എന്തൊരു ആശ്ചൎയ്യം!

ഹേറോദേസു— ഇതു വലിയ ഒരു ദുർലക്ഷണമാണ്. വല്ല കൊടുങ്കാററും വരാൻ പോകുന്നൊ— എന്നാലിപ്പോൾ പീലാത്തോസെ— ഉപരാജാവേ! സ്നേഹിതാ ഞാൻ പോകട്ടെ.

പീലാത്തോസു— ഹേറോദേസെ! ഗ്ലീലായുടെ രാജാവെ! സ്നേഹിതാ അങ്ങേക്കു നമസ്കാരം. സകലവും ശുഭമായി ഭവിക്കട്ടെ. [കാവൽക്കാരോടു] ഗ്ലീലായുടെ മഹാരാജാവിനു അകമ്പടിയായി പോകുവിൻ. [സേവകർ ഇടത്തുവശത്തുകൂടി മുമ്പെ പോകുന്നു. ഹേറോദേസു പീലാത്തോസിനു തലകുനിഞ്ഞു അഭിവാദ്യം ചെയ്തു പിരിയുന്നു. പീലാത്തോസു തനിച്ചാകുന്നു. ആകാശം കുറേക്കൂടെ ഇരുളുന്നു.]

പീലാത്തോസു— (മുകളിലേക്കും ചുററും നോക്കുന്നു.) അതെ— ഈ അന്ധകാരം ഒരു ദുർലക്ഷണം തന്നെ.

എന്താണൊ സംഭവിക്കുവാൻ പോകുന്നത്? .... ഹേറോദേസും പീലാത്തോസും സ്നേഹിതന്മാർ. കൊള്ളാം. റോമിൽ ഇതറിയുമ്പോൾ അവർ എന്തു വിചാരിക്കും. ആ പാവപ്പെട്ട മനുഷ്യൻെറ മരണംമൂലം റോമ്മായുടെ ശക്തി പലസ്തീനായിൽ പ്രബലപ്പെട്ടമെങ്കിൽ അതു ഒരു ആശ്ചര്യം തന്നെ...... ആ വരുന്നതാരാണ്? [പ്രോക്കുളാ വലത്തുവശത്തു നിന്നു പ്രവേശിക്കുന്നു. അവൾ നിന്നു പീലാത്തോസിനെ സൂക്ഷിച്ചു നോക്കുന്നു.] (മനസുഖമില്ലാതെ) പ്രൊക്കുളായെ! പ്രിയപത്നി! എന്താണിതു? വീട്ടിൽനിന്നു പുറത്തുപോകരുതെന്നു ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നില്ലെ. സമയം വല്ലാത്തതാണ്. ജനങ്ങൾ ക്ഷോഭിച്ചിരിക്കുന്നു.

പ്രോക്കുളാ— (മനഃക്ഷോഭത്തോടെ) അതു എനിക്കറിയാം. സമയം വല്ലാത്തതാണ്. ശരിതന്നെ. പക്ഷെ നിങ്ങളെക്കുറിച്ചുള്ള എൻെറ ഭയം എന്നെ ഭ്രാന്തിയാക്കിയിരിക്കുന്നു. [ഇരുട്ടു വർദ്ധിക്കുന്നു.] വീട്ടിനകത്തു തനിച്ചിരിക്കുന്നതിന്നു ഞാൻ ഭയന്നു. ഭയങ്കര വിചാരങ്ങളെല്ലാം എന്നെ ബാധിച്ചു. ഏതൊ ഒരു ഭയങ്കര സംഭവം ആകാശമണ്ഡലത്തിൽ പ്രതിബിംബിക്കുന്നു. അതു പകലിനെ ഇരുട്ടാക്കുകയും മനസ്സിനെ ഞെരുക്കുകയും ചെയ്യുന്നു. ഓ എൻെറ പ്രാണനാഥാ അങ്ങേക്കു യാതൊരു ഉപദ്രവവും നേരിടാതിരിപ്പാൻ ദേവന്മാർ ഇടയാക്കട്ടെ. ഈ ദുർഘടഘട്ടത്തിൽ സകല ദുഷ്പ്രവൃത്തിയിൽ നിന്നും അങ്ങേകാക്കട്ടെ...... [അവൾ യാചനാഭാവത്തിൽ അവൻെറ നേരെ നോക്കുന്നു. അവൻ മുഖം തിരിച്ചു നില്ക്കുന്നു.] ഹേറോദേസു അങ്ങേ കാണുന്നതിന്നായി ഇവിടെ വന്നിരുന്നില്ലെ? അയാളുടെ സന്ദർശനം ഒരിക്കലും ശുഭസൂചകമല്ല. ഈ പകൽ സമയം രാത്രിപോലെ ആയി തീൎന്നതു അയാളുടെ സാന്നിദ്ധ്യംമൂലം ആയിരിക്കണം. [നിൎത്തീട്ടു] ഇന്നത്തെ അസാധാരണ അട്ടഹാസവും കൂക്കുവിളിയുമെല്ലാം ഉണ്ടാകാൻ കാരണമെന്തു?

പീലാത്തോസ്— ഇന്ന യൂദന്മാരുടെ പെസഹാതിരുനാളല്ലെ? ഓരോ തിരുനാളുകൾ സമീപിക്കുമ്പോൾ അവരുടെ സമ്പ്രദായം ഇങ്ങനെയാണല്ലൊ. അവരുടെ ദൈവത്തിൻെറ നല്ല നല്ല വാഗ്ദാനങ്ങൾ അവർ എപ്പോഴും സ്മരിക്കുന്നുണ്ട്. അവ നിറവേറിക്കാണാത്തതിനാൽ അവർ കോപിക്കുന്നതാണ്.

പ്രോക്കുളാ— അങ്ങേക്കു എൻെറ ദൂതു കിട്ടിയൊ?

പീലാത്തോസ്- (ദേഷ്യഭാവത്തിൽ) ഞാൻ ന്യായാസനത്തിന്മേലിരിക്കുമ്പോളാണു നിൻെറ ദൂതൻെറ വരവ്. അല്ലയോ പ്രോക്കുളാ! നീ എന്നെ ഒരു ഭോഷനാക്കുകയല്ലേ ചെയ്തതു്. ഒരു റോമൻ ഗവർണ്ണർ ഒരു അബലയുടെ സ്വപ്നങ്ങളെ കേട്ടു ഇളകുകയോ? നിൻെറ ദൂതൻ വന്നു "പീലാത്തോസെ! അങ്ങയോടു ഇപ്രകാരം പറവാൻ അങ്ങേ ഭാര്യ എന്നെ അയച്ചിരിക്കുന്നു. ആ നീതിമാൻെറ കാര്യത്തിൽ അങ്ങു പ്രവേശിക്കരുതു്. എന്തെന്നാൽ അയാളെക്കുറിച്ചു ഇന്നു പല സംഗതികളും ഞാൻ സ്വപ്നത്തിൽ സഹിക്കേണ്ടിവന്നു" എന്നു പറഞ്ഞു. യൂദന്മാർ ഇതുകേട്ടപ്പോൾ നരികളെപ്പോലെ ക്രുകിക്കളഞ്ഞു. നിൻെറ അവിവേകത്തിൻെറ ഫലം കണ്ടോ.

പ്രോക്കുളാ— അവിവേകമൊ? ആയിരിക്കാം. പക്ഷെ അങ്ങേ നേരെയുള്ള സ്നേഹവും ആ ഈശോയുടെ നേരെയുള്ള വണക്കവും ആണു എന്നെ പ്രേരിപ്പിച്ചതു്. അല്ലയോ പീലാത്തോസെ! എൻെറ സ്വപ്നത്തിലെ വിചാരങ്ങൾ വീണ്ടും എന്നെ അസ്വസ്ഥയാക്കുന്നു. ആ മഹാത്മാവിനു എന്തുസംഭവിച്ചു. അങ്ങു അദ്ദേഹത്തോടു വല്ലതും ചെയ്തോ?

പീലാത്തോസ് — . . . ഞാൻ . . . ഞാൻ അയാളെ കൽത്തൂണിൽകെട്ടി . . . . അടിപ്പിച്ചു.

പ്രോക്കുളാ— (ഭയംമൂലം അവനിൽനിന്നു ഞെട്ടി അകലുന്നു) അദ്ദേഹത്തെ . . . അടിപ്പിച്ചു . . . എന്തിന്?

അയ്യോ, എന്തിന്? ഇത്രനിഷ്കളങ്കനായ ഒരാളെ ഇത്ര ലജ്ജാവഹമായ ഒരു ശിക്ഷ ഏല്പിച്ചോ? ഹാ കഷ്ടം.

പീലാത്തോസു— അവൻ ദൈവദൂഷണം പറയുകയും ദൈവപുത്രൻ എന്നു തന്നെത്താൻ പ്രസ്താപിക്കയും ചെയ്തുവെന്നു യൂദന്മാർ അവൻെറമേൽ കുററാരോപണം ചെയ്തു. റോമ്മായുടെയും കേസറിൻെറയും ശത്രുവുമാണവൻ.

പ്രോക്കളാ— അതൊന്നുമിനിക്കറിയണ്ടാ. അദ്ദേഹം ഇപ്പോൾ എവിടെയാണെന്നു പറയുമോ?

പീലാത്തോസു— അവർ . . . അവർ . . . അവനെ കൽവാറിമലയിലേക്കുകൊണ്ടുപോയി.

പ്രോക്കള— കൽവാറിമലയിലേക്കൊ . . . കൽവാറിമലയിലേക്കോ? എന്തിന്? (യാചനാഭാവത്തിൽ) പീലാത്തോസെ! എൻെറ പ്രാണനാഥാ കൊല്ലാനല്ലല്ലൊ? (അവൻെറ തോളിന്മേൽ കൈവെക്കുന്നു.) കൊല്ലുവാനല്ലെന്നു . . . . എന്നോട് പറയുക.

(പീലാത്തോസു മുഖംതിരിച്ചു മൌനമായി നില്ക്കുന്നു. പ്രോക്കുളാ അവനെ ഭയാക്രാന്തയായി നോക്കിക്കൊണ്ടു അവനിൽനിന്നു മാറിപ്പോകുന്നു. കുറേനേരം മൌനമായിരിക്കുന്നു. പിന്നീടു വീണ്ടും അവനെ സമീപിക്കുന്നു.)

പ്രോക്കുളാ— ഇല്ല. അതു വരികയില്ല . . . ഇത്ര വലിയ അപരാധമോ. ആ മഹാത്മാവിനെ കൊല്ലുകയൊ ഈശോ എത്ര നല്ലവൻ. എത്രയോ ശാന്തൻ.

പീലാത്തോസു— (മുഖം തിരിച്ചിട്ട്) കുരിശിൽ തറച്ചുകൊല്ലുന്നതിനു.

പ്രോക്കുളാ— (ഒരു ദിർഘശ്വാസം അവളെ വിറപ്പിക്കുന്നു. ശാന്തമായശേഷം കാര്യംതിന്നു . . . (ഉച്ചസ്വരത്തിൽ) ഹാ! ഗ്ലീലായക്കാരാ, അങ്ങു വിജയിആയി ഭവിച്ചിരിക്കുന്നു. അങ്ങേ മരണം ലോകത്തിനു ജീവൻ.

പീലാത്തോസു— (കോപത്തോടെ) ഇതെന്തൊരു വിഡ്ഢിത്വമാണ്. യൂദന്മാരുടെ മതഭ്രാന്തു നിൻെറ രക്തത്തിലും പ്രവേശിച്ചോ.

പ്രോക്കളാ— (സ്വപ്നത്തിൽ എന്നപോലെ) ഇപ്പോൾ എനിക്ക എല്ലാം മനസ്സിലാകുന്നു. ശരീരമാകുന്ന പാറാവിൽനിന്ന മരണം മൂലം അദ്ദേഹത്തിൻെറ ആത്മാവ് സ്വതന്ത്രമാക്കപ്പെട്ടുന്നു. ഇനിമേൽ നസ്രസ്സിലെ ഈശോയുടെ ആത്മാവ് ലോകമെങ്ങും സ്വഛന്ദം സഞ്ചരിച്ച് മനുഷ്യഹൃദയങ്ങളെ ഭരിച്ചു നടത്തും— അദ്ദേഹത്തിൻെറ തിരുനാമം ശ്രവിക്കുന്ന മാത്രയിൽ രാജാക്കന്മാർ പോലും മുട്ടുകുത്തി വണങ്ങുന്ന നാഴികവരും. (ഇരുട്ട വദ്ധിക്കുന്നു. അവൾ മുട്ടുകുത്തി കൈകൾ നീട്ടിപിടിച്ചു വലിയ സ്വരത്തിൽ) യൂദന്മാരുടെ രാജാവെ സ്വസ്തി. മിശിഹാരാജാവെ! വാഴുക.

പീലാത്തോസു- (കോപിച്ചുകൊണ്ട) പ്രോക്കളാ! നിനക്ക ഭ്രാന്തു പിടിച്ചോ. ഇപ്രകാരം മുട്ടിന്മേൽ നിന്നുകൊണ്ടും ഇതെ വാക്കുകൾ ഉച്ചരിച്ചും ആണ ആ ലഹളക്കാർ ന്യായാസനമണ്ഡപത്തിൽവെച്ചു അവനെ പരിഹസിച്ചതു. (ഭയപ്പെട്ടത്തിക്കൊണ്ടു അവൻ അവളെ സമീപിക്കുന്നു. അവളൊ എന്നാൽ ദൂരത്തിൽ കൽവാരിയെ നോക്കിക്കൊണ്ടു മുട്ടുകുത്തിനില്ക്കുന്നു. ഇരുട്ട പിന്നെയും വദ്ധിക്കുന്നു. പീലാത്തോസു അവളിൽനിന്ന കുറെ അടികൾ പിന്മ്പോട്ടു മാറിഅവളെ നോക്കിനില്ക്കുന്നു.)

പ്രൊക്കളാ— നമ്മുടെ മഹാ പാതകത്തെക്കുറിച്ചുള്ള വെറുപ്പു നിമിത്തം പകൽ ഒളിച്ചുപോയിരിക്കുന്നു. മയ്യുള്ള അന്ധകാരം വ്യാപിച്ചു അദ്ദേഹത്തിൻെറ ലജ്ജയെ മറയ്ക്കുന്നു. അദ്ദേഹത്തിൻെറ മരണത്തിൽ പ്രപഞ്ചത്തിനുള്ള ദുഃഖം കാണിക്കുന്നതിനായി ഇതാ സവ്വത്ര ഇരുൾ വ്യാപിച്ചിരിക്കുന്നു.

(ഇരുട്ട കുറേശ്ശെ മാറിവരുന്നു. അതിൻെറ ലക്ഷണമായി ചുവന്ന രേഖകൾ കാണപ്പെടുന്നു. മുട്ടുകുത്തി നിന്നിരുന്ന പ്രൊക്കളാ എഴുന്നേല്ക്കുന്നു.)

എനിക്ക ഒരു സ്വപ്നമുണ്ടായി. ഞാൻ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ഞാൻ ഉണന്നപ്പോൾ ആൾസഞ്ചാരമി

ല്ലാത്ത ഒരു വിസ്താരമായ വനാന്തരത്തിൽ എന്റെ ആത്മാവു അലഞ്ഞുനടക്കുന്നതായി തോന്നി. അപ്പോളിതാ രണ്ടുപേർ അവിടെ കാണപ്പെട്ടു. അതിൽ ഒന്നു ഈശോ ആണെന്നു ആകാശത്തിലേക്കു ഉയർത്തിയിരുന്ന അദ്ദേഹത്തിന്റെ മുഖഭാവംകൊണ്ടു എനിക്കു മനസ്സിലായി. അപരൻ (അവൾ കുനിഞ്ഞുനിന്നു സർവാംഗം വിറയ്ക്കുന്നു) അപരൻ... കയ്യിൽ ഒരു വാള് പിടിച്ചിരുന്നു. ചുററുമുണ്ടായിരുന്ന ഭൂമി പിളർന്നു ഭയങ്കരരൂപങ്ങൾ... പാപത്തിന്റെയും ദുഷ്ടതയുടെയും രൂപങ്ങൾ ... ഭൂമിക്കുള്ളിൽ നിന്നു പുറപ്പെട്ടു ഈ രണ്ടാളുകളോടു സമീപിച്ചു അവരെ ചുററി വളഞ്ഞു... ഭയാനകമായ ആ നിശബ്ദത മാറി ആ വികൃതരൂപങ്ങളിൽനിന്നു അങ്ങുമിങ്ങും ചില സ്വരങ്ങൾ പുറപ്പെട്ടു തുടങ്ങി. അതു വർദ്ധിച്ചു വലിയ അട്ടഹാസമായി തീർന്നു. അപ്പോൾ ഞാൻ കേട്ടു ... (വെറുപ്പുനിമിത്തം അവൾ മുഖം മൂടിനില്ക്കുന്നു.)

പീലാത്തോസു– (ആഗ്രഹത്തോടെ) അതെ, അതെ, നീ കേട്ടു. എന്താണു കേട്ടതു്?

പ്രോക്കുളാ– (മുഖത്തുനിന്നു കൈമാററീട്ടു) അവനെ വെട്ടിക്കൊല്ലുക... അവനെ വെട്ടിക്കൊല്ലുക എന്നു ആ ഭയങ്കരരൂപങ്ങൾ നിലവിളിച്ചു പറഞ്ഞു.

പീലാത്തോസു— (ആഗ്രഹത്തോടെ) ആ വാളു പിടിച്ചിരുന്നവനോടാണൊ? അവൻ ആരാണു്?

പ്രോക്കുളാ— [ക്ഷോഭിച്ചു വലിയ സ്വരത്തിൽ] പീലാത്തോസെ! പീലാത്തോസെ! വെട്ടുക. നീ അവനെ വെട്ടുക. എന്നു അവർ നിലവിളിച്ചുപറഞ്ഞു. [ഭയന്നുരണ്ടുപേരും ഞെട്ടിമാറുന്നു. കുറെ നേരത്തേക്കു വലിയ മൌനം.]

പീലാത്തോസ്– [പതറിയ സ്വരത്തിൽ] എന്നിട്ടു പിന്നെ എന്തു സംഭവിച്ചു?

പ്രോക്കുളാ– ഓ! ഇനി എനിക്കു പറവാൻ സാധിക്കയില്ല. നിങ്ങൾക്കും എനിക്കും മനോപീഡ ഉണ്ടാകാതിരിക്കട്ടെ.

പീലാത്തോസ്— [ക്രോധഭാവത്തിൽ] നിൻെറ സ്വപ്നം പറഞ്ഞു അവസാനിപ്പിക്കുക.

പ്രോക്കുളാ— ...... നിങ്ങളുടെ വാള് ഉറയിൽ ഇട്ടിട്ട ഓടിക്കളയുവാൻ നിങ്ങൾ ശ്രമിച്ചു. പക്ഷെ ......

പീലാത്തോസ്— ഉവ്വ്, ശ്രമിച്ചു ഉവ്വ്.

പ്രോക്കുളാ— പക്ഷെ ആ വികൃതരൂപങ്ങൾ നിങ്ങളെ കുറേക്കൂടെ അദ്ദേഹത്തോട്ട അടുപ്പിച്ചു. അവരുടെ അട്ടഹാസസ്വരം ഉയന്നു "പീലാത്തോസെ അവനെ വെട്ടുക. ഞങ്ങൾക്ക് സാധിക്കയില്ല. നിനക്കു അതു സാധിക്കും. പാപം ഞങ്ങളുടെതാണ്. നിൻെറതല്ലാ. ഞങ്ങളാണു കൊലപാതകർ—നീ അല്ലാ—പാപമാണു അദ്ദേഹത്തെ കൊല്ലുന്നതു്— നീതിയല്ലാ"— എന്നു അവർ പറഞ്ഞു. [മനഃക്ഷോഭം നിമിത്തം കൈകൊണ്ടു അവൾ മുഖം മറയ്ക്കുന്നു.]

പീലാത്തോസ്— എൻെറ പ്രിയതമേ! നിൻെറ സ്വപ്നം അവസാനിപ്പിക്കുക.

പ്രോക്കുളാ— അപ്പോൾ പീലാത്തോസെ! നീ വെട്ടുകതന്നെ ചെയ്തു.... അദ്ദേഹം വീണു .,.. സവ്വത്ര അന്ധകാരം വ്യാപിച്ചു. എല്ലാം നിശ്ശബ്ദമായി. രക്തമൊലിക്കുന്ന വാളും പിടിച്ചു നീ തനിയെ അവിടെ നിന്നിരുന്നു.... ദൈവം മരിച്ചതുപോലെയും സ്വർഗ്ഗം വിജനമായതുപോലെയും ഭൂമി അധഃപതിച്ചതുപോലെയും തോന്നി. എൻെറ ആത്മാവ് അവസാനമായി ഒന്നു ഞരക്കിക്കൊണ്ടു ഭയന്നു ഓടിപ്പൊയ്ക്കളഞ്ഞു. ആ വിജനപ്രദേശത്തു നിങ്ങൾ മാത്രം ശേഷിച്ചു.

പീലാത്തോസ്— (ക്രൂരഭാവത്തിൽ) എന്നിട്ടു— പിന്നെ.

പ്രോക്കുളാ— എന്നിട്ടു—പിന്നെ. പീലാത്തോസ്... എൻെറ ഭത്താവു... ജീവനെ കൊന്നുവെന്നു എനിക്കു മനസ്സിലായി. [ഇടിയും മിന്നലും. പിന്നെ മൌനം.]

പീലാത്തോസ്— (ശാന്തത പ്രാപിച്ചിട്ടു) എൻെറ

പ്രിയതമെ! നീ വളരെ സഹിച്ചു. എന്നാൽ നിൻെറ പാടുകൾ അദ്ദേഹത്തിൻെറതിനോടുകൂടെ അവസാനിച്ചു. എൻേറതു ആരംഭിക്കുന്നതേയുള്ളു. . . . . ഇനി നീ പോകുക. എൻെറ പ്രിയതമെ! നീ അകത്തു പോയി ആശ്വസിക്കുക. കഴിവുള്ള വേഗത്തിൽ ഞാനും വന്നുകൊള്ളാം. (പ്രോക്കുളാ വലത്തുവശത്തുകൂടെ പുറത്തേക്കു പോകുന്നു.)

പീലാത്തോസ്— (തനിച്ചു) പീലാത്തോസു ജീവനെ കൊന്നിരിക്കുന്നു. ദേവന്മാരാണ്. അവളുടെവാക്കുകൾ ശരിയാണ്. ലോകം മുഴുവൻ എന്നെ പരിത്യജിച്ചിരിക്കുന്നു. (ഇടിയും മിന്നലും . . . . പിന്നെ മൌനം.)

ആ നല്ല മനുഷ്യൻെറ മരണത്തെ പ്രതിഷേധിച്ചു ആകാശങ്ങൾപോലും ഭയങ്കരസ്വരങ്ങൾ പുറപ്പെടുവിക്കുന്നു. (ഇടിയും മിന്നലും)

(വലിയ സ്വരത്തിൽ) കാവൽ പടയാളികൾ! നിങ്ങൾ എവിടെയാണ്?

(മൂന്നു നാലു പടയാളികൾ പ്രവേശിക്കുന്നു. അവരും വല്ലാതെ ഇളകിയിരിക്കുന്നു.)

ഈ മനുഷ്യർക്കെല്ലാം എന്തു പററി? ഇതു സാധാരണ ഭയമൊന്നുമല്ലല്ലൊ. ഇവരെ വല്ല മന്ത്രവാദവും ബാധിച്ചിരിക്കുന്നൊ. (ചുവപ്പുരേഖകൾ മാറി വെള്ളവീശി തുടങ്ങുന്നു.)

ഒന്നാം പടയാളി— അന്തരീക്ഷം തന്നെ സഹിക്കവെയ്യാ. ഭൂമി പാദത്തിൻെറ കീഴെനിന്നു മാറിപ്പോകുന്നു.

പീലാത്തോസു— വെളിയിൽ എന്തൊക്കെയാണു സംഭവങ്ങൾ?

രണ്ടാമത്തെ പടയാളി— ഗാഗുൽത്തായിൽനിന്നു ജനങ്ങൾ ഭയന്നുവിറച്ചുകൊണ്ടു "മലകളെ ഞങ്ങളുടെമേൽ വീഴുവിൻ. കുന്നുകളെ ഞങ്ങളെ മറപ്പിൻ" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു തിരിച്ചുപോരുന്നു.

മൂന്നാമൻ— ശവക്കല്ലറകൾ വായ് തുറന്നു മരിച്ചവരെ പുറത്തേയ്ക്കു കക്കുന്നു.

നാലാമൻ— ശവങ്ങൾ അവയുടെ കെട്ടുകൾ പൊട്ടിച്ചു ഇതാ തെരുവീഥികളിൽക്കൂടെ നടക്കുന്നു. ദേവാലയത്തിൻെറ തിരശ്ശീല രണ്ടായി പിളൎന്നുപോയി.

പീലാത്തോസ്— ലൊങ്കീഃനാസ് എവിടെ? പോയി വിളിച്ചുകൊണ്ടു വരുവിൻ. (ഒന്നു രണ്ടു പടയാളികളോടുകൂടെ ലൊങ്കീനോസ് പ്രവേശിക്കുന്നു. പ്രകാശം വൎദ്ധിക്കുന്നു.)

ആ! ലൊങ്കീനോസെ! നിങ്ങൾ വന്നോ? വളരെ നന്നായി. ഈ സംഭവങ്ങളെല്ലാം എന്താണ്. ഉണ്ടായതെല്ലാം എന്നോടു പറയുക.

ലൊങ്കീനോസു— (പതറിയ സ്വരത്തിൽ) യജമാനനെ എന്നാൽ സാദ്ധ്യമല്ല. ദുഃഖപൂൎണ്ണമായ ഈ വൎത്തമാനം വിവരിക്കുന്നതിന് എൻെറ നാവിനു വാക്കുകളില്ല.

പീലാത്തോസ്— (അയാളുടെ നേരെ തുറിച്ചു നോക്കീട്ടു) ലൊങ്കീനോസെ! നീ വല്ല ഭൂതത്തെയും കണ്ടോ?

ലൊങ്കീനോസ്— (വളരെ സാവധാനത്തിൽ) ഭൂമിയെ പിളൎക്കുകയും സസ്യാദികളെ ഉണക്കിക്കളയുകയും ചെയ്യുന്ന ഒരു മിന്നൽ ആകാശത്തിൽനിന്നു വീഴുന്നതു ഞാൻ കണ്ടു . . . അയാളുടെ കുരിശിൻെറ ഭാരത്താൽ ലോകത്തിൻെറ ചങ്കു പൊട്ടുന്നതു ഞാൻ കേട്ടു.

പീലാത്തോസ്— (ഭയം നിറഞ്ഞ സ്വരത്തിൽ) പക്ഷെ....ആ ഈശോ....അയാളെക്കുറിച്ചു എന്നോടു പറയുക. (അരിമത്തായക്കാരൻ യൌസേപ്പും നിക്കേദേമ്മോസും മറിയം മഗ്ദലേനായും ദുഃഖത്താൽ കുനിഞ്ഞു ഇടത്തുവശത്തുകൂടെ പ്രവേശിക്കുന്നതിനെ അവൻ കാണുന്നു.)ഹാ! അരിമത്തായക്കാരൻ യൌസേപ്പേ! നിങ്ങൾ ഇവിടെയുണ്ടോ? സംഭവങ്ങളെല്ലാം ചുരുക്കമായി എന്നോടു പറയുക.

യൌസേപ്പു— (വണക്കത്തോടെ സാവധാനത്തിൽ അവർ ഈശോയുടെ തോളിൽ കുരിശു വെച്ചു. അദ്ദേഹം

അതു വഹിച്ചുകൊണ്ടു യാത്ര ആരംഭിച്ചു. ഈശോയെക്കുറിച്ചു ദുഃഖിച്ചും പ്രലപിച്ചും കുറെ പുരുഷന്മാരും സ്ത്രീകളും അദ്ദേഹത്തിൻെറ പിന്നാലെ പോയിരുന്നു. എന്നാൽ മഹാ ഭൂരിപക്ഷം ജനങ്ങൾ കൌതുകത്തെക്കുറിച്ചും ഒരു വലിയ കൂട്ടം അദ്ദേഹത്തെ ആക്ഷേപിച്ചും നടന്നിരുന്നു. കാൽവറി എന്ന സ്ഥലത്തു ചെന്നെത്തിയപ്പോൾ അവർ അദ്ദേഹത്തിൻെറ വസ്ത്രം ഉരിഞ്ഞശേഷം കുരിശിനോടു ചേർത്തു ഇരുമ്പാണികളാൽ തറച്ചു. പിന്നീടു ആകാശത്തിനും ഭൂമിക്കും മദ്ധ്യേ അവർ ആ കുരിശു ഉയർത്തി സ്ഥാപിച്ചു. കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടു ഈശോ ഇങ്ങനെ നിലവിളിച്ചു പറഞ്ഞു. "പിതാവെ! ഇവരോടു നീ ക്ഷമിക്കണമെ. എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല" വഴിയിൽക്കൂടെ കടന്നുപോയിരുന്നവർഅദ്ദേഹത്തെ ആക്ഷേപിച്ചിരുന്നു. മൂപ്പന്മാരും പ്രധാനാചാര്യന്മാരും അദ്ദേഹത്തെ നോക്കി "അവൻ മററുള്ളവരെ രക്ഷിച്ചു. സ്വയം രക്ഷിക്കുന്നതിനു അവനു സാധിക്കുന്നില്ല" എന്നു പറഞ്ഞു പരിഹസിച്ചിരുന്നു. ഭൂമി മുഴുവനിലുംഅന്ധകാരം വ്യാപിച്ചു. ഒമ്പതാംമണിയോടെ ഈശോ ഉച്ചസ്വരത്തിൽ നിലവിളിച്ചുപറഞ്ഞു. "എൻെറ ദൈവമെ! എൻെറ ദൈവമെ! നീ എന്തുകൊണ്ടു എന്നെ ഉപേക്ഷിച്ചു." അദ്ദേഹത്തോടുകൂടെ കുരിശിൽ തറക്കപ്പെട്ട കള്ളന്മാരിൽ ഒരുവൻ അദ്ദേഹത്തെ നിന്ദിച്ചിരുന്നു. എന്നാൽ മററവൻ പറഞ്ഞു "കർത്താവെ! നിൻെറ രാജ്യത്തിൽ നീ ചെല്ലുമ്പോൾ എന്നെ ഓർക്കണമെ." ഈശോ അവനോടു "ഇന്നുതന്നെ നീ എന്നോടുകൂടെ പറുദീസായിലിരിക്കും" എന്നു പറഞ്ഞു. പിന്നീടു ഉച്ചസ്വരത്തിൽ ഈശോ നിലവിളിച്ചു പറഞ്ഞു. "പിതാവെ! അങ്ങേ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു." അതിൻെറശേഷം അദ്ദേഹത്തിൻെറ തല കുനിഞ്ഞു മരണം പ്രാപിച്ചു.

പീലാത്തോസ് – (അല്പനേരംതാമസിച്ചിട്ട്) അപ്പോ

ൾം അയാൾം മരിച്ചു അല്ലേ . . .അയാൾം . . . അയാൾം കു റെനേരംകൂടെ ജീവിക്കേണ്ടതായിരുന്നു.

ലൊങ്കീനോസ്— (വളരെ സാവധാനത്തിൽ) കുറെ നേരംകൂടെയൊ? . . . ആ! യജമാനനെ! ആ ന്യായാസന മണ്ഡപത്തിൽവെച്ചു അവർ അയാളെ അടിച്ചപ്പോഴും മു ൾംമുടി ധരിപ്പിച്ചപ്പോഴും അയാൾം മരിക്കേണ്ടവനായിരു ന്നു. രക്തം ധാരയായി ഒലിപ്പിച്ചുകൊണ്ടു അദ്ദേഹം കാ ൽവറിയിലേക്കു പോകയിൽ, വെച്ചു ഓരോ അടിക്കും അ യാൾം മരണവേദനതന്നെ അനുഭവിച്ചിരുന്നു. കുരിശിന്മേ ൽവച്ചു അവസാനതുള്ളിവരെ രക്തം ചിന്തുകയിൽ അദ്ദേ ഹത്തിൻെറ ആത്മാവിനെ ശരീരത്തോടു യോജിപ്പിച്ചു നിർത്തിയിരുന്നതു അദ്ദേഹത്തിൻെറ മനഃശക്തി ഒന്നുമാത്ര മാണ്.

പീലാത്തോസ്— ലൊങ്കീനോസെ! നിങ്ങൾം വല്ലാ തെ ഇളകിപ്പോയിട്ടുണ്ട്. പേടിച്ചു വിറയ്ക്കുന്ന ഒരു ബാലി കയെപ്പോലെ നിങ്ങളുടെ മനസ്സു ഇളകിയിരിക്കുന്നു.

ലൊങ്കീനോസ്— (സാവധാനത്തിൽ) മദ്ധ്യാഹ്നസൂ ര്യൻ ഇരുളുന്നു. ചവുട്ടി നില്ക്കുന്ന ഭൂമി ഭയന്നു ഞെട്ടുന്നു. ദുഃഖംനിമിത്തം പാറകൾം പിളരുന്നു. മനുഷ്യഹൃദയം ഇ ളകുന്നില്ലെങ്കിൽ . . . . .

പീലാത്തോസ്— പ്രേതങ്ങളായും . . . . ഇതാ ഇ പ്പോൾം ലൊങ്കിനോസും. . . . ആകാശത്തിൽ വ്യാപി ച്ചിരിക്കുന്ന ഭ്രാന്തുകാററു ഇവരുടെ തലച്ചോറിനെ ഉണ ക്കികളഞ്ഞിരിക്കുന്നു. എൻെറ ബോധം നേരെ നിർത്താൻ ഞാൻ ശ്രമിക്കണം . . . ഓ റോമ്മാ എത്ര വിദൂരമായിരി ക്കുന്നു.

ലൊങ്കീനോസ്— യജമാനനെ ഇയ്യാൾം നിശ്ചയമാ യും ദൈവപുത്രനായിരുന്നു.

പീലാത്തോസ്— ദൈവത്തിൻെറ പുത്രനോ? യൌ സേപ്പേ! നിങ്ങൾം അയാളുടെ മാതാവിനെയും ബന്ധുമി ത്രങ്ങളേയും കണ്ടിട്ടില്ലെ. . . . അവക്കഎന്തു സംഭവിച്ചു.

യൌസേപ്പ്— ഈശോയുടെ അമ്മയും അവളുടെ സഹോദരി ക്ലെയോപ്പാ മറിയവും കുരിശിന്റെ ചുവട്ടിൽ നിന്നിരുന്നു. ഈശോ തന്റെ അമ്മയേയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനേയും കണ്ടപ്പോൾ തന്റെ അമ്മയോടു "സ്ത്രീയെ! ഇതാ നിന്റെ മകൻ" എന്നു പറഞ്ഞു. പിന്നീടു ശിഷ്യനോടു "ഇതാ നിന്റെ അമ്മ" എന്നും പറഞ്ഞു... പീലാത്തോസെ! ആ സാധുവിയെക്കുറിച്ചു ഈശോയുടെ മുറിവുനിറഞ്ഞ ശരീരം സംസ്ക്കരിക്കുന്നതിനായി എന്നെ ഏല്പിക്കണമെ. ഇതുനല്ല രണ്ടു കള്ളന്മാരോടു കൂടെ ഒരേ കുഴിയിൽ അടക്കപ്പെടുന്നതു ശരിയല്ല.

നിക്കോദേമോസ്— അതെ പീലാത്തോസെ! അയാളുടെ ശരീരം അവമാനിക്കപ്പെടുന്നതിനു അനുവദിക്കരുതെ— ഒരു ഉണ്ണി ആയിരുന്നപ്പോൾ അയാൾ കിടന്ന അയാളുടെ അമ്മയുടെ മടിയിൽ ഒരിക്കൽ കൂടെ ഞങ്ങൾ കിടത്തിക്കൊള്ളട്ടെ.

പീലാത്തോസ്— അയാളുടെ ശരീരത്തെ നിങ്ങൾ ബഹുമാനിച്ചാൽ അദ്ദേഹത്തിന്റെ ശത്രുക്കൾ കല്ലറവരെയും കൂടെ വരും.

മഗ്ദലേന— പീലാത്തോസെ! ഞാൻ നിങ്ങളുടെ മുമ്പാകെ മുട്ടുകുത്തുന്നു. ഇതിനെക്കാൾ വലിയ ഒരു ദാനം തരുവാൻ നിങ്ങൾക്കു സാധിക്കയില്ല. ഒരു ജാതിഭ്രഷ്ടനെപ്പോലെ അദ്ദേഹത്തെ ഒരു കള്ളന്റെ കുഴിമാടത്തിൽ ഇടരുതേ. യൂദർക്കും റോമ്മാക്കാർക്കും ഒരുപോലെ ഈ പട്ടണം മുഴുവനിലും അറിയപ്പെട്ടിട്ടുള്ള മഗ്ദലേനാ മറിയമാണു ഞാൻ. കുഷ്ഠരോഗിയുടെ സ്പർശനം മനുഷ്യശരീരങ്ങളിൽ വിഷം വ്യാപിപ്പിക്കുന്നതുപോലെ എന്റെ നേത്രങ്ങൾ യെറുശലേത്തിന്റെ തെരുവീഥികളിൽ വെച്ചു മനുഷ്യാത്മാക്കളിൽ പാപവിഷം പ്രവേശിപ്പിച്ചിട്ടുണ്ട്. ഈശോ എന്റെ ഘോരപാപങ്ങളിൽ നിന്നു എന്നെ ശുദ്ധീകരിച്ചു. അശുദ്ധ കുഴിയിൽ നിന്നു അദ്ദേഹം എന്നെ ഉയർത്തി. അദ്ദേഹത്തിന്റെ സ്നേഹമണ്ഡലത്തിൽ നക്ഷത്രംപോലെ

തിളങ്ങുന്നവളായി എന്നെ സ്ഥാപിച്ചു. ക്ഷീണിച്ചിരിക്കുന്ന ആ പാദങ്ങളെ എന്റെ കണ്ണുനീരുകൊണ്ടു ഒരിക്കൽ കൂടി കഴുകി എന്റെ തലമുടികൊണ്ടു ഞാൻ തുടയ്ക്കട്ടെ. ആ മുറിവേല്പിക്കപ്പെട്ട കരങ്ങളെ അവസാനമായി ഒന്നുകൂടി ചുംബിച്ചു എന്റെ അധരങ്ങളെ ഞാൻ പാവനമാക്കട്ടെ.

പീലാത്തോസു— ....അപ്രകാരം ആവാം. ലൊങ്കീനോസെ! അയാളുടെ വിശ്വസ്തസ്നേഹിതരായ ഇവൎക്കു അയാളുടെ ശരീരം കൊടുക്കുന്നതിനു വേണ്ട ഏൎപ്പാടു ചെയ്യു.

തിരശ്ശീല.

പ്രദർശനം.

(നാടകത്തട്ടിന്റെ നടുവിലായി ഒരു കുരിശു നാട്ടണം. ചുററുകച്ച അതിന്മേൽ ഇടണം. കുരിശിന്റെ ചുററുമായി പ. കന്യകമറിയം, ക്ലെയൊപ്പമറിയം, മഗ്ദലേനാമറിയം, എസ്തേർ, വെറോനിക്കാ, ശിഷ്യനായ യോഹന്നാൻ, അറിമത്തായക്കാരൻ യൌസേപ്പു, നിക്കൊദേമ്മോസു, ലൊങ്കീനോസു, റോമൻ പടയാളികൾ എന്നിവർ നില്ക്കുന്നു. "സ്ലീവാമ്ഹയിമ്മനാ" എന്ന പാട്ടുപാടി അവസാനിപ്പിക്കണം.)

Appendix. I. ഓശാന.
II. സ്ലീവാ മ്ഹയിമ്മനാ.
III. അമ്മാനാ.
IV. ക്രൂശിതനായ ഈശോയുടെ സമ്മാനം.

അനുബന്ധം.

ഗീതങ്ങൾ.

I.

ഓശാനാ.

(മേരി എത്രമോദം എന്ന മട്ട്.)

1 ഓശാന ഈശോനാഥന്ന് ക്രിസ്തുരാജാവിന്ന്
ഓശാന ദാവീദിൻ പുത്രനായ രാജാവിന്ന്.

ഓശാന പാടിയെതിരേല്ക്കാം
ഓശാന പാടീടാം മോദാൽ

2 എബ്രായബാലന്മാർ പാടും ഗാനങ്ങളോടൊത്ത്
സ്വർഗ്ഗീയസൈന്യങ്ങൾ കൂട്ടം മേളങ്ങളോടൊത്ത്
(ഓശാന)

3 പൈതൽക്കുലം നിന്റെ നാമം പാടിസ്തുതിക്കുന്നു
ശ്രോതാക്കളിലത്യാശ്ചര്യംചേർത്തീടുന്നീഗാനം.(ഓശാ.

4 കർത്താവിൻ നാമധേയത്തിലാഗതനായുള്ള
ക്രീസ്തുരാജൻ രാജരാജൻ നിത്യം ജയിയ്ക്കട്ടെ. (ഓശാന)

5 പച്ചോലകൾ കൈയിലേന്തി പന്തിനിരന്നിട്ട്
മെച്ചമേറുംഗാനംനമുക്കങ്ങേയ്ക്കായി പാടാം.(ഓശാന)

6 നവ്യഗാനം ദിവ്യഗാനം പാവനമാംഗാനം
വാനോർപാടും നിത്യസ്നേഹഗാനംമോദാൽപാടാം.
(ഓശാന)

7 ആരാധ്യനാം രാജാവിന്നായോശാന പാടുന്നേൻ.
മേരിസുതനീശോയിയ്ക്കായോശാനപാടുന്നേൻ (ഓശാ.)

II.

സ്ളീവാ മ് ഹയിമ്മനാ.

(യേശുവിൻെറ ഹൃദയമെ എന്ന മട്ട്.)

ഏശുവേ നിൻക്രൂശിനെ ഞാൻ
താണുകുപ്പുന്നേൻ.

1 ഈ വിശുദ്ധ സ്ലീവായാലേ സർവ്വലോകവും
ദിവ്യമായോരാനന്ദത്തേ
കൈവരിച്ചല്ലാ ഏശുവേ.

2 രക്ഷണീയമാ മരമേ! ദിവ്യസ്ലീവായേ!
ശ്രേഷ്ഠമായ നിൻെറനാമം
കീർത്തനീയമാം. ഏശുവേ.

3 ഇത്രമേന്മയേറിടുന്ന പാവനവൃക്ഷം
പാർത്തലത്തിലെങ്ങുമില്ല
വിണ്ടലത്തിലും. ഏശുവേ.

4 നിത്യജീവദായകമാം സൽഫലങ്ങളെ
മർത്ത്യനേകിടുന്ന നിന്നെ
വാഴ്ത്തിടുന്നു ഞാൻ. ഏശുവേ.

5 പാടുക നീയെൻെറ നാവേ! നിത്യകാലവും
പാവനമാം കുരിശിൻെറ
ജയഘോഷത്തെ. ഏശുവേ.

6 മരത്താലെ വന്നുചേർന്ന നാശമാകവേ
മരത്താലെ തീർത്തിടാനായ്
ജാതമായി നീ. ഏശുവേ.

7 രക്ഷണീയപൂജയ്ക്കുള്ള പീഠമായേവം
രക്ഷിതാവു നിശ്ചയിച്ച
വൃക്ഷമേ നിന്നെ. ഏശുവേ.

8 പൂർവ്വസർപ്പം കൗശലത്താൽ ചേർത്തനാശത്തെ
ദൈവപുത്രൻ കൗശലത്താൽ
തീർത്തുവേണ്ടപോൽ. ഏശുവേ.

9 മർത്ത്യവേഷം പൂണ്ടുദൈവം ഭൂമിയിൽവന്നു
മർത്ത്യരേ താൻ നീതിയാകും
വാൾധരിപ്പിച്ചു. ഏശുവേ.

10 ഉന്നതരിലുന്നതൻ താനേററവും താണു
കന്നിമേരിതൻ കരത്തിൽ
പൈതലായ് വാണു. ഏശുവേ.

11 കാലികൾക്കുള്ളാലയത്തിൽ ജാതനായൊരീ
ബാലനല്ലോ രാജരാജൻ
ലോകരക്ഷകൻ. ഏശുവേ.

12 ദൈവികത്വം മാനുഷത്വം രണ്ടുമൊന്നുപോൽ
ഈശോശുവിൽ ഭേദമെന്യേ
ചേർന്നിരിയ്ക്കുന്നു. ഏശുവേ.

13 മർത്ത്യവേഷധാരിയായൊരീശിശുതന്നെ
നിത്യപൂജാവസ്തുവായ
ദിവ്യ കുഞ്ഞാട്. ഏശുവേ.

14 നിർദ്ധനനായ്താൻവളർന്നു നേരമായപ്പോൾ
നിന്ദിതനായ്താൻ മരിച്ചു
ക്രൂശിതനായി. ഏശുവേ.

15 തൻെറ തിരുച്ചോരയാലെ സർവ്വലോകവും
വേണ്ടപോലെ പാവനമായ്
ശോഭിതമായി. ഏശുവേ.

16 രക്ഷണീയവേലകൾക്കു ഭാഗഭാക്കായ
വൃക്ഷമേ! ഹാ! വൻകുരിശേ!
നീജയിക്കുക. ഏശുവേ.

17 യേശുവിൻെറ ഹൃദയത്തിന്നന്തർഭാഗത്തെ
ദർശിച്ചൊരുശൂലമേ! ഹാ!
നീ ജയിക്കുക. യേശുവേ.

18 ഭംഗമെന്യേ രക്ഷകൻെറ കാൽകരങ്ങളെ
താങ്ങിനിന്നൊരാണികളും
വിജയിക്കുക. യേശുവേ.

19 കുരിശോടു കൂടിതൻെറ തിരുമേനിയെ
വഹിച്ചൊരുകാൽവരിയും
വിജയിക്കുക. യേശുവേ.

20 ഉന്നതനാം പിതാവിന്നും സ്നേഹപുത്രന്നും
ധന്യനായ റൂഹായ്ക്കും
പാടുകസ്തോത്രം. യേശുവേ.

III.

God of Mercy എന്ന മട്ട്. അമ്മാനം.

1 എൻജനമെ! നിനക്കനിഷ്ടമായി എന്തുചെയ്തു
എന്തുഖേദം ഞാൻനിനക്ക്—ചേർത്തതെന്നുമോതുക.
ഈജിപ്തിൽനിന്നാത്തമോദംനിന്നെഞാൻവീണ്ടെടുത്തു,
എങ്കിലുംനിൻ—രക്ഷനാഥ—നായ് നീയോക്രൂശൊരുക്കി.

2 ദിവസേനഞാൻ നാല്പതബ്ദം— ഭീതിയെന്യേ നയിച്ചു
വാനവഭോജനമേകി— നിന്നെഞാൻ പോഷിപ്പിച്ചു
സംശുദ്ധന്മാർ—വാണദേശേ—നിന്നെഞാൻവസിപ്പിച്ചു
നിൻെറരക്ഷ—നാഥനോനീ—ക്രൂശ് മരണമൊരുക്കി.

3 എന്തുചെയ്യാനുണ്ടിതിൽപ—രം നിനക്കുവേണ്ടിഞാൻ.
എന്തുമാത്രംകഷ്ടതകൾ—ഞാൻനിനക്കായ് സഹിച്ചു.

4 ഏററമേററം ഭംഗിയോലും—തോട്ടമാക്കി—നിന്നെഞാൻ
നട്ടെങ്കിലും—നീയെനിക്കു—കൈപ്പുപാരം—വളത്തി

[ക്ഷിച്ചു
നിൻെറരക്ഷ–യോത്തുഞാൻമെ–സ്രേൻജനത്തെ ശി–
ആദ്യജാത–ബാലരെയെൻ– കോപവാൾ–സംഹരിച്ചു.

5 താവകപൈതങ്ങളെഞാൻ–പ്രീതിപൂർവ്വം രക്ഷിച്ചു.
എങ്കിലും നീ നിന്ദിച്ചുതാ–ഡിച്ചുമെന്നെ ഹിംസിച്ചു
അത്ഭുതത്താൽ–നിന്നെ മെസ്രേൻദാസ്യത്തിൽ നി–
ന്നകററി.
താഴ്ത്തിഞാൻര–ഥങ്ങളുംപ–റവോനേയും ആഴിയിൽ.

6 എൻജനമേ! എന്നെനീയോ–യൂദഃമൽപ്പട്ടക്കാക്കും
യൂദമേധാവികൾക്കുമായ്–നന്ദിയില്ലാതേൾപ്പിച്ചു
നിൻെറരക്ഷയ്ക്കായ് നിൻമുമ്പിൽ–സാഗരംഞാൻ
തുറന്നു
നിന്നെഞാൻവ–രണ്ടഭൂമി–തന്നിൽ–മോദാൽ നടത്തി.

7 എങ്കിലുമെൻജീവൻവേർപെ–ട്ടിട്ടുമെൻെറ വക്ഷസ്സും
ശങ്കയെന്യേകുത്തിനീപി–ളന്നതെത്രകഠിനം
മേഘത്തൂൺ ഞാൻ–നാട്ടിനിൻെറ–മുന്നിൽനിൻനേർ–
വഴിയ്ക്കായ്
എന്നെനീന്യാ–യാസനത്തിൻ–മുമ്പിൽ–ബന്ധിച്ചേൽ
പ്പിച്ചു.

8 കാനനെഞാൻനിന്നെമന്നാ–കൊണ്ടു സംപൂർണ്ണനാക്കി
എന്നെ നീ ചമ്മട്ടിയടി–കൾക്കുമായ് കയ്യാളിച്ചു
ദാഹശാന്തിക്കായ് ജലംഞാൻ–ശൈലഭേദം ചെയ്തേകി
മാധുര്യംതേ–ഞാനരുളി–നീയെനിക്കോ–കൈപ്പേകി.

9 നിൻെറമുൻപിൽക്നാനായിൽഭൂ–പാലരെ ഞാൻ
ശിക്ഷിച്ചു
എൻശിരസ്സിൽഞാങ്കണയാൽ–നീയടിച്ചുംനിന്ദിച്ചു
രാജചെങ്കോൽ–നിങ്കൽഞാൻകൈ–യ്യേൽപിച്ചുത–
ന്നെങ്കിൽ
നിൻെറമാതാ–വെൻശിരസ്സിൽ–മുൾമുടിധ–രിപ്പിച്ചു.

10 ജാതികൾക്കിടയിൽനിന്നെ—അത്ഭുതംചെയ്തയത്തി
എന്നെയോനീനിഷ്ഠുരമായ്—ക്രൂശിൽതച്ചുമയത്തി
എൻജനമേ! ഞാൻനിനക്ക—നിഷ്ടമായെ—ന്തുചെയ്തു
എന്തുഖേദം—ഞാൻനിനക്ക—ചേർത്തതെന്നു—മോതുക.

IV.

ക്രൂശിതനായ ഈശോയുടെ സമാഹ്വാനം.

(ദേവേശാ! ഏശുപരാ! എന്ന മട്ട്.)

1 എന്മകനെ! പൊന്മകനെ!
കണ്മണിയേ! തേറുക നീ
ഗാഗുൽത്താമലമുകളിൽ
വന്നുനിന്റെ രക്ഷകനെകാണുകനീ.

2 ആണികളാൽസ്ലീവായിൽ
പാണികളും പാദങ്ങളും
നിർദ്ദയമായ്തറയ്ക്കപ്പെട്ടു
നഗ്നനായ് ഞാൻതൂങ്ങിടുന്നു. (കാണുകനീ)

3 ഘോരമായോരടികളാലേ
കീറിയെന്റെ മാംസമെല്ലാം
ഭീകരമാം മുൾക്കിരീടം
വേദനിപ്പിച്ചീടുന്നെന്റെ ശിരസ്സിനേയും.

4 വിണ്ണിലുള്ളഭൃത്യർപോലും
കണ്ണുയർത്തിനോക്കിടാത്ത
ദിവ്യമായോരെന്മുഖത്തെ
നീചനേകൻഉമിനീരാലശുദ്ധമാക്കി.

5 അത്രയല്ല സേവകനും
മാർദ്ദവമില്ലാത്ത കൈയാൽ

എൻമുഖത്തിലാഞ്ഞടിച്ചു
ചിന്മയനാമെന്നെയവർ പരിഹസിച്ചു.

6 മൂന്നുലകും സൃഷ്ടിചെയ്തു
ഇന്നുമെന്നും പോററിടുന്ന
ഉന്നതനാമെന്നെയവർ
മന്നിലേയ്ക്കും ഭോഷനെന്നു വിളിച്ചു കഷ്ടം!

7 എന്തിനേറെയെന്മകനെ!
ഞാൻപെടാത്ത പീഡയുണ്ടോ!
വന്നുകണ്ടു വിശ്വസിക്ക
നിൻെറപാപജീവിതത്തെ പരിത്യജിക്ക.

8 പാപികളെ വീണ്ടുകൊൾവാൻ
പാപികളിൽപാപിയായ് ഞാൻ
ഈമരത്തിലീവിധത്തിൽ
തൂങ്ങിടുന്നകാഴ്ചകണ്ടു കരയുക നീ.

9 എൻെറമാനം എൻെറകീർത്തി
ദേഹവുമെൻ ജീവനെയും
നന്ദിയററ പാപികൾക്കായ്
സംത്യജിച്ചു സ്വർഗ്ഗവാതിൽ തുറന്നിടാനായ്.

10 നിർധനരിൽനിർധനൻ ഞാൻ
തലചായ്പാനില്ലൊരേടം
നഗ്നവേഷം ചൂടിടുവാൻ
വസ്ത്രഖണ്ഡംപോലുമില്ല കാൺകപാപി!

11 സന്തപിയ്ക്കു നിൻെറ പാപ-
ജീവിതത്തെയോർത്തുമേന്മേൽ
ചങ്കുരുകി കേണിടുക
എൻകുരിശിനന്തികത്തിലണഞ്ഞിടുക.

12 നിൻെറപാപമലിനതകൾ
എൻെറ ചോരയാൽ കഴുകി

മാറിടത്തിൽ ചേർത്തണച്ചു
ക്രൂറെഴുന്നതാതനേപ്പോൽ തഴുകിടാം ഞാൻ.

13 പിന്തിരിഞ്ഞുവന്നിടുന്ന
ധൂർത്തനായപുത്രനേയും
അന്തരംഗമൈത്രിയോടേ
സന്തതം ഞാൻ സ്വീകരിയ്ക്കും മമഗൃഹത്തിൽ.

14 എന്മകനെ! നീവരിക
പാപവഴിവിട്ടൊഴിക
സ്നേഹവഹ്നിയാളിടുന്ന
എൻഹൃദയം പാപികൾക്കായ് തുറന്നിരിപ്പൂ.

15 നല്ലകള്ളൻ ഏകവാക്കാൽ
സ്വർഗ്ഗരാജ്യം കൈയ്യിലാക്കി
ആവിധത്തിൽ നീയുമിപ്പോൾ
ഏകവാക്കെന്നന്തികത്തിലുണർത്തിടുക.

16 പാപമെല്ലാം ഞാൻ പൊറുക്കാം
ദൈവകോപം ഞാൻ തടുക്കാം
നിത്യഭാഗ്യം തന്നിടാം ഞാൻ
എൻകുരിശിനന്തികേ നീ വരിക വേഗം.

17 എന്മകനെ! പൊന്മകനെ!
കണ്മണിയേ! നീ വരിക
നിന്നെയെൻറയന്തികത്തിൽ!
കണ്ടുതെല്ലൊന്നാശ്വസിപ്പാനിട തരിക.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
16 NOV 93		

DC Library
00003906
T62 P59

T-62
P59

ചിദാനുഭവ നാടകം.

T62
P59

വില ചക്രം ൨.